**നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം.

(i) 2021-ലെ കേരള ധനകാര്യ ബിൽ

(ii) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള ധനകാര്യ ബിൽ ഭൂ നികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുമായും 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-മായും സംയുക്തമായി പരിഗണിക്കുന്നതിലേയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതുമായി ബന്ധപ്പെട്ട

കാര്യങ്ങൾ നേരത്തെ വിശദീകരിച്ചതാണ്. ചർച്ചയുടെ അടിസ്ഥാനത്തിൽ അവസാനം സംസാരിക്കാം.

(i) <u>2021-ലെ കേരള ധനകാര്യ ബിൽ</u>

<u>ശ്രീമതി ദെലീമ</u>: സർ, 2021-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-08-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 2(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, 2021-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 3(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(ii) <u>2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ</u>

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20-08-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ ഇവിടെ അവതരിപ്പിച്ച ഭേദഗതികൾക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ചർച്ചയിൽ പങ്കെടുക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ സമയക്രമം കർശനമായി പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ചർച്ച**

ശ്രീ. മുരളി പെരുനെല്ലി: സർ, 2021-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. നിപ വൈറസ്, ഓഖി ദുരന്തങ്ങൾ, രണ്ട് പ്രളയങ്ങൾ, ലോകമാകെ ആഞ്ഞുവീശിയ കോവിഡ് വൈറസ് എന്നിവയ്ക്കൊന്നും തകർക്കാൻ കഴിയാതെ വളരെ നിശ്ചയദാർഢ്യത്തോടെയും കരുത്തോടെയും മുന്നോട്ട് കുതിച്ച ഇടതുപക്ഷ സർക്കാരിന്റെ തുടർഭരണമാണ് ഇന്ന് കേരളത്തെ നയിക്കുന്നത്. കേരളത്തെ പുനർനിർമ്മിച്ച് ലോകനെറുകയിൽ എത്തിക്കാനാണ് ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷ സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആ പ്രവർത്തനങ്ങൾക്ക് സഹായകരമായ ധനകാര്യ ബില്ലിനെ പിന്തുണയ്ക്കുകയാണ്.

വികസനവും ക്ഷേമവും സുരക്ഷയും കേരളീയ സമൂഹത്തിന്

വേണ്ടുവോളം നൽകിയാണ് ഒന്നാം പിണറായി സർക്കാരിന്റെ തുടർച്ച എന്ന നിലയിൽ ഇടതുപക്ഷ സർക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 2021-22-ലെ ബഡ്ജറ്റ് പുതിയ സർക്കാരിന്റെ സാമ്പത്തിക നയപ്രഖ്യാപനമാണ്. ബഡ്ജറ്റ് അവതരിപ്പിച്ച സന്ദർഭത്തിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വളരെ ശ്രദ്ധേയമായ കാര്യങ്ങളാണ് വ്യക്തമാക്കിയത്. ഇത് തെരഞ്ഞെടുപ്പിനുവേണ്ടിയുള്ള പ്രചരണ പരിപാടിയോ പ്രഖ്യാപനമോ അല്ല. നടപ്പിലാക്കാനുള്ള പരിപാടിയാണ് പ്രഖ്യാപിക്കുന്നത്. എൽ.ഡി.എഫ്. പ്രകടനപത്രികയിൽ ഇത് കൃത്യമായി ആവർത്തിച്ച് പറഞ്ഞിട്ടുമുണ്ട്.

1. സാമൂഹ്യക്ഷേമ നേട്ടങ്ങളെ കൂടുതൽ മികവുറ്റതാക്കുക, കേവല ദാരിദ്ര്യം ഇല്ലാതാക്കുക, ഉപജീവന തൊഴിലുകൾ സൃഷ്ടിക്കുക.
2. പശ്ചാത്തല സൗകര്യമേഖലയിൽ പ്രഖ്യാപിച്ച പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുക.
3. ഇവയുടെ അടിസ്ഥാനത്തിൽ കേരളത്തെ ഒരു വിജ്ഞാന സമ്പദ്ഘടനയായി രൂപാന്തരപ്പെടുത്തുക. അതുവഴി അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുക.

എന്നിവയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചത്.

ആഗോളവൽക്കരണം ഇന്ത്യക്കാരുടെ വരുമാനത്തിന്റെ അസമത്വം വർദ്ധിപ്പിച്ചെന്നുള്ള കാര്യം യാഥാർത്ഥ്യമാണ്. അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞനും നോബൽ സമ്മാന ജേതാവുമായ ഇറിക് മാസ്കിൻ (Eric Maskin) ആണ് ഇതുപറഞ്ഞത്. ആഗോളവൽക്കരണം ഇന്ത്യക്കാരുടെ അസമത്വം വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇന്ത്യയുടെ ആകെ ദേശീയ വരുമാനം ഏകദേശം മൂന്നിരട്ടിയായി. പക്ഷേ, ഇതിന്റെ പ്രയോജനം തൊഴിലാളികൾക്ക് ലഭിച്ചിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. അസമത്വം പരിഹരിക്കാൻ കമ്പോള ശക്തികൾക്കാവില്ലെന്ന് അദ്ദേഹം പറഞ്ഞുവയ്ക്കുകയും ചെയ്തു. ശരിയാണ്, അസമത്വം പരിഹരിക്കാൻ ഒരിക്കലും ഈ ആഗോള മുതലാളിത്ത ശക്തികൾക്ക് കഴിയില്ല. അതിന് ബദൽ നയം വേണം. ആ നയമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. മഹാമാരിയുടെ കെടുതികൾക്കിടയിലും നീതി ആയോഗിന്റെ സുസ്ഥിരവികസന സൂചികയിൽ കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് ഈ ബദൽ നയം വഴിയാണെന്ന് കാണാൻ കഴിയും. ദാരിദ്ര്യ നിർമ്മാർജ്ജനം, ഗുണമേന്മയുള്ള വിദ്യാഭ്യാസം, ലിംഗ സമത്വം, കാലാവസ്ഥാ വ്യതിയാനം നേരിടൽ, ചെലവ്

കുറഞ്ഞതും സുസ്ഥിരവുമായ ഊർജ്ജസ്രോതസ്സുകൾ ഉപയോഗപ്പെടുത്തൽ എന്നിവയുടെ മുന്നേറ്റമാണ് ഈ നേട്ടത്തിന് നിദാനമായതെന്ന് പ്രത്യേകം കാണേണ്ട കാര്യമാണ്. ആരോഗ്യവും ക്ഷേമവും, ക്രമസമാധാനവും നീതിനിർവ്വഹണവും, അസമത്വം കുറയ്ക്കൽ, നഗരവികസനം, വന്യജീവി സംരക്ഷണം എന്നീ മേഖലകളിലും കേരളത്തിന്റെ പ്രകടനം വളരെ മെച്ചപ്പെട്ടതാണെന്നാണ് കാണാൻ കഴിയുക. അതിദാരിദ്ര്യം ഇല്ലാതാക്കുമെന്നത് എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിലെ പ്രധാന വാഗ്ദാനമാണ്. അതിദരിദ്രരെ കണ്ടെത്തി അവർക്ക് വരുമാനം ഉറപ്പാക്കാനുള്ള പദ്ധതി സർക്കാരിപ്പോൾ നടപ്പാക്കുകയാണ്. സമയബന്ധിതമായി സർവ്വേ പൂർത്തീകരിക്കാൻ നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെങ്കിലും മലയാളികളുടെ ദേശീയോത്സവമായ ഓണത്തിന് മുഴുവൻ ആനുകൂല്യങ്ങളും (പെൻഷൻ) നൽകുന്ന സംസ്ഥാനമാണ് മാവേലി മന്നന്റെ ഈ കേരളം. കോവിഡ് പശ്ചാത്തലത്തിലും ക്ഷേമനിധി ബോർഡുവഴി 567.72 കോടി രൂപയുടെ സഹായം നൽകിക്കഴിഞ്ഞിരിക്കുകയാണ്. അധിക തൊഴിലാളികളുടെ ക്ഷേമത്തിനും മറ്റും 'അതിഥി ആപ് ഇവിടെ

നടപ്പാക്കുകയാണ്. ഇത് മറ്റ് സംസ്ഥാനങ്ങളിലൊന്നുമില്ലാത്ത സമ്പ്രദായമാണ്. ധനവർഷത്തിന്റെ തുടക്കത്തിൽത്തന്നെ പദ്ധതി നിർവ്വഹണം നടപ്പിലാക്കാൻ കഴിയത്തക്ക നിലയിൽ തദ്ദേശസ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ 12398.23 കോടി രൂപയാണ് പ്രാദേശിക സർക്കാരുകൾക്കായി ഇപ്പോൾ നീക്കിവച്ചിരിക്കുന്നത്. നൂറ് ദിവസത്തിനുള്ളിൽ ഇരുപത് ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ അടിസ്ഥാനസൗകര്യ-സാമൂഹ്യമേഖലകളിൽ 2464.92 കോടി രൂപയുടെ നിക്ഷേപത്തിനുള്ള ബൃഹത്പദ്ധതി ഇപ്പോൾ നടപ്പാകുകയാണ്. കോവിഡിൽ തകർന്ന സംസ്ഥാനത്തിന് സാമ്പത്തിക ഉത്തേജനവും കൂടുതൽ തൊഴിലവസരവും സൃഷ്ടിക്കുകയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. പ്രതിസന്ധിയിൽനിന്നും സംസ്ഥാനത്തെ രക്ഷിക്കാൻ കേരള മോഡൽ ബദൽ സാമ്പത്തികാസൂത്രണം ശക്തിപ്പെടുത്തുമെന്നും കിഫ്ബിയിൽ വൻവികസന പദ്ധതികൾ തുടരുമെന്നും ധനകാര്യ വകുപ്പുമന്ത്രി തുടക്കത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്. അതിശയകരമായ വികസന പദ്ധതികളാണ് കിഫ്ബിവഴി സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതിന്റെ തുടർച്ചയാണ് രണ്ടാം പിണറായി

സർക്കാർ. കിഫ്ബിവഴി ഇനിയും വലിയ വികസനമുണ്ടാകുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നത് വളരെയധികം സ്വാഗതാർഹമാണ്.

സാമ്പത്തിക മാന്ദ്യവും പ്രകൃതിദുരന്തങ്ങളും തുടർച്ചയായി പെയ്തിറങ്ങുമ്പോൾ വേണമെങ്കിൽ സർക്കാരിന് ചെലവ് ചുരുക്കി മാറിനിൽക്കാൻ കഴിയും. അതാണ് മുൻകാല യു.ഡി.എഫ്. സർക്കാരുകളൊക്കെ ചെയ്തിരുന്നത്. പക്ഷേ ഇടതുപക്ഷ സമീപനം അതല്ല. പ്രതിസന്ധി ഘട്ടങ്ങളിൽ കടമെടുത്തായാലും നാടിനെയും ജനങ്ങളെയും രക്ഷിക്കുക എന്നുള്ളതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയം. ആ നയമാണിവിടെ നടപ്പാക്കുന്നത്. എന്നാൽ യു.ഡി.എഫ്. സമീപനം എന്താണ്? പ്രതിസന്ധി ഘട്ടത്തിലും അവർ ജനങ്ങളെ സഹായിക്കുകയില്ല. ആ ഘട്ടത്തിൽപ്പോലും കൊതുകിന്റെ സ്വഭാവമാണ് യു.ഡി.എഫ്.-ന് കാണിക്കാൻ കഴിയുന്നത്.

"ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും

ചോര തന്നെ കൊതുകിന് കൗതുകം"

എന്നുപറഞ്ഞതുപോലെയാണ്. യു.ഡി.എഫ്. ഭരണകാലത്ത് ഏത് പ്രതിസന്ധി ഘട്ടത്തിലും ജനങ്ങളെ സഹായിക്കുക എന്നുള്ളത് അവരുടെ

പ്രധാന മാർഗ്ഗമല്ലെന്ന് കാണാൻ കഴിയും.

ഊർജ്ജം പല തരത്തിലുണ്ട്. വൈദ്യുതോർജ്ജം, ഗതികോർജ്ജം, താപോർജ്ജം, പ്രകാശോർജ്ജം തുടങ്ങി നാനാതരത്തിലുള്ള ഊർജ്ജമുണ്ട്. സിസ്റ്റത്തിന് എന്തോ കുഴപ്പമുണ്ടെന്നുപറഞ്ഞ് ഇവിടെ സ്ഥിരമായി ചർച്ചകൾ നടന്നുവരികയാണ്. സിസ്റ്റത്തിന്റെ തകരാറിനെ സംബന്ധിച്ച് പ്രതിപക്ഷം ചർച്ച ചെയ്യുന്നതാണ് ഇവിടെ കേൾക്കാൻ കഴിയുന്നത്. ഏതൊരു സിസ്റ്റവും പ്രവർത്തിക്കണമെങ്കിൽ അതിന് ഊർജ്ജം അനിവാര്യമാണെന്നുള്ളത് ശാസ്ത്ര തത്വമാണ്. ഇവിടെ യു.ഡി.എഫ്. എന്ന സിസ്റ്റം പ്രവർത്തിച്ചിരുന്നത് ഏത് ഊർജ്ജത്തിന്റെ പിൻബലത്തിലാണെന്നുള്ളത് നമുക്ക് കൃത്യമായറിയാം. ആ കാലഘട്ടത്തിൽ അക്കാര്യം അങ്ങാടിപ്പാട്ടായിരുന്നു. യു.ഡി.എഫ്. ശാസ്ത്ര ലോകത്തിന് പുതിയൊരു ഊർജ്ജംതന്നെ സംഭാവന ചെയ്തു. അതാണ് സരിതോർജ്ജം. യു.ഡി.എഫ്.-ന്റെ ഇന്ധന ടാങ്കിൽ ഇനിയും ആ ഊർജ്ജം ബാക്കികിടക്കുന്നുവെന്ന തോന്നലുണ്ടാക്കുന്ന വിധത്തിലാണ് അവരുടെ ഓരോ പ്രസംഗങ്ങളുമെന്ന് കാണാൻ കഴിയും. ഇന്ധനം കുറയുന്നുവെന്ന് മാത്രമല്ല സിസ്റ്റത്തിനും തകരാറുകൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. നരേന്ദ്രമോദി സർക്കാരിന്റെ നയംമൂലം

പെട്രോളിന്റെയും ഡീസലിന്റെയും വില ഒന്നായി മാറുകയാണ്. പെട്രോളിന്റെയും ഡീസലിന്റെയും വിലയിൽ മാറ്റമില്ലാതെ ഒരു വിലയിലേയ്ക്ക് മാറുന്ന സന്ദർഭത്തിൽ ഡീസൽ ഒഴിച്ച് പെട്രോൾ വണ്ടിയോ പെട്രോൾ ഒഴിച്ച് ഡീസൽ വണ്ടിയോ ഓടിക്കാൻ കഴിയില്ലെന്ന് നമുക്കറിയാം. ഡീസൽ വണ്ടിക്ക് ഡീസലും പെട്രോൾ വണ്ടിക്ക് പെട്രോളും വേണം. യു.ഡി.എഫ്.-ന്റെ ടാങ്കിലെ ഇന്ധനം മാറാത്ത കാലത്തോളം ഒരുകാരണവശാലും നിങ്ങൾക്ക് ലക്ഷ്യത്തിലേയ്ക്കെത്താൻ കഴിയില്ല. നിങ്ങൾ ലക്ഷ്യത്തിലേയ്ക്ക് എത്തണമെങ്കിൽ നിങ്ങളുടെ ടാങ്കിലെ ഊർജ്ജം മാറ്റിയേ മതിയാകൂ. അതാണ് നിങ്ങളെ ഈ ഘട്ടത്തിലേയ്ക്കെത്തിച്ചിരിക്കുന്നത്. നിങ്ങളുടെ മൈലേജ് കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നല്ലേ ഓരോ കണക്കിലും കാണിക്കുന്നത്. ഓരോന്നിലും മൈലേജ് കുറഞ്ഞുവരുന്നതായാണ് കാണുന്നത്. 2016-ലെ അംഗബലം 49, മൈലേജ് 49 കിലോമീറ്റർ. 2021-ലെ അംഗബലം 41, മൈലേജ് 41 കിലോമീറ്ററായി കുറഞ്ഞു. അടുത്ത തെരഞ്ഞെടുപ്പ് വരുമ്പോൾ വണ്ടി കട്ടപ്പുറത്താകും. ഈ നയവുമായി നിങ്ങൾ മുന്നോട്ടുപോയാൽ പാലാരിവട്ടം പാലം പൊളിച്ച കരിങ്കല്ലുകളാകമാനം ആക്സിലേറ്ററിൽ അമർത്തിവച്ചാലും ഈ വണ്ടി ചലിക്കാൻ കഴിയാത്ത

വിധത്തിൽ കട്ടപ്പുറത്താകുന്ന സ്ഥിതിയിലേയ്ക്ക് പോകുമെന്നാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. ഇവിടെ ഇടതുപക്ഷജനാധിപത്യമുന്നണിയും പ്രവർത്തിക്കുന്നത് ഊർജ്ജത്തിന്റെ പിൻബലത്തിൽ തന്നെയാണ്. അതിൽ യാതൊരു തർക്കവുമില്ല. അത് ഏത് ഊർജ്ജമാണ്; നിങ്ങളുടെ ഊർജ്ജമല്ല. ഇടതുപക്ഷജനാധിപത്യമുന്നണി പ്രവർത്തിക്കുന്നത് കാലങ്ങളായി ഞങ്ങൾക്ക് പിന്തുണ നൽകിവരുന്ന, മുന്നോട്ടുനയിക്കുന്ന ജനങ്ങളാണ്. ഞങ്ങളുടെ സിസ്റ്റം എണ്ണയിട്ട യന്ത്രംപോലെ പ്രവർത്തിക്കുന്നത് ജനകീയോർജ്ജത്തിന്റെ പിൻബലത്തിലാണെന്നകാര്യം നിങ്ങൾ നല്ലതുപോലെ മനസ്സിലാക്കണം. ഇടതുപക്ഷജനാധിപത്യമുന്നണി തുടർച്ചയായി പ്രവർത്തിക്കുന്നത് ആ പിൻബലത്തിലാണ്. ആ ജനകീയ ഊർജ്ജമാണ് ഞങ്ങളുടെ മൈലേജ് കൂട്ടുന്നത്. ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ മൈലേജ് കൂടിവരികയാണ്. യു.ഡി.എഫും ബി.ജെ.പി.-യും വർഗ്ഗീയശക്തികളും തീവ്രവാദ ശക്തികളും പിന്നോട്ടുവലിച്ചിട്ടും ഇടതുപക്ഷജനാധിപത്യമുന്നണി മുന്നോട്ടാണ്. ഇനിയും മുന്നോട്ടാണ് എന്ന കാര്യത്തിൽ തർക്കമില്ല. 2016-ൽ മൈലേജ് 91, 2021-ൽ മൈലേജ്-99 ഈ സർക്കാർ നടപ്പിലാക്കാൻപോകുന്ന അതിവേഗ റെയിൽ പദ്ധതി

പോലെ തന്നെ അടുത്ത തെരഞ്ഞെടുപ്പിൽ 100 - 120 എന്നതിനപ്പുറത്തേയ്ക്ക് ഇടതുപക്ഷജനാധിപത്യമുന്നണിയുടെ മൈലേജ് വർദ്ധിക്കും എന്നകാര്യത്തിൽ ഒരു തർക്കവുമുണ്ടാകേണ്ട കാര്യമില്ല. ആര് എന്ത് എതിർത്താലും അതാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. അപ്പോൾ ആ മൈലേജ് കിട്ടാൻ ഇടതുപക്ഷജനാധിപത്യമുന്നണിയെ മുന്നോട്ടുനയിക്കുന്നത് ജനങ്ങളാണ്. ജനങ്ങൾക്കുവേണ്ടിയാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്. ആ ജനങ്ങൾക്കുവേണ്ടിയാണ് നിരവധി കാര്യങ്ങൾ നടപ്പാക്കുന്നത്. അതുകൊണ്ട് .................മൈക്ക് ഓഫ്................

ഡോ. മാത്യു കുഴൽനാടൻ: സർ, ബഡ്ജറ്റിനെക്കുറിച്ച് ബരാക് ഒബാമ പറഞ്ഞ ഒരു വാചകമുണ്ട്. "A budget is more than just a series of numbers on a page; it is an embodiment of our values" ബഡ്ജറ്റ് എന്നുപറയുന്നത് കേവലം ഒരു കടലാസ്സിലെ സംഖ്യകൾ മാത്രമല്ല; നമ്മുടെ മൂല്യങ്ങളുടേതുകൂടിയാണെന്നാണ് അദ്ദേഹം പറഞ്ഞത്. കേരള സംസ്ഥാനം രൂപീകൃതമായത് മുതൽ ബഡ്ജറ്റുകൾ തയ്യാറാക്കുന്നതിനെ സംബന്ധിച്ച് നമുക്കൊരു കേരള ബഡ്ജറ്റ് മാന്വൽ ഉണ്ട്. അതിലെ പാരഗ്രാഫ് 14 വായിക്കാനിടയായി. അതിൽ പറഞ്ഞിരിക്കുന്നത് "The budget of the

State is based on the departmental estimates submitted by the Heads of Departments and certain other Estimating Officers, which, in turn, are based on the estimates prepared by the Regional/District Officers. The estimates should always receive the careful personal attention of the officers who submit them, who should ensure that they are neither inflated nor underpitched, but as accurate as practicable." ഇതാണ് ബഡ്ജറ്റിനെക്കുറിച്ചുള്ള സങ്കല്പം. ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അവതരിപ്പിച്ച 5 വർഷത്തെ ബഡ്ജറ്റുകളിൽ കേരളത്തിലെ ജനങ്ങളോട് പറഞ്ഞ കണക്ക്, ഇന്ന് ബഡ്ജറ്റ് അവതരിപ്പിച്ച് നിൽക്കുമ്പോൾ ഞാൻ വളരെ സീരിയസ്സായി പറയുന്നു, In every academic circle കേരള ബഡ്ജറ്റിനെ സംബന്ധിച്ച് ട്രസ്റ്റ് ഡെഫിസിറ്റ്, നമ്മൾ പറയുന്ന നമ്പരുകൾ, കണക്കുകൾ വിശ്വാസയോഗ്യമാണോയെന്നുള്ള ചോദ്യം ഉയർന്നുവരികയാണ്. ഞാൻ അതിന് ഒരു ഉദാഹരണം പറയാം. GST വന്നതിനുശേഷം കേരളത്തിന്, കേരളത്തിന്റെ വരുമാനത്തെ സംബന്ധിച്ച് അല്ലെങ്കിൽ നികുതിയെ സംബന്ധിച്ച് ഏറ്റവും കൂടുതൽ ധാരണയുണ്ടാകുന്നത് അവരുടെ ഓൺ ടാക്സ്

റവന്യൂ......അതായത്, സംസ്ഥാനം സ്വന്തമായി പിരിക്കുന്ന നികുതിയെ സംബന്ധിച്ചാണ്. 2017-18-ൽ 53,411 കോടിരൂപ സംസ്ഥാനത്തിന് ലഭിക്കുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. നമുക്ക് ലഭിച്ചത് 46,459 കോടി രൂപ, അത് മനസ്സിലാക്കാം. ഏകദേശം ഏഴായിരം കോടിരൂപയുടെ വ്യത്യാസം. 2018-19-ൽ അദ്ദേഹം 58,588 കോടി രൂപ ലഭിക്കുമെന്ന് പറഞ്ഞു. ലഭിച്ചത് 50,644 കോടി രൂപ മാത്രമാണ്. 2019-2020-ൽ 65,784 കോടിരൂപ ലഭിക്കുമെന്ന് പറഞ്ഞു. ലഭിച്ചത് 50,323 കോടിരൂപ. 2020-21-ൽ അദ്ദേഹം 67,420 കോടിരൂപ ലഭിക്കുമെന്ന് പറഞ്ഞു. ലഭിച്ചത് 45,272 കോടിരൂപ. ഈ അവസാനത്തെ മൂന്നുകണക്കുകളിൽ കേരളത്തിലെ ജനങ്ങൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. ചരിത്രത്തിലാദ്യമായി സംസ്ഥാനത്തിന്റെ ഓൺ ടാക്സ് റവന്യൂ തുടർച്ചയായി മൂന്നുവർഷങ്ങളിൽ താഴോട്ടുപോയിരിക്കുകയാണ്. അതിനുശേഷം 2020-21-ൽ 67,000 കോടിരൂപ കിട്ടുമെന്ന് പറഞ്ഞിട്ട് 45,000 കോടിരൂപ മാത്രം കിട്ടിയെന്നതാണ് യാഥാർത്ഥ്യം എന്നിരിക്കെ, ഒരു മടിയുമില്ലാതെ കഴിഞ്ഞ ബഡ്ജറ്റിൽ അദ്ദേഹം പറഞ്ഞിരിക്കുന്ന എസ്റ്റിമേറ്റ് 73,120 കോടി രൂപയാണ്. അതായത്, ഈ വർഷം മാത്രം 27,848 കോടിരൂപയുടെ

നികുതി വരുമാന വർദ്ധനവ് സംസ്ഥാനത്തിന് മാത്രമുണ്ടാകുമെന്ന് പറയുമ്പോൾ നിങ്ങൾ അത് എവിടെനിന്നാണെന്നും എങ്ങനെയാണെന്നും പറയണം. ഒന്നുകിൽ നിങ്ങൾ നികുതി വർദ്ധിപ്പിച്ചിട്ടുണ്ടാകും. ഇതിനകത്ത് എന്തെങ്കിലും മാജിക് ഉണ്ടോ? അതുകൂടാതെയാണ് പുതിയ ധനകാര്യ വകുപ്പുമന്ത്രി വന്നപ്പോൾ അദ്ദേഹത്തിന്റെ വിഹിതമായി 2,606 കോടി രൂപ കൂട്ടിവച്ചു. ഈ ബഡ്ജറ്റ് ആലോചിച്ചുനോക്കണം. അതായത്, കഴിഞ്ഞ ബഡ്ജറ്റിലെ ഫിസ്കൽ ഡെഫിസിറ്റ് നിൽക്കുന്നത് 4.25-ലാണ്. എന്നിട്ടാണ് ഇത്രയും വലിയ ഓവർ എസ്റ്റിമേഷൻ 73,120 കോടിരൂപ ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്.

തുടർച്ചയായിട്ടുള്ള മൂന്നുവർഷങ്ങളിൽ നമ്മുടെ ഓൺ ടാക്സ് റവന്യൂ താഴോട്ടുപോയിട്ടുണ്ടെങ്കിൽ അതിന് രണ്ട് കാരണങ്ങളുണ്ട്. ഒന്ന്, നികുതി പിരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു അതല്ലെങ്കിൽ നികുതി ഉണ്ടായിട്ടില്ല. ഇതിൽ ഏതാണ് ഇവിടെ സംഭവിച്ചതെന്ന് ജനങ്ങളോട് പറയാനുള്ള ബാദ്ധ്യതയില്ലേ? കേന്ദ്രത്തെ നാഴികയ്ക്ക് നാല്പതുവട്ടം കുറ്റം പറയും. ഞാൻ ഇത് പറയുമ്പോൾ ബി.ജെ.പി.-യെ സപ്പോർട്ട്

ചെയ്യുന്നുവെന്ന് നിങ്ങൾ പറയും. പക്ഷെ, ഇവിടെ ഫാക്ച്വൽ ബെയ്സ്ഡ് ഡിസ്കഷന് സ്കോപ്പില്ലല്ലോ? പക്ഷെ, പറയാതെ പോകാൻ കഴിയില്ല. കഴിഞ്ഞ തവണത്തെ ബഡ്ജറ്റിന്റെ ഫെയ്സ് സേവ് ചെയ്തത് എന്താണെന്ന് അറിയാമോ? കഴിഞ്ഞ ബഡ്ജറ്റിൽ അദ്ദേഹം പറഞ്ഞത്, സെൻട്രൽ ഗ്രാൻഡ്, ഗ്രാൻഡ് ഇൻ-എയ്ഡ്...... കേന്ദ്രസർക്കാർ ഗ്രാന്റായി തരുമെന്ന് പ്രതീക്ഷിക്കുന്ന പൈസ 11,694 കോടിരൂപയാണെന്ന് പറഞ്ഞു. അദ്ദേഹത്തിന് കിട്ടിയത് 28,877 കോടി രൂപ. അതായത്, പ്രതീക്ഷിച്ചതിനേക്കാളും 17,183 കോടിരൂപ കേന്ദ്രസർക്കാർ അധികമായി തന്നതുകൊണ്ടാണ് കഴിഞ്ഞ തവണത്തെ ബഡ്ജറ്റിൽ ഫെയ്സ് സേവ് ചെയ്തെങ്കിലും അദ്ദേഹത്തിന് കടന്നുപോകാൻ സാധിച്ചത്.

ഞാൻ ഇവിടെ ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്ന, ധനകാര്യ വകുപ്പുമന്ത്രി ആത്മാർത്ഥമായും സത്യസന്ധമായും മറുപടി പറയുമെന്ന് ആഗ്രഹിക്കുന്ന ഒരു വിഷയമാണിത്. നമ്മൾ ദീർഘകാലമായി സംസാരിക്കുന്ന ഒരു വിഷയമാണ് കിഫ്ബി. കിഫ്ബി കൊണ്ടുവന്നപ്പോൾ പറഞ്ഞിരുന്നത്, ഓഫ് ബഡ്ജറ്റ് ബോറോയിംഗ് എന്ന സങ്കല്പമാണ്. അതായത്, ബഡ്ജറ്റിന് പുറത്ത് കിഫ്ബി 50,000 കോടിരൂപ ബോറോ ചെയ്യും. 2017-

18-ൽ 5,000 കോടി രൂപ ചെലവഴിക്കും 2018-19-ൽ 10,000 കോടിരൂപ ചെലവഴിക്കും 2019-20-ൽ 20,000 കോടിരൂപ ചെലവഴിക്കും 2020-21-ൽ 15,000 കോടിരൂപ ചെലവഴിക്കും അങ്ങനെ 5 വർഷം കൊണ്ട് 50,000 കോടിരൂപ ഈ സംസ്ഥാനത്ത് ചെലവഴിക്കുമെന്ന് പറഞ്ഞ് കടന്നുവന്ന കിഫ്ബി ഇന്ന് എവിടെ എത്തിനിൽക്കുന്നുവെന്ന് ഞാൻ പറയട്ടെ, ഇതിന്റെ ലേറ്റസ്റ്റ് ഫിഗേഴ്സ് കിഫ്ബി അപ്രൂവ് ചെയ്തത് 63,000 കോടിരൂപയുടെ 903 പദ്ധതികൾ. അതിൽ നിർമ്മാണം ആരംഭിച്ചത് 20,000 കോടിരൂപയുടെ പദ്ധതികൾ, പൂർത്തിയാക്കിയത് 2,942 കോടി രൂപയുടെ പദ്ധതികൾ. ഇതുവരെ പാർട്ട് ബിൽ ആയി നൽകിയത് 10,907 കോടിരൂപയുടെ പദ്ധതികൾ. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി വേണ്ടത് 52,352 കോടി രൂപ. കിഫ്ബിയുടെ നീക്കിയിരുപ്പായി കയ്യിലുള്ളത് 8,523 കോടി രൂപ. നിങ്ങൾ അതിനെ ഓഫ് ബഡ്ജറ്റ് ബോറോയിംഗ് എന്നാണ് പറയുന്നത്. കിഫ്ബിക്ക് എവിടെനിന്നാണ് പൈസ വന്നതെന്ന് നോക്കാം. ഞാനും ഈ കിഫ്ബിയെ അപ്രീഷ്യേറ്റ് ചെയ്തിട്ടുണ്ടായിരുന്നു. സംസ്ഥാനത്തിന്റെ പുറത്തുതൊടാതെ പണം പുറത്തുനിന്ന് കൊണ്ടുവന്നിരുന്നുവെങ്കിൽ ഞങ്ങൾ എല്ലാവരും അപ്രീഷ്യേറ്റ്

ചെയ്യുമായിരുന്നു. പക്ഷെ, കിഫ്ബിക്ക് എവിടെ നിന്നാണ് പണം കിട്ടിയത്? കിഫ്ബിക്ക് 2015-16-ൽ 8,738 കോടി രൂപയും 2016-17-ൽ 1,624 കോടിരൂപയും കോർപ്പസ് ഫണ്ടായി നൽകി. മോട്ടോർ വാഹന നികുതിയുടെ വിഹിതമായി 2016-17-ൽ 281 കോടിരൂപ, 2017-18-ൽ 621 കോടിരൂപ, 2018-19-ൽ 1098 കോടിരൂപ, 2019-20-ൽ 1,650 കോടിരൂപ അങ്ങനെ ആകെ 5,862 കോടിരൂപ. പെട്രോൾ, ഡീസൽ വാഹന നികുതിയായിട്ടും പെട്രോളിയം സെസ്സിന്റെ വിഹിതമായി 2,673 കോടിരൂപയും ചേർത്ത് ആകെ 8,536 കോടിരൂപ കേരള സർക്കാരിന്റെ ഖജനാവിൽ വരേണ്ട പൈസ നമ്മൾ കൊടുത്തതാണ്. അതുകൂടാതെ 2,500 കോടിരൂപ ആദ്യം കൊടുത്തതാണ്. ഈ പതിനൊന്നായിരം കോടിരൂപ നമ്മൾ കൊടുത്തതാണെന്നിരിക്കെ ഇനിയിപ്പോൾ കിഫ്ബി കൊണ്ടുവന്നുവെന്ന് പറയുന്ന പണം ഏതാണ്? ഇന്നിവിടെ ഒരംഗം അതിഗംഭീരമായി ആഗോളവത്ക്കരണത്തെ എതിർത്ത് സംസാരിക്കുന്നത് കേട്ടു. കിഫ്ബി കൊണ്ടുവന്ന പണം ഏതാണ്? കിഫ്ബി കൊണ്ടുവന്ന പണം, ലാവ്‌ലിന്റെ ഇൻവെസ്റ്റ്മെന്റ് കമ്പനിയായ CDPQ-ന്റെ കാനഡയിലുണ്ടായിരുന്ന പണം ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ വന്ന്

അതുവഴി മുഖ്യമന്ത്രി മണിയടിച്ച ദിവസം മാർക്കറ്റിംഗ് നടത്തി ഇൻവെസ്റ്റ്മെന്റ് നടത്തി അവർ നൽകിയ ആഗോള മൂലധനത്തിന്റെ ട്രാൻസ്ഫറാണ് കാനഡയിൽനിന്നും ലണ്ടൻവഴി കേരളത്തിലേയ്ക്കുവന്ന 2150 കോടി രൂപ. അതിന് 9.723 ശതമാനം പലിശയാണ് നമ്മൾ കൊടുക്കുന്നത്. കിഫ്ബി ബാക്കി വായ്പ വാങ്ങിയത് ഏതൊക്കെയാണ്? 9.3 ശതമാനം പലിശയ്ക്ക് 565 കോടി രൂപ നബാർഡും 9.15 ശതമാനം പലിശയ്ക്ക് 1000 കോടി രൂപ എസ്.ബി.ഐ.-യും 9.15 ശതമാനം പലിശയ്ക്ക് 500 കോടി രൂപ ഇന്ത്യൻ ബാങ്കും 8.95 ശതമാനം പലിശയ്ക്ക് 500 കോടി രൂപ യൂണിയൻ ബാങ്കും വായ്പ തന്നിട്ടുണ്ട്. ഇതല്ലാതെ കിഫ്ബി എവിടെനിന്നാണ് തുക കൊണ്ടുവന്നത്? ഖജനാവിലെ പണം ചെലവഴിക്കാൻ ഇവിടെ ബഹുമാന്യരായ ആരോഗ്യ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമുണ്ട്. എല്ലാംകൂടി ചേർത്ത് എക്സ്ചെക്കറിൽ വരേണ്ട പണം മറ്റൊരു രീതിയിൽ കിഫ്ബിയിൽ വന്ന് എല്ലാവരും കിഫ്ബിയുടെ മുന്നിൽ കാവൽ നിൽക്കുന്ന ഈ ഏർപ്പാടിനുവേണ്ടി ....... ഞാൻ അവസാനിപ്പിക്കാം

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇന്ന് കർശനമായി സമയക്രമം പാലിച്ചേപറ്റൂ.

ഡോ. മാത്യു കുഴൽനാടൻ: ................(മൈക്ക് ഓഫ്)........

ശ്രീ. വി. ശശി: സർ, 2021 ജനവരി 15-ന് മുൻസർക്കാർ 2021-22-ലെ സമ്പൂർണ്ണ ബഡ്ജറ്റ് നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയിരുന്നു. അതോടൊപ്പം പാസ്സാക്കിയ ധനകാര്യ ബില്ലിലെ വ്യവസ്ഥകൾ 14-ാം നിയമസഭയുടെ കാലാവധി കഴിഞ്ഞതോടെ കാലഹരണപ്പെട്ടു. പ്രസ്തുത ബില്ലിലെ എല്ലാ ഖണ്ഡങ്ങളും പുനഃസ്ഥാപിക്കുന്നതാണെന്ന് പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കിയിരുന്നു. കൂടാതെ 2020-ലെ ആംനെസ്റ്റി പദ്ധതിയിൽ അടച്ച തുക കുടിശ്ശികകളിൽ ഏറ്റവും പഴയ തുക കുടിശ്ശികയിലേയ്ക്ക് നികുതി അടവായി ക്രമീകരിക്കുമെന്നും കേന്ദ്ര ജി.എസ്.ടി. നികുതി നിയമത്തിൽ വരുത്തിയ ഭേദഗതികൾ സംസ്ഥാന ജി.എസ്.ടി. നിയമത്തിലും വരുത്തുമെന്നും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കുകയുണ്ടായി. ഇവയാണ് ഇപ്പോൾ അവതരിപ്പിച്ച ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന നികുതി നിർദ്ദേശങ്ങൾ. ഇവകൂടാതെ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പുതിയ നികുതി നിർദ്ദേശങ്ങളൊന്നും സർക്കാർ പ്രഖ്യാപിച്ചിട്ടില്ല. ഗുരുതരമായ സാമ്പത്തിക

പ്രതിസന്ധി നേരിടേണ്ടിവന്നെങ്കിലും ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ മേൽ അധികം നികുതിഭാരം അടിച്ചേൽപ്പിക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല, അങ്ങനെയൊരു നയമല്ല എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചുപോകുന്നത്. 1991 മുതൽ ആഗോളവൽക്കരണ നയം ശക്തമായി നടപ്പാക്കിവരുന്ന ഈ രാജ്യത്തെ ഒരു സംസ്ഥാനമെന്ന പരിമിതി നമ്മുടെ മുന്നിലുണ്ട്. അതിനുള്ളിൽനിന്നുകൊണ്ടാണ് മാതൃകാപരമായ ഒരു ബദൽ വികസന നയം പിന്നിട്ട അഞ്ചുവർഷം നാം നടപ്പാക്കിയത്. രണ്ട് കയ്യും നീട്ടി ജനങ്ങൾ അതിനെ സ്വീകരിച്ചു. വമ്പിച്ച ഭൂരിപക്ഷത്തോടെ എൽ.ഡി.എഫ്.-നെ തുടർഭരണത്തിലേയ്ക്ക് അത് നയിച്ചു. കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങളും അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പാക്കിയതും ചരക്ക് സേവന നികുതി നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലേർപ്പെടുത്തിയ ലോക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും റവന്യൂ വരുമാനത്തെ ബാധിച്ചിട്ടുണ്ട്. കൂടാതെ വേണ്ടത്ര കേന്ദ്രസഹായം യഥാസമയം ലഭ്യമാകാതിരുന്നതും പ്രതിസന്ധിയെ കൂട്ടുതൽ ഗൗരവമാക്കി. ഈ പ്രതിസന്ധിയെയും തരണം ചെയ്ത് വികസനത്തിലും

സേവനത്തിലും മുൻപന്തിയിലേയ്ക്ക് കേരളത്തെ നയിക്കാൻ സർക്കാരിന് കഴിഞ്ഞുവെന്നത് വലിയ നേട്ടമാണ്. കോവിഡ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ദുരന്തത്തേക്കാൾ വലിയ ദുരന്തങ്ങളാണ് മോദി സർക്കാർ ജനങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്നത്. പെട്രോൾ-ഡീസൽ വില വർദ്ധനവ് നമ്മൾ ധാരാളം ചർച്ച ചെയ്തതാണ്. ഇന്നത് നൂറ് രൂപയിൽ വന്നുനിൽക്കുന്നു. മറ്റ് അവശ്യവസ്തുക്കളുടെയും വില ഉയരുകയാണ്. വിലക്കയറ്റം നിയന്ത്രിക്കാൻ കേന്ദ്ര സർക്കാരിന് ഒരു പരിപാടിയുമില്ല. കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ-ജനവിരുദ്ധ നയങ്ങൾക്കെതിരെ എല്ലാവിഭാഗം ജനങ്ങളും ഇന്ന് പ്രക്ഷോഭത്തിലാണ്. കഴിഞ്ഞ ഒൻപത് മാസമായി രാജ്യത്തെ കർഷകർ സമരത്തിലാണ്. സമരം അടിച്ചമർത്താനാണ് നീക്കം. വൈദ്യുതി വിതരണ മേഖല സ്വകാര്യവൽക്കരിക്കാനുള്ള ബിൽ ഇപ്പോൾ നടക്കുന്ന പാർലമെന്റ് സമ്മേളനത്തിൽ അവതരിപ്പിക്കാൻ ശ്രമിക്കുകയാണ്. 2003-ലെ കേന്ദ്ര നിയമം സ്വകാര്യ മേഖലയിൽ വൈദ്യുതി ഉൽപ്പാദനം നടത്താൻ നൽകിയ അനുമതി പ്രയോജനപ്പെടുത്തി ഇപ്പോഴത് ഉല്പാദനമേഖലയിൽനിന്നും വിതരണമേഖലയ്ക്കുകൂടി സ്വകാര്യവൽക്കരിക്കാനുള്ള സമ്മർദ്ദം ഉയരുകയാണ്. അതിനുള്ള വഴിയാണ് ഇപ്പോൾ വൈദ്യുതി ഭേദഗതി ബിൽ

2021, പാർലമെന്റിൽ കൊണ്ടുവരുന്നത്. പ്രതിരോധ വകുപ്പിലെ 41 ഓർഡനൻസ് ഫാക്ടറികളെ ഏഴ് കോർപ്പറേഷനുകളാക്കി സ്വകാര്യ കുത്തകകൾക്ക് കൈമാറാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഇതിനെതിരെ ഉയരുന്ന പ്രതിഷേധത്തെ, പണിമുടക്കിനെ പ്രതിരോധിക്കാനുള്ള ബില്ലും പാർലമെന്റിൽ എത്തുകയാണ്. കൽക്കരി ഖനനമേഖല സ്വകാര്യ കുത്തകകൾക്ക് നൽകുന്നതിനുള്ള ബില്ലും പാർലമെന്റിൽ വരുന്നുണ്ട്. രാജ്യത്തെ ധാതുവിഭവങ്ങളുടെ ഉടമസ്ഥാവകാശം സ്വകാര്യകുത്തകകളെ ഏൽപ്പിക്കലാണ് ലക്ഷ്യം. എണ്ണ പ്രകൃതിവാതകരംഗം സ്വകാര്യ കുത്തകകൾക്ക് അടിയറവച്ചുകഴിഞ്ഞു. റെയിൽവേ, തുറമുഖങ്ങൾ വിമാനത്താവളങ്ങൾ, സ്റ്റേഡിയങ്ങൾ, ദേശീയപാതകൾ തുടങ്ങിയവയെല്ലാം വിൽപ്പനയ്ക്ക് തയ്യാറായിക്കഴിഞ്ഞു. കൊച്ചിൻ റിഫൈനറി, VEML തുടങ്ങിയ പൊതുമേഖലാ കമ്പനികളും വിൽപ്പനയ്ക്ക് വച്ചിരിക്കുകയാണ്. മുതലാളിത്ത ശക്തികൾക്ക് നമ്മുടെ തീരമേഖലയെയും സമുദ്രവിഭവങ്ങളെയും കൊള്ളയടിക്കാനുള്ള അവസരം ഒരുക്കുന്നതിനാണ് ബ്ലൂ എക്കണോമി കരട് നയം തയ്യാറാക്കിയിരിക്കുന്നത്. ഇതിലൂടെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവനും ജീവനോപാധിയുമാണ് തച്ചുടയ്ക്കാൻ

പോകുന്നത്. രാജ്യത്തെ ബാങ്കിംഗ് മേഖല സമ്പൂർണ്ണമായി വിൽക്കാനുള്ള നീക്കത്തിലാണ്. ബാങ്കുകളുടെ ലക്ഷക്കണക്കിന് കോടി രൂപയുടെ നിക്ഷേപത്തിലാണ് കേന്ദ്ര ഭരണാധികാരികളുടെയും അവരെ നിയന്ത്രിക്കുന്ന കുത്തകകളുടെയും കണ്ണുകൾ. ബാങ്ക് നിക്ഷേപത്തിന്റെ 90 ശതമാനവും സാധാരണക്കാരന്റേതാണ്. എന്നാൽ ബാങ്കുകൾ നൽകുന്ന വായ്പകളുടെ 86 ശതമാനവും വൻകിടക്കാർക്കാണ്. വായ്പകൾ കിട്ടാക്കടമാകുന്നതും അവ എഴുതിത്തള്ളുന്നതും നിത്യവാർത്തയായിരിക്കുകയാണ്. ആഗോളവൽക്കരണവും അതിനെത്തുടർന്ന് നടപ്പാക്കിയ പരിഷ്കാരങ്ങളുടെയും നേട്ടം സാധാരണ ജനങ്ങളിലേയ്ക്കും കിനിഞ്ഞിറങ്ങുമെന്നാണ് വാദിക്കുക. എന്നാൽ ഇന്ത്യയിലെ അനുഭവങ്ങൾ ഈ വാദത്തെ പൂർണ്ണമായി അനുകൂലിക്കുന്നില്ല. ഇ.എൻ.ഡി.പി വർഷംതോറും പ്രസിദ്ധീകരിക്കുന്ന മാനവ വികസന സൂചിക നൽകുന്ന വിവരങ്ങൾ ഇതിന് തെളിവാണ്. ആഗോളവത്ക്കരണ വക്താക്കളുടെ വാദത്തെ തള്ളിക്കളയുന്നതാണ് മാനവ വികസന സൂചിക നൽകുന്ന വിവരങ്ങൾ. 1990-ൽ ഇന്ത്യയുടെ റാങ്ക് 114 ആയിരുന്നുവെങ്കിൽ 2019- ൽ ഇത് 131-ാമത് ആയി. ഇതാണ് മാനവ വികസന സൂചിക നൽകുന്ന കണക്ക്. ഇതോടൊപ്പം ലോക പട്ടിണി സൂചിക

(hunger index) കൂടി പരിഗണിക്കണം. 1990-ൽ ഇന്ത്യയുടെ റാങ്ക് 55 ആയിരുന്നുവെങ്കിൽ 2017-ൽ ഇത് 100 ആയി താഴ്ന്നു. പട്ടിണിക്ക് കുപ്രസിദ്ധിയാർജ്ജിച്ച ആഫ്രിക്കൻ രാജ്യങ്ങളുടെ നില ഇന്ത്യയേക്കാൾ മെച്ചമാണ്. നമ്മുടെ അടുത്ത് പാകിസ്ഥാനും അഫ്ഗാനിസ്ഥാനുമാണുള്ളത്. പട്ടിണിയുടെ പര്യായമായിരുന്ന ബംഗ്ലാദേശ്പോലും ഇന്ന് നമ്മുടെ മുന്നിലാണ്. ഇതിന്റെയെല്ലാം പ്രസരണം നമ്മുടെ കൊച്ചുകേരളത്തിലും എത്തുകയാണ്. കോവിഡ് സൃഷ്ടിച്ച ഈ പ്രതിസന്ധിഘട്ടത്തിൽ സംസ്ഥാന സർക്കാരിന് താങ്ങാവുന്നതിലും അപ്പുറത്താണ് കേന്ദ്രസർക്കാരിന്റെ നയം അടിച്ചേൽപ്പിക്കുന്ന ആഘാതം. പാവപ്പെട്ട ജനങ്ങളുടെ പ്രശ്നങ്ങളെ തീർത്തും അവഗണിക്കുന്ന, കുത്തകകളുടെ താൽപ്പര്യം മാത്രം സംരക്ഷിക്കുന്ന മോദി സർക്കാരിനെതിരെ നമ്മൾ ഉയർത്തിക്കൊണ്ടുവരുന്ന പോരാട്ടം ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട്. ഞാൻ ദീർഘിപ്പിക്കുന്നില്ല. 2021-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

മി. ചെയർമാൻ: Thank you. അങ്ങ് കൃത്യമായി സമയക്രമം പാലിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഈ ധനകാര്യ ബില്ലിനെ

ഞാൻ എതിർക്കുകയാണ്. രാജ്യം അഭിമുഖീകരിക്കുന്ന ഗുരുതരമായ വിദേശ വിനിമയ പ്രതിസന്ധി മുന്നിൽ കണ്ടാണ് 1991 ജൂലൈയിൽ സാമ്പത്തിക പരിഷ്കരണങ്ങളുടെ ഒരു പാക്കേജ് ഇന്ത്യാരാജ്യം നടപ്പിലാക്കിയത്. ഇന്ന് അതിന് മൂന്ന് ദശകങ്ങൾ പിന്നിടുകയാണ്. ഇതിന്റെ ഭാഗമായി സമ്പദ്വ്യവസ്ഥയുടെമുകളിൽ ഗവൺമെന്റിന്റെ നിയന്ത്രണം കുറഞ്ഞതും ആഗോളവൽക്കരണത്തിന് സമ്പദ്വ്യവസ്ഥ തുറന്നുകൊടുത്തതും നമുക്കറിയാം. എന്നാൽ ഈ Liberalisation, Privatisation and Globalisation (LPG) മുപ്പതുവർഷത്തിനുശേഷം ആ കാലഘട്ടത്തിന്റെ തുടർച്ചയില്ലായ്മ കാരണമാകാം ഉദ്ദേശിച്ച തരത്തിലേയ്ക്ക് മുന്നോട്ടുപോകാൻ സാധിച്ചില്ല എന്നത് ഇന്ന് ഇന്ത്യയുടെ പരിതാപകരമായ അവസ്ഥാവിശേഷമാണ്. നരേന്ദ്ര മോദി സർക്കാർ നോട്ട് നിരോധനം, ജി.എസ്.ടി. എന്നിവ നടപ്പിലാക്കിയതിന്റെ ഭാഗമായുണ്ടായ പ്രതിസന്ധികൾ ഇന്ത്യാരാജ്യത്തും അതുപോലെ അതിന്റെ പ്രതിഫലനം കേരളത്തിലും നടന്നുകൊണ്ടിരിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാരും എൽ.ഡി.എഫ്. മുന്നണിയുമൊക്കെ അത്തരമൊരു നവലിബറൽ എക്കണോമിക്ക് അന്ന് എതിരായിരുന്നുവെങ്കിലും ഇന്ന് പൊതുവേ അതിനെ പിന്തുണച്ചുകൊണ്ട്

മുന്നോട്ടുപോകുന്നൊരു കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. അതാണിവിടെ ഡോ. മാത്യു കുഴൽനാടൻ പറഞ്ഞത്, ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ മണിയടിച്ച് സാമ്പത്തികമായ ഒരു രമ്യതയ്ക്ക് കേരളത്തെ കൊണ്ടുപോകാൻ ശ്രമിക്കുന്ന എന്നതിന്റെ അവസ്ഥ. ഇതിന്റെ ഫലമായി പൊതുമേഖലയുടെ തകർച്ച ഉണ്ടാകുകയും അതിന് ഉയർന്നുവരാനുള്ള പാക്കേജ് ഇല്ലാതാകുകയും സ്വകാര്യ നിക്ഷേപം വളരാതെയിരിക്കുകയും ചെയ്തു എന്നതാണ് വസ്തുത. കോവിഡ് മഹാമാരിമൂലം ഉൽപ്പാദന മേഖല ആകെ തകർന്ന സ്ഥിതിയാണ് ഇന്ന് കേരളത്തിലുള്ളത്. കേരളം വല്ലാതെ പരാജയപ്പെട്ട ഒരവസ്ഥയിലേയ്ക്ക് പോകുകയാണ്. ഇതിന്റെ കൂടെത്തന്നെയാണ് ഇല്ലായ്മയുടേയും അവഗണനയുടേയും കഥകൾ നമുക്ക് കേരളത്തിൽ പറയാൻ കഴിയുന്നത്. ഓക്സിജനും വാക്സിനേഷനും ലഭ്യമല്ല. വിദ്യാഭ്യാസ മേഖലയിൽ ആവശ്യമായ സൗകര്യങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നില്ല. പ്രാദേശികമായും സാമുദായികമായും അവഗണന നേരിടുന്ന ഒരു അവസ്ഥാവിശേഷം കേരളത്തിൽ കാണാൻ സാധിക്കുകയാണ്. അങ്ങനെയൊരു അവഗണനയെക്കുറിച്ച് പറയുമ്പോൾ ഞാൻ കഴിഞ്ഞതിനെ കുറിച്ചൊന്നും പറയുന്നില്ല. ഇന്നലെ വന്നൊരു ഉത്തരവുണ്ട്. ബഹുമാനപ്പെട്ട

സുപ്രീംകോടതിയുടെ വിധിയനുസരിച്ച് പിന്നോക്ക വിഭാഗത്തിന് പി.ജി. മെഡിക്കൽ സീറ്റുകൾക്ക് 30 ശതമാനം സംവരണം നൽകാമെന്ന് കേന്ദ്ര ഗവൺമെന്റ് ഉത്തരവിറക്കിയിട്ടുണ്ടായിരുന്നു. അതിന് ഗവൺമെന്റ് കൊണ്ടുവന്ന 02-08-2021-ലെ 1636/2021-ലെ ഉത്തരവുപ്രകാരം അങ്ങനെയൊരു സംവരണം നൽകാൻ കഴിയില്ല എന്ന പ്രഖ്യാപനം നടത്തി ആ പിന്നോക്ക വിഭാഗത്തെ വീണ്ടും അവഗണിച്ചിരിക്കുന്ന കാഴ്ചയാണ് നമുക്കിവിടെ കാണാൻ സാധിക്കുന്നത്. അതോടൊപ്പം പിന്നോക്ക വിഭാഗങ്ങൾക്കും മുന്നോക്ക വിഭാഗത്തിനും ഇ.ഡബ്ല്യൂ.എസ്. സംവരണത്തിനും സീറ്റുകളിൽ സർവ്വീസ് കൂട്ടാൻ കഴിഞ്ഞില്ല. സംവരണമനുസരിച്ച് പ്രശ്നപരിഹാരവും സാമൂഹ്യനീതിയും ഉറപ്പുവരുത്താൻ ഈ ഗവൺമെന്റ് ഇതിന്റെ ഭാഗമായി സമീപനം സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

മറ്റൊരുകാര്യം, മിനിഞ്ഞാന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ മറുപടി പറയുമ്പോൾ, ആശുപത്രികളിൽ ആളില്ലാത്തതിനെ കുറിച്ചുള്ള പരാതി പറയുമ്പോൾ അതിനായി 300 പുതിയ പോസ്റ്റുകൾ അനുവദിച്ചിരിക്കുന്നു എന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി

പ്രഖ്യാപിക്കുകയും അത് അംഗീകരിക്കുകയും ചെയ്തു. അവിടെയും ഒരു അവഗണന കാണുകയാണ്. മലപ്പുറത്ത് ജനസംഖ്യാനുപാതികമായി ഓക്സിജൻ ലഭിക്കുന്നില്ല, മറ്റ് സൗകര്യങ്ങളൊന്നുമില്ല എന്നുപറയുമ്പോൾതന്നെ ഈ 300 പോസ്റ്റുകൾ അനുവദിച്ചതിൽ 17 എണ്ണം മാത്രമാണ് മലപ്പുറം ജില്ലയിലേയ്ക്ക് നൽകിയിട്ടുള്ളത്. മറ്റ് മേഖലകളിലൊക്കെ 76-ഉം 41-ഉം എണ്ണമാണ് നൽകിയത്. അവർക്ക് കൊടുത്തതിനല്ല, പക്ഷേ ജനസംഖ്യാനുപാതികമായി ലഭിക്കേണ്ട ഒരു സൗകര്യം മലപ്പുറത്തിന് ലഭിച്ചില്ല എന്നതാണ് ഇതിന്റെ വസ്തുത എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിലും തിരുത്തൽ ഉണ്ടാകണം എന്നാവശ്യപ്പെടുന്നു.

ഏതൊരു വികസന സമൂഹത്തിന്റെയും മുഖമുദ്രയായ വ്യവസായ വികസനത്തിന് യാതൊരു പ്രാധാന്യവും നൽകാത്ത ഒരു ധനകാര്യ മാനേജ്മെന്റാണ് ഇവിടെ അവതരിപ്പിച്ച ബില്ലിലൂടെ കാണാൻ സാധിക്കുന്നത്. വ്യവസായ വികസനത്തിനുവേണ്ടിയുള്ള ബോധപൂർവ്വമായ യാതൊരു രൂപവും ബഡ്ജറ്റിൽ നടത്തിയിട്ടില്ല. പ്രാഥമിക മേഖലയായ കൃഷിയും അനുബന്ധ മേഖലയും സാമ്പത്തിക മേഖലയും 12 ശതമാനം സംഭാവന ചെയ്തു. ദേശീയതലത്തിലും ഈ സംഭാവന തന്നെയാണുള്ളത്.

എന്നാൽ ദേശീയ ജി.ഡി.പി.-ക്ക് രണ്ടാം മേഖലയായ വ്യവസായ നിർമ്മാണ മേഖല 28 ശതമാനം സംഭാവന നൽകുമ്പോൾ കേരളത്തിൽ അത് വെറും 24 ശതമാനം മാത്രമാണ്. ഇതിൽ ഏറിയ പങ്കും വന്നിരുന്നത് കെട്ടിട നിർമ്മാണ രംഗത്തിൽനിന്നുമാണ്. കേരളത്തിൽ വൻകിട വ്യവസായങ്ങളുടെ കുറവ് വലിയ തോതിൽ അനുഭവപ്പെടുന്നു. വസ്ത്രനിർമ്മാണ മേഖലയിൽ ചുവടുറപ്പിച്ച കിറ്റെക്സ് പോലും സംസ്ഥാനത്തിന്റെ പുറത്തേയ്ക്കാണ് ഇപ്പോൾ മൂലധന നിക്ഷേപം നടത്തുന്നത്. കേരളത്തിലെ ആഭ്യന്തര തൊഴിൽ മേഖലയും മറ്റും വ്യവസായ സൗഹൃദമല്ലാതെയായി മാറുന്നു എന്നൊരു അവസ്ഥ പൊതുവെ പുറത്തുവരികയാണ്.

സംസ്ഥാനത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങളിൽ വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള രണ്ട് സ്ഥാപനങ്ങളല്ലാതെ മറ്റൊന്നും ലാഭത്തിലല്ല. KMML-ഉം Kerala State Drugs and Pharmaceuticals Ltd.-ഉം ഒഴികെ മറ്റെല്ലാം വൻ നഷ്ടത്തിലാണ്. 156 കോടി രൂപയാണ് കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സഞ്ചിത നഷ്ടമായി കണക്കാക്കുന്നത്. കേരളത്തിലെ ടൈറ്റാനിയത്തിന്റെ അനുബന്ധ വ്യവസായത്തിൽ വരുന്ന നിർമ്മാണ കമ്പനികൾക്കും കമ്പ്യൂട്ടർ

ഹാർഡ്‌വെയറിനും അനന്തമായ സാധ്യതകളുണ്ട്. അതിനെ വിപുലപ്പെടുത്താൻ ശ്രമിച്ചാൽ സ്വാഭാവികമായും കേരളത്തിന് സാമ്പത്തികമായി മുന്നോക്കമുണ്ടാക്കാൻ കഴിയുമെന്ന് സൂചിപ്പിക്കുകയാണ്.

സാമ്പത്തിക രംഗത്തെ മൂന്നാം മേഖലയായ സേവന മേഖല കേരള സമ്പദ് വ്യവസ്ഥയ്ക്ക് 64 ശതമാനം സംഭാവന ചെയ്യുന്നുണ്ട്. ടൂറിസവും ഹോട്ടൽ മേഖലയും വൻ പ്രതിസന്ധി നേരിടുകയാണ്. സ്കൂളുകളും കോളേജുകളും അടഞ്ഞുകിടക്കുകയാണ്. കേരളത്തിലെ 23 സർവ്വകലാശാലകളിൽ 13 എണ്ണം public funded ആണ്. ഇപ്പോൾ പോലീസ് സർവ്വകലാശാലയ്ക്കും നീക്കം നടക്കുകയാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് അഭിമാനാർഹമായ, കേരളത്തിലെ സാമ്പത്തിക വളർച്ചയ്ക്കും വികസനത്തിനുംവേണ്ടി അറബിക് സർവ്വകലാശാല വേണമെന്നുള്ള ആവശ്യത്തിന് നാല് ദശാബ്ദത്തിന്റെ പഴക്കമുണ്ട്. വിവിധ വൈജ്ഞാനിക സമ്പന്ന മേഖലകളെ അറബി ഭാഷയിലൂടെ പഠിക്കുകയും അറബി സർവ്വകലാശാല സ്ഥാപിക്കുകയും വഴി ഗൾഫിൽനിന്നും മറ്റ് രാജ്യങ്ങളിൽനിന്നും ധാരാളം വിദ്യാർത്ഥികളെ ആകർഷിക്കാൻ കഴിയും. കേരളത്തിന്റെ സാമ്പത്തിക രംഗത്ത് വലിയൊരു മാറ്റമുണ്ടാക്കാൻ

ഇങ്ങനെയൊരു സർവ്വകലാശാല സ്ഥാപിക്കുന്നതിലൂടെ കഴിയുമെന്ന് സൂചിപ്പിക്കുകയാണ്.

പ്രവാസികളുടെ കാര്യം. എല്ലാ തലങ്ങളിലും അവരുടെ ഉന്നതമായ കാര്യങ്ങളെക്കുറിച്ചാണ് നമുക്ക് പറയാനുള്ളത്. കോടിക്കണക്കിന് ഡോളർ അവർ ഈ രാജ്യത്തേയ്ക്ക് സംഭാവന ചെയ്യുന്നുണ്ട് എന്നുപറയുന്നു. അവർക്ക് പ്രവാസി ക്ഷേമനിധിയിൽ അംഗമായി ചേരുന്നതിനുള്ള ഉയർന്ന പ്രായപരിധി 60 വയസ്സാണ്. മിനിമം 5 വർഷമെങ്കിലും അടച്ചവർക്ക് മാത്രമേ ഈ പെൻഷൻ ലഭിക്കുകയുള്ളൂ. അതിൽ ഒരു അപാകതയുണ്ട്. 60 വയസ്സുവരെ അടച്ചുതീർത്ത ആ പണം..... പിന്നീടവർക്ക് പെൻഷൻ ലഭിക്കണമെങ്കിൽ, 61 വയസ്സായാൽ പെൻഷനുള്ള അപേക്ഷ നൽകാൻപോലും അനുവദിക്കാതെ പെൻഷൻ ലഭിക്കാത്ത ഒരു അവസ്ഥാവിശേഷം നിലവിലുണ്ട്. അതുകൊണ്ട് അടച്ചുതീർത്ത പൈസയിൽനിന്ന് അവർക്ക് പെൻഷൻ ലഭിക്കുന്നതിന് ആവശ്യമായ രീതിയിൽ നിയമാവലിയിൽ മാറ്റമുണ്ടാക്കാനുള്ള ശ്രമം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സാമ്പത്തിക രംഗത്ത് ധനകാര്യ മാനേജ്മെന്റുമായി ബന്ധപ്പെട്ട

കാര്യത്തിൽ അങ്ങയുടെ ഭാഗത്തുനിന്നും ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നിരവധി ഓഫീസുകളിൽ പരിശോധന നടത്താറുണ്ട്. എന്നാൽ ക്രമക്കേടുകൾ നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഭരണവകുപ്പ് യാതൊരു നടപടിയും സ്വീകരിക്കാറില്ല. ധനകാര്യ വകുപ്പ് കണ്ടെത്തിയ ക്രമക്കേടുകളിന്മേൽ കുറ്റക്കാർക്കെതിരെ ഭരണവകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന കാര്യം ധനകാര്യ വകുപ്പ് മോണിറ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശ പ്രകാരം ഒരുപാട് ആവശ്യങ്ങൾ ധനകാര്യ വകുപ്പിന്റെ മുന്നിലേയ്ക്ക് വരാറുണ്ട്. അതൊക്കെ അംഗീകരിക്കാനും പ്രൊപ്പോസലുകൾ സെക്രട്ടേറിയറ്റിലെ ഭരണവകുപ്പിൽ അറിയിക്കുകയും അപ്രകാരം നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ അനുമതിയോടുകൂടി ധന വകുപ്പിനെ അറിയിക്കാനുള്ള അവസരം ഉണ്ടാക്കുകയും ചെയ്യണം. ധനകാര്യ മാനേജ്മെന്റ് പരാജയപ്പെട്ടൊരു സ്ഥിതിവിശേഷമുള്ളതുകൊണ്ട് ഈ ധനകാര്യ ബില്ലിനെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഈ ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്ന പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ജനങ്ങളുടെ

തലയിൽ ഒരു ഭാരവുമേൽപ്പിക്കാതെ, ജനങ്ങളുടെ ക്ഷേമവും നാടിന്റെ വികസനവും ഏറ്റവും ഫലപ്രദമായ നിലയിൽ നടത്തിക്കൊണ്ട് രാജ്യത്തിനാകെ മാതൃകയായി പ്രവർത്തിക്കുന്നൊരു ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ഈ സർക്കാർ ജനങ്ങൾക്കുവേണ്ടിയുള്ള സർക്കാരാണ്. ഈ സർക്കാരിന്റെ ലക്ഷ്യം ജനക്ഷേമമാണ്. അതുതന്നെയാണ് എൽ.ഡി.എഫ്.-ന്റെ മുഖമുദ്ര. എന്തിനേയും എതിർക്കുക എന്നതാണ് യു.ഡി.എഫ്.-ന്റെ മുഖമുദ്ര. കഴിഞ്ഞ ഗവൺമെന്റിന്റെ എല്ലാ നടപടികളേയും അവർ എതിർത്തു. എല്ലാത്തിനും എത്രത്തോളം പാരപണിയാമോ അതെല്ലാം അവർ നടത്തി. ഒരുവിധം അവർക്ക് ബോധ്യമുള്ള കാര്യങ്ങളെപ്പോലും തെറ്റായി വ്യാഖ്യാനിക്കുവാൻ, എന്തിനേറെ അരിയും ഭക്ഷ്യധാന്യങ്ങളും കൊടുക്കുന്നതിനെപ്പോലും പരിഹസിക്കുവാൻ തയ്യാറാകുന്നവരുടെ മാനസികാവസ്ഥ എന്താണ്?

അന്നവും വസ്ത്രവും കൊടുക്കുന്നവർ തമ്പുരാനാണെന്നാണ് ശ്രീനാരായണ ഗുരുദേവൻ പറഞ്ഞിട്ടുള്ളത്. അപ്പുറത്തിരിക്കുന്നവർ ആ ദൈവദശകമൊന്ന് വായിച്ചുനോക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സാർ കൂടിയുള്ളൊരു

സഭയാണല്ലോ ഇത്. വിശക്കുന്നവന്റെ മുന്നിൽ അപ്പത്തിന്റെ രൂപത്തിലാണ് ദൈവം പ്രത്യക്ഷപ്പെടുന്നത് എന്നല്ലേ വിശുദ്ധ ബൈബിൾ പറയുന്നത്. എന്റെ സുഹൃത്ത് ശ്രീ. എം. വിൻസെന്റിനും അത് മനസ്സിലാകും. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സാധാരണക്കാരായ ജനങ്ങൾ ദൈവത്തെപ്പോലെ കരുതുന്നത്. എന്തിനാണ് നിങ്ങൾ വിഷമിക്കുന്നത്? അസൂയപ്പെട്ടിട്ടൊന്നും ഒരു കാര്യവുമില്ല. അതിനൊരു മരുന്നുമില്ല. അത് നിങ്ങളെ ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. പണ്ട് ലൈഫ് പദ്ധതിയെ തുരങ്കംവച്ചൊരു വ്യക്തിയുണ്ടായിരുന്നല്ലോ. ഇപ്പോൾ എന്തോ കുതിരാൻ തുരങ്കത്തിലാണെന്ന് തോന്നുന്നു. അദ്ദേഹത്തെ കണ്ടിട്ടില്ല. ഈ നാട് ഇത്തരത്തിലുള്ളവരെ എവിടെയാണ് എത്തിക്കുന്നത് എന്നത് ചരിത്രം രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അനുഭവത്തിൽനിന്ന്... കണ്ടാൽ പഠിക്കാത്തവൻ കൊണ്ടാൽ പഠിക്കുമെന്നാണ്. കണ്ടാലും കൊണ്ടാലും പഠിക്കാത്തവനെ യു.ഡി.എഫ്. എന്നല്ലാതെ എന്താണ് വിളിക്കുന്നത്? ഈ കേരളം അത് വിളിച്ചുകൊണ്ടേയിരിക്കുകയാണ്. നിങ്ങൾക്ക് എന്താണ് ഈ സർക്കാരിനെക്കുറിച്ച് പറയാനുള്ളത്, ജനങ്ങളുടെ ഭക്ഷണം, മരുന്ന്, ചികിത്സ, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ വികസനം

തുടങ്ങിയ എല്ലാ മേഖലകളിലും കുതിച്ചുചാട്ടമല്ലേ? കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ നാട് വളരുകയല്ലേ; സംസ്ഥാനത്തെ കടബാധ്യതയെക്കുറിച്ച് പറഞ്ഞ് ഇവിടെ വലിയ കണ്ണുനീർ ഒഴുക്കുകയാണ്. ഞാൻ ചോദിക്കട്ടെ, ഇപ്പോഴത്തെ ബഡ്ജറ്റിൽ സംസ്ഥാന വരുമാനത്തിന്റെ മൂന്നര ശതമാനം, കഴിഞ്ഞ വർഷം കേന്ദ്രം അനുവദിച്ച അരശതമാനം ഈ വർഷത്തേയ്ക്ക് നമ്മൾ മാറ്റി. ഇങ്ങനെയുള്ളപ്പോൾ കിട്ടുന്ന വായ്പയെല്ലാം വാരിക്കോരിയെടുത്ത് ചെലവഴിക്കുകയാണോ കേരളം ചെയ്യുന്നത്? അല്ല, മറിച്ച് വളരെ കരുതലോടുകൂടിയാണ് കേരളം നീങ്ങുന്നത്, ഇവിടെ ഫിനാൻസ് കമ്മീഷൻ കേരളത്തിന് 19891 കോടി രൂപ അനുവദിച്ചു. ഈ തുക എവിടെ എന്നാണ് പ്രതിപക്ഷം ചോദിക്കുന്നത്. കേന്ദ്രം 4000 കോടിരൂപയാണ് കേരളത്തിന് വെട്ടിക്കുറച്ചത്. നമ്മുടെ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഏകദേശം 1300 കോടി രൂപയോളം കുറവുണ്ടായി. 2021 സാമ്പത്തിക വർഷത്തിൽ, മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ 3.82 പോയിന്റാണ് ഇടിവുവന്നിട്ടുള്ളത്. മുൻവർഷത്തെ അപേക്ഷിച്ച് പരിശോധിക്കുമ്പോൾ നമുക്ക് ഈ അന്തരം കാണാൻ കഴിയില്ലേ. കോവിഡ്-19-നെത്തുടർന്ന് ലോക്ഡൗൺ വന്ന സാഹചര്യത്തിൽ

സംസ്ഥാനത്തിന്റെ വരുമാനത്തിൽ 18.77 ശതമാനത്തിന്റെ ഇടിവല്ലേ സംഭവിച്ചിരിക്കുന്നത്. എന്നിട്ടും നമ്മൾ മുന്നോട്ടുപോകുകയല്ലേ. കിഫ്ബിയെ ആക്ഷേപിക്കുന്ന ആൾക്കാരുണ്ട്. എങ്ങനെയാണ് നിങ്ങൾക്ക് ഇപ്പോഴും അതിന് മനസ്സു വരുന്നത്. സംസ്ഥാനത്ത് 60,000 കോടി രൂപയുടെ പദ്ധതി, അതിൽ 7,000 കോടി രൂപയുടെ പദ്ധതി തീർന്നു, 821 പ്രോജക്ടുകളിലായി 40,100 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി. ഭൂമി ഏറ്റെടുക്കാൻവേണ്ടി മാത്രം 20,000 കോടി രൂപ. 19,100 കോടി രൂപയുടെ പ്രോജക്ടുകൾ ടെണ്ടർ വിളിച്ച് നിർവ്വഹണത്തിലേയ്ക്ക് കടക്കുന്നു. എന്നിട്ടും എങ്ങനെയാണ് കിഫ്ബിയെ നിങ്ങൾക്ക് ആക്ഷേപിക്കാൻ കഴിയുന്നത്. ആരോഗ്യമേഖലയിൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ ഒരുക്കിക്കൊണ്ടല്ലേ മെഡിക്കൽ കോളേജുകൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്നത്. കോവിഡിന്റെ ഈ മഹാമാരിക്കാലത്ത് കേരളത്തിൽ ഓക്സിജൻ കിട്ടാതെ ആരെങ്കിലും മരിച്ചോ; കേരളത്തിൽ ചികിത്സ കിട്ടാതെ ആരെങ്കിലും മരിച്ചോ? ഗംഗാനദിയിൽ ശവശരീരങ്ങൾ ഒഴുകി നടക്കുമ്പോൾ, എന്റെ കേരളം, നമ്മുടെ കേരളം അഭിമാനകരമായി..., കേരളത്തിന്റെ പെരിയാറിലോ, ഭാരതപ്പുഴയിലോ ഒരു ശവശരീരവും ഒഴുകി

നടന്നിട്ടില്ല. ഇത് നമുക്ക് അഭിമാനമല്ലേ?

"ഭാരതമെന്ന പേരുകേട്ടാൽ
അഭിമാനപൂരിതമാകണം അന്തരംഗം
കേരളമെന്ന പേർ കേട്ടാലോ
തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ"

യു.ഡി.എഫ്.-കാരന്റെ ചോര തിളയ്ക്കുന്നില്ല, അത് മരവിച്ച നിൽക്കുകയാണ്, അത് തണുത്ത് നിൽക്കുകയാണ്. കൂടുതൽ തണുപ്പിലേയ്ക്കാണ്, അതാണ് ഞാൻ ഇവിടെ പറഞ്ഞത്. ഇവിടെ പശ്ചാത്തല വികസന കാര്യത്തിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, എന്തൊരു മാറ്റമാണ് കേരളത്തിൽ. കഴിഞ്ഞ അഞ്ചുവർഷം കേരളത്തിലെ പൊതുമരാമത്ത് വകുപ്പിൽ നിങ്ങൾക്ക് ഒരു അഴിമതി ആരോപണം ഉന്നയിക്കാൻ കഴിഞ്ഞോ? അതിനുമുൻപത്തെ അഞ്ചുവർഷം നമ്മുടെ മുമ്പിലുണ്ട്. പാലാരിവട്ടം നിൽക്കുകയാണ് പഞ്ചവടിപ്പാലം.... ഒന്നാം പിണറായി സർക്കാരിന്റെ അഞ്ചു വർഷക്കാലം, ശ്രീ. ജി. സുധാകരനെന്ന പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപമുണ്ടോ? ആ പാത പിന്തുടർന്നുകൊണ്ട് ഇന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ നേതൃത്വത്തിൽ രണ്ടാം പിണറായി സർക്കാർ

പ്രവർത്തിക്കുകയാണ്. എന്താണ് ഇപ്പോഴത്തെ സ്ഥിതി? പ്രതിപക്ഷത്തിന്റെ ഇന്നത്തെ അവസ്ഥയെന്താണ്? ഞാൻ വിവാദങ്ങളിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. കേരളീയ സമൂഹം ആദരിക്കുന്ന, അഭിവന്ദ്യനായ പാണക്കാട് കുടുംബത്തെപ്പോലും, ആ തറവാട്ടിൽ ഇ.ഡി.-ക്കാർ കയറിയിരിക്കുന്നുവെന്ന വാർത്ത വരുമ്പോൾ, ചന്ദ്രികയിൽ പോയ 10 കോടിരൂപയും പാലാരിവട്ടം പാലവും അന്നത്തെ മന്ത്രിയും എല്ലാം നിൽക്കുകയല്ലേ. ഞാൻ ചോദിക്കുകയാണ്, ഈ കേരളത്തിൽ ഇന്ന് അത്തരത്തിൽ എന്തെങ്കിലുമുണ്ടോ? ഇവിടെ ഓരോ മേഖലകൾ എടുത്തുനോക്കു, വ്യവസായം, എന്താണ് യു.ഡി.എഫ്. കാലത്തെ സ്ഥിതി? കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളുടെ ഇന്നത്തെ അവസ്ഥയെന്താണ്? ഈ വലിയ പ്രതിസന്ധി സന്ദർഭത്തിലും 40 ലക്ഷം കുടുംബങ്ങളുടെ ഉപജീവന മാർഗ്ഗമായ കയർ, കൈത്തറി, ഖാദി, നെയ്ത്ത്, ആർട്ടിസാൻസ്, ഈറ്റ-പനമ്പ് തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണത്തിനുവേണ്ടി കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് എത്ര ശക്തമായ ഇടപെടലുകളാണ് നടത്തുന്നത്. എന്തായിരുന്നു കഴിഞ്ഞ കാലത്തെ അവസ്ഥ? നമ്മുടെ പൊതുമേഖലാ വ്യവസായങ്ങൾ, ഞാൻ

ഓർക്കുകയാണ് എന്റെ മണ്ഡലത്തിലാണ് കെ.എസ്.ഡി.പി., എന്തായിരുന്നു പഴയ അവസ്ഥ? യു.ഡി.എഫ്.-ന്റെ കാലത്ത് ശമ്പളം കൊടുക്കാൻ നിവൃത്തിയില്ലാത്ത അവസ്ഥയിലെത്തിയില്ലേ? ഇന്ന് ആ സ്ഥാപനത്തിൽ ഉണ്ടാക്കുന്ന മരുന്ന് കേരളത്തിലെ ആശുപത്രികളിൽ, ആരോഗ്യവകുപ്പിന്റെ അടുക്കളയിൽനിന്ന് എന്നതുപോലെയാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. പണ്ട് അവിടെനിന്നും മരുന്ന് വാങ്ങില്ലായിരുന്നു, സ്വകാര്യമേഖലയിൽ നിന്നാണ് മരുന്ന് വാങ്ങിയിരുന്നത്. ആ കമ്പനിയിൽനിന്നും വാങ്ങിയില്ല, ഉണ്ടാക്കിയ മരുന്നുകൾ വിൽക്കാൻ കഴിഞ്ഞില്ല, ശമ്പളം കൊടുക്കാൻ കഴിഞ്ഞില്ല, അതായിരുന്നു പൊതുമേഖലയുടെ അവസ്ഥ, കെ.എസ്.ഡി.പി.-യുടെ അവസ്ഥ. പ്രിയമുള്ളവരേ ഇന്ന് കേരളത്തിലെ വ്യവസായ മേഖലകളിൽ പുതിയ മാറ്റമല്ലേ? ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ, 20 ലക്ഷം തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കേരളത്തിലെ ഗവൺമെന്റ് നടത്തുന്ന പ്രവർത്തനം. പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുവാനുള്ള പ്രവർത്തനം, അഭിമാനകരമല്ലേ. ഈ സഭയിൽ ചർച്ച ചെയ്തതാണ്. സഹകരണമേഖല, ഞാൻ ചോദിക്കട്ടേ കരുവന്നൂർ ബാങ്കില്ലെങ്കിൽ എന്തായിരുന്നു യു.ഡി.എഫ്.-ന്റെ അവസ്ഥ? ഞങ്ങൾ ഒരു അഴിമതിയേയും

പ്രോത്സാഹിപ്പിക്കുന്നില്ല. അത് യു.ഡി.എഫ്. ആയാലും എൽ.ഡി.എഫ്. ആയാലും സഹകരണ പ്രസ്ഥാനത്തെ തകർക്കുന്നതിന് ഒരിക്കലും കൂട്ട് നിൽക്കാൻ കഴിയില്ല. ഒന്നിച്ചു നിൽക്കണം, പക്ഷെ അതാണോ ചെയ്യുന്നത്? ഈ സഭയിൽ മുഴുവൻ വാക്കൗട്ട് അല്ലാതെ വേറെ എന്തെങ്കിലും ഉണ്ടോ? ഞാൻ ഓർത്തു ഇന്നൊരു വാക്കൗട്ട് ഇല്ലല്ലോ എന്ന് ആശ്വസിച്ച് ഇരിക്കുമ്പോഴാണ് പെട്ടെന്നൊരു വാക്കൗട്ട്. നല്ല മദ്യപാനികൾ വെള്ളമടിച്ചില്ലെങ്കിൽ നാട്ടിൽ പറയും ശരീരം വിറയ്ക്കുമെന്ന്. യു.ഡി.എഫ്.-ന്റെ ശരീരം ഒരു ദിവസം വാക്കൗട്ട് നടത്തിയില്ലെങ്കിൽ വിറയ്ക്കുമെന്നാണോ. എനിക്ക് അറിഞ്ഞുകൂടാ. .....(മൈക്ക് ഓഫ്)..... ഞാൻ ഈ ധനകാര്യ ബില്ലിനെ പിൻതുണച്ചുകൊണ്ട് നിർത്തുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, നമ്മുടെ ധനകാര്യ നിർദ്ദേശങ്ങൾക്ക് നിയമ പരിരക്ഷ നൽകാനുള്ള ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രിയെ സംബന്ധിച്ചിടത്തോളം ഈ ഒരു കാലഘട്ടത്തിൽ ഞാൻ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ കാണുന്നത് മഹാഭാരതത്തിലെ ഭീഷ്മരുടെ അനുഭവമാണ്. സ്വന്തം കർമ്മ മേഖലയിൽ നിൽക്കുമ്പോഴും ധർമ്മത്തെ എങ്ങനെ സംരക്ഷിക്കാൻ

കഴിയുമെന്നുള്ള ഒരു വലിയ പ്രതിസന്ധിയായിരുന്നു ഭീഷ്മരുടെ ജീവിതം. ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ധനവിനിയോഗത്തിന്റെ എല്ലാ സാധ്യതകളേയും കൃത്യമായി കർമ്മപഥത്തിൽ കൊണ്ടുവരാനും അതോടൊപ്പം  കോവിഡ് കാലഘട്ടത്തിൽ ഒരു ജനതയോടുള്ള തന്റെ ധർമ്മം നിർവ്വഹിക്കാനുള്ള ആത്യന്തികമായ സംഘർഷത്തിലുമാണ് യഥാർത്ഥത്തിൽ ഈ കാലഘട്ടത്തിൽ ഒരു ധനകാര്യ വകുപ്പുമന്ത്രിയുടെ ജീവിതം മുമ്പോട്ടുപോകുന്നത്. പക്ഷെ അവിടെ ധർമ്മത്തിന് മുൻതൂക്കം നൽകിക്കൊണ്ടാണ് പോകുന്നത്. എനിക്കുമുമ്പേ ഇവിടെ സംസാരിച്ച എന്റെ പ്രിയപ്പെട്ട സുഹൃത്ത് ഡോ. മാത്യു കുഴൽനാടൻ ഉൾപ്പെടെയുള്ള ആളുകൾ ഇതിന്റെ സാങ്കേതികമായ അർത്ഥങ്ങളിലേയ്ക്ക് കടന്നുപോയപ്പോഴും, സാങ്കേതിക സംജ്ഞകൾക്കും സാമ്പത്തിക സമവായങ്ങൾക്കുമപ്പുറം അടിസ്ഥാനപരമായി ഒരു ജനതയുടെ നിലനിൽപ്പിന്റേയും അവരുടെ അതിജീവനത്തിന്റേയുമാണ് പ്രധാനപ്പെട്ട പ്രശ്നങ്ങളെന്ന തിരിച്ചറിവാണ് യഥാർത്ഥത്തിൽ ധനകാര്യ വകുപ്പുമന്ത്രി മുമ്പോട്ടുവച്ച ഈ നിർദ്ദേശങ്ങളുടെ പ്രധാനപ്പെട്ട കാര്യങ്ങളിലൊന്ന്.  നമുക്കറിയാം കോവിഡ് കാലത്തിന്റെ പ്രത്യേകത രണ്ട് കാര്യങ്ങളാണ്.  നമ്മുടെ ജീവിതം നിലനിർത്തണം,

livelihood (നമ്മുടെ ഭക്ഷണവും ജീവിതവും) മുമ്പോട്ട് കൊണ്ടുപോകണം എന്ന രണ്ട് ആവശ്യങ്ങളാണുള്ളത്. ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട എല്ലാ നിർദ്ദേശങ്ങളും അതുമായി ബന്ധപ്പെട്ടാണ് യഥാർത്ഥത്തിൽ മുമ്പോട്ട് വച്ചിട്ടുള്ളതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 44-ാമത്തെ വയസ്സിലാണ് Albert Camus-ന് നോബൽ പ്രൈസ് കിട്ടുന്നത്. ഇതുപോലൊരു മഹാമാരിയുടെ കാലഘട്ടത്തിനെ അനുസ്മരിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ കൃതിയാണ് 'The Plague' എന്ന പുസ്തകം. അതിൽ അദ്ദേഹം പറയുന്നുണ്ട്, 'nobody is capable of really thinking about anyone, even in the worst calamity'. ഒരു worst calamity-യിൽ മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കാൻ ആർക്കും കഴിയുകയില്ലെന്നാണ്. Albert Camus ഇന്നാണ് ജീവിച്ചിരുന്നതെങ്കിൽ, അദ്ദേഹം കേരളത്തിൽ ഈ കാലഘട്ടത്തിൽ വന്നിരുന്നുവെങ്കിൽ, Albert Camus-ന്റെ വാക്ക് തിരുത്തുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അദ്ദേഹം തിരിച്ചെഴുതും 'The Government is capable of really thinking about everybody, in the worst calamity'. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ worst calamity-യിൽ ഒരു ഗവൺമെന്റ് എങ്ങനെ

പ്രവർത്തിക്കുന്നുവെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഇന്ന് നടക്കുന്ന പ്രവർത്തനങ്ങൾ.

ഞാൻ മറ്റു വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല, ബഡ്ജറ്റിനെ സമീപിക്കുമ്പോൾ രണ്ടുമൂന്ന് കാര്യങ്ങളാണുള്ളത്. എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ, ബഡ്ജറ്റിന്റെ സൈദ്ധാന്തികതലങ്ങൾ എടുക്കുമ്പോഴും അതിന് യഥാർത്ഥത്തിൽ മൂന്ന് തലങ്ങളുണ്ട്. ബഡ്ജറ്റെന്നു പറയുന്നത് കേവലമായ കണക്കുകൾക്കപ്പുറത്ത് അതിന് വേറൊരു സാമൂഹികപരമായ തലം കൂടിയുണ്ട്. ആ തലംകൂടി ഉൾക്കൊള്ളുമ്പോഴാണ് ബഡ്ജറ്റ് അതിന്റെ പൂർണ്ണമായ അർത്ഥത്തിലേയ്ക്ക് കടന്നുവരുന്നത്. ഒരു ജനതയുടെ ആഗ്രഹാഭിലാഷങ്ങളുടേയും ഒരു നാടിന്റെ വികസനാവശ്യങ്ങളുടേയും പ്രതിഫലനമാണ് ഒരു ബഡ്ജറ്റ്. ആ അർത്ഥത്തിൽ വികസനോന്മുഖമായിരിക്കണം, ജനക്ഷേമകരമായിരിക്കണം, സമഗ്രമായ വികസന രേഖ എന്നതുപോലെ സാമ്പത്തിക-സാമൂഹിക മണ്ഡലത്തിന്റെ പരിവർത്തനത്തിനുള്ള ഉപാധി കൂടിയാണത്. ഈ ഒരു അർത്ഥത്തിലാണ് നമുക്ക് ഈ ബഡ്ജറ്റിനെ കാണാൻ കഴിയുന്നത്. ആ അർത്ഥത്തിൽ കോവിഡ് പോലുള്ള ഒരു കാലഘട്ടത്തിൽ അതിനെ

പ്രതിരോധിക്കുവാനുള്ള കൃത്യമായ ഇടപെടൽ ഈ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്, നമ്മുടെ കടവുമായി ബന്ധപ്പെട്ട കാര്യമാണ്. നമ്മുടെ പ്രധാനപ്പെട്ട വിഷയം, debt-GSDP ratio നോക്കിയാണ് കടത്തെക്കുറിച്ചുള്ള ചർച്ചകൾ എപ്പോഴും പറയാറുള്ളത്. കോവിഡ് കാലത്ത് അതിലുണ്ടായ വലിയൊരു മാറ്റം, കേരളവുമായി ബന്ധപ്പെട്ട് വളരെ ഷോർട്ടായി പറയുകയാണെങ്കിൽ, കോവിഡിനുശേഷമുണ്ടായ ഒരുപാട് പ്രശ്നങ്ങൾ, നമ്മുടെ ജി.എസ്.ഡി.പി.-യുമായി ബന്ധപ്പെട്ട് ഡെബ്റ്റ് റേഷ്യോയിൽ മാറ്റങ്ങളുണ്ടായിട്ടുണ്ട്. ആത്യന്തികമായി കടത്തിന്റെ ഒരു ബാധ്യതയ്ക്കപ്പുറത്ത് ഇപ്പോഴുണ്ടായ സാമ്പത്തിക മാന്ദ്യവുമായികൂടി കണക്കാക്കുമ്പോഴാണ് ആഭ്യന്തര ഉൽപ്പാദനം കുറയുകയും സ്വാഭാവികമായി മറ്റു ചെലവ് വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിലുണ്ടായൊരു പ്രതിഭാസമാണ്. ആ സാമ്പത്തിക കർമ്മങ്ങളെക്കുറിച്ചുള്ള ഒരു വ്യത്യസ്തത നിലനിൽക്കുന്ന ഒരു കാലഘട്ടത്തിൽ, ഗവൺമെന്റിന്റെ ധനമാനേജ്മെന്റ് ഒരു പരാജയമാണെന്ന് ഒരിക്കലും പറയാൻ കഴിയുകയില്ല. ഞാൻ അതുംകൂടി സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾക്കൊപ്പം

അതിന് നിയമപരമായ പരിരക്ഷ നൽകാനുള്ള ഈ ബില്ലിനെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട, ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. കോവിഡ്-19 മഹാമാരിയുടെ ഈ കെട്ടകാലത്ത് ജനങ്ങളിൽ അധികഭാരം കെട്ടിയേൽപ്പിക്കാതെ ധനകാര്യ ബിൽ അവതരിപ്പിച്ച ബഹുമാന്യനായ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരള മന്ത്രിസഭയെയും ധനകാര്യ വകുപ്പുമന്ത്രിയെയും പ്രത്യേകം അഭിവാദ്യം ചെയ്യുകയാണ്. കോവിഡ് മഹാമാരി മാനവചരിത്രത്തിലെ പ്രത്യേക ഘട്ടത്തെയാണ് ഇപ്പോൾ സൂചിപ്പിക്കുന്നത്. മാനവരാശിയുടെ മോചനത്തിന് ഒരേയൊരു പ്രത്യയശാസ്ത്രമേയുള്ളൂ, അത് മുതലാളിത്ത വ്യവസ്ഥയാണെന്ന് മൂന്ന് ദശാബ്ദക്കാലമായി ലോകത്തിൽ മുഴങ്ങിക്കേൾക്കുകയാണ്. ഈ മഹാമാരിയുടെ കാലത്ത് ജനങ്ങളെ സംരക്ഷിക്കാൻ കഴിയുന്ന പ്രത്യയശാസ്ത്രമല്ല മുതലാളിത്തമെന്ന് കൂടുതൽക്കൂടുതൽ വ്യക്തമായി വന്നിരിക്കുകയാണ്. നവ ഉദാരവത്കരണ നയങ്ങളും സ്വകാര്യവത്കരണവും പങ്കാളിത്ത മുതലാളിത്തവുമെല്ലാംതന്നെ

ഈ പ്രതിസന്ധി പരിഹരിക്കാൻ പര്യാപ്തമല്ലെന്ന് സാമ്പത്തിക വിദഗ്ദ്ധർ അഭിപ്രായപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. രാജ്യത്തെ തെരുവീഥികളിൽ പൗരന്മാർ മരിച്ചുവീഴുമ്പോൾ നേരത്തേ സ്വകാര്യവത്കരിച്ച ആശുപത്രികൾ ദേശസാൽക്കരിക്കാൻ സ്പാനിഷ് സർക്കാർ നിർബന്ധിതമായ കാഴ്ച നാം കണ്ടതാണ്. അമേരിക്കയിൽ പണിയെടുക്കുന്നവരിൽ ഇരുപത്തിയഞ്ച് ശതമാനം തൊഴിലില്ലായ്മ വേതനത്തിനുവേണ്ടി അപേക്ഷിച്ചിരിക്കുന്നു. ഏറ്റവും വലിയ പ്രതിസന്ധിയിലൂടെ മുതലാളിത്തലോകം മുമ്പോട്ടുപോയ്ക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ക്ഷേമനടപടികൾ വെട്ടിക്കുറച്ചും വേതനം വെട്ടിക്കുറച്ചും പ്രതിസന്ധി പരിഹരിക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. യൂറോപ്യൻ രാജ്യങ്ങൾ മുഴുവനും പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് മുമ്പോട്ട് പോകേണ്ടിവന്നു. എന്നിട്ടും പ്രതിസന്ധി തുടരുകയാണ്. ശാസ്ത്രീയ നിലപാടുകൾ സ്വീകരിച്ചുകൊണ്ടും സോഷ്യലിസ്റ്റ് സമ്പദ്ഘടന അംഗീകരിച്ചുകൊണ്ടും മുമ്പോട്ടുപോകുന്ന രാജ്യങ്ങൾ തങ്ങളുടെ രാജ്യത്തെ ജനങ്ങളെ സംരക്ഷിക്കുകയും സുസ്ഥിര വികസനം കൈവരിച്ച് പടിപടിയായി മുമ്പോട്ടുപോകുന്ന ആവേശകരമായ ചിത്രം നാം കാണുകയാണ്. ചൈന, വിയറ്റ്നാം, ക്യൂബ

എന്നിവിടങ്ങളിലൊക്കെ ഈ സ്ഥിതി നമുക്ക് കാണാൻ കഴിയും. പ്രതിസന്ധി പരിഹരിക്കാൻ ലോകത്തെമ്പാടുമുള്ള ജനങ്ങളും വിദഗ്ദ്ധരും മാർക്സിസത്തെയും മാർക്സിനെയും തേടിപ്പോകുന്ന കാഴ്ച നമ്മൾ കാണുകയാണ്. 'മൂലധനം' ലോകത്തെമ്പാടും പുനർവായനയ്ക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഘട്ടമാണിത്. മാനവരാശിയുടെ ഏക മോചന മാർഗ്ഗം കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം മാത്രമാണെന്ന് ലോകത്ത് അംഗീകരിപ്പെട്ട ഒരു കാലഘട്ടംകൂടിയാണ് ഈ കടന്നുപോകുന്നത്. നരേന്ദ്ര മോദിയുടെ സർക്കാർ വിനാശകരമായ സ്വകാര്യ കോർപ്പറേറ്റ് ചങ്ങാത്ത മുതലാളിത്തവുമായി മുമ്പോട്ടുപോകുന്നു. പട്ടിണിയും തൊഴിലില്ലായ്മയും സാമ്പത്തികക്കുഴപ്പവും രൂക്ഷമാകുന്നു. തെരുവോരങ്ങളും പുഴകളും ശവങ്ങൾകൊണ്ട് നിറയുന്നു. ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന ഭക്ഷ്യധാന്യങ്ങൾ പുഴുത്തുനാറി കടലിലേയ്ക്ക് തള്ളുന്നു. സാനിറ്റൈസർ ഉണ്ടാക്കാനായി കോർപ്പറേറ്റുകൾക്ക് കുറഞ്ഞനിരക്കിൽ കൊടുക്കുന്നു. പട്ടിണി കിടക്കുന്ന സ്വന്തം രാജ്യത്തെ ജനങ്ങളെ സഹായിക്കാനായി ഭക്ഷണം കൊടുക്കാൻ തയ്യാറാകാത്ത ഒരു ഭരണാധികാരിയെയാണ് നമുക്ക് ഇന്ത്യാരാജ്യത്ത് കാണാൻ കഴിയുന്നത്. പ്രതിസന്ധിക്ക് മറവിലും കോർപ്പറേറ്റ്വത്കരണം ശക്തമായി നടത്തി

മുന്നോട്ടുപോകുന്ന കാഴ്ച നാം കാണുന്നു. സംസ്ഥാനങ്ങളുടെ അവകാശങ്ങൾ കവരുന്നു. സാമ്പത്തിക സഹായങ്ങൾ നിഷേധിക്കുന്നു. അർഹതപ്പെട്ട സാമ്പത്തിക സഹായങ്ങൾപോലും ചെയ്യാൻ തയ്യാറാകുന്നില്ല. ഒരു മഹാമാരിയുടെ കാലഘട്ടത്തിൽ കേന്ദ്രം സംസ്ഥാനങ്ങളെ സഹായിക്കാൻ ബാധ്യസ്ഥമാണ്. ആ കാര്യംപോലും നിർവ്വഹിക്കാൻ തയ്യാറാകുന്നില്ലെന്ന് നാം കാണേണ്ടതാണ്. ഈ പ്രതിസന്ധികൾക്കിടയിലാണ് നമ്മുടെ കൊച്ചുകേരളം ലോകത്തിനുമുമ്പിൽ വളരെ തലയുയർത്തി നിൽക്കുന്ന കാഴ്ച നാം കാണുന്നത്. കേന്ദ്രം സ്വീകരിക്കുന്ന ജനവിരുദ്ധ നയത്തിന് ബദൽ നയം ആവിഷ്കരിച്ചുകൊണ്ടാണ് കേരളത്തിലെ പിണറായി സർക്കാർ മുമ്പോട്ടുപോകുന്നത്. കേരളത്തിലെ സാമ്പത്തികരംഗം അതിരൂക്ഷമാണെന്ന് നമുക്കെല്ലാമറിയാം. 2018-19 -ൽ റവന്യൂ വരവ് 92854 കോടി രൂപ, 2019-20-ൽ 90224 കോടി രൂപയായി കുറഞ്ഞു., 2020-21-ൽ വീണ്ടും കുറയും. സ്വന്തം നികുതി വരുമാനം 2018-19-ൽ 50664 കോടി രൂപ, 2019-20-ൽ 50323 കോടി രൂപ, 2020-21-ൽ 45272 കോടി രൂപയായി വീണ്ടും കുറഞ്ഞിരിക്കുകയാണ്. നികുതിയേതര വരുമാനം 2018-19-ൽ 11783 കോടി രൂപ, 2019-20-ൽ 12265 രൂപ, 2020-21-ൽ 9121 കോടി

രൂപയായി ഭയാനകമായ രൂപത്തിൽ കുറഞ്ഞിരിക്കുന്നുവെന്ന കാഴ്ച നാം കാണുകയാണ്. കേന്ദ്ര വിഹിതം 2018-19-ൽ 19038 കോടി രൂപ, 2019-20-ൽ 16401 കോടി രൂപ, 2020-21-ൽ 9844 കോടി രൂപയായി കുറഞ്ഞ കാഴ്ച നമുക്ക് കാണാം. ജി.എസ്.ടി. നഷ്ടപരിഹാരം അഞ്ചുവർഷം മാത്രമേ നമുക്ക് ലഭിക്കൂ. അടുത്തവർഷം നമുക്കത് ലഭിക്കില്ല. 2020-21 വർഷം പതിനായിരം കോടിയിലധികം രൂപ നഷ്ടപരിഹാരമായും പ്രത്യേക ലോണായും നമുക്ക് ലഭിച്ചിരുന്നുവെന്ന കാര്യംകൂടി നാം ഓർമ്മിക്കേണ്ടതുണ്ട്. ധനകാര്യ കമ്മീഷന്റെ ശിപാർശയനുസരിച്ച് ആദ്യവർഷം ലഭ്യമാകേണ്ടത് 19801 കോടി രൂപയാണ്. രണ്ടാം വർഷം 13174 കോടി രൂപയും അവസാനവർഷം 4749 കോടി രൂപ മാത്രം. തുടർന്നുള്ള വർഷങ്ങളിൽ നമുക്ക് ഇത് ലഭ്യമാകില്ല. ശമ്പളപരിഷ്കരണത്തിനുവേണ്ടി പതിനാലായിരം കോടി രൂപ ചെലവഴിച്ചു. രണ്ടുവർഷം കഴിഞ്ഞ് കൊടുക്കേണ്ട കുടിശ്ശികയ്ക്ക് 4500 കോടി രൂപ ആവശ്യമായി വരും. വളരെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്കിടയിലാണ് ലോകത്തിന്റെയാകെ ശ്രദ്ധ പിടിച്ചുപറ്റിക്കൊണ്ട് ജനങ്ങൾക്ക് സംരക്ഷണം നൽകുന്ന ബദൽ നടപടികളുമായി ഈ സർക്കാർ മുമ്പോട്ടുപോകുന്നത്. കേരളം ക്ഷേമപദ്ധതികളുടെ നാടാണ്. ബഡ്ജറ്റിലെ

ഗണ്യമായ ഭാഗം ക്ഷേമപരിപാടികൾക്കുവേണ്ടി മാറ്റിവയ്ക്കുന്നു. പശ്ചാത്തല വികസനത്തിന് പണം കണ്ടെത്താൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് എല്ലാവർക്കും അറിയാം. അവിടെയാണ് ബദൽ നയമെന്നനിലയിൽ ബഡ്ജറ്റേതര മാർഗ്ഗത്തിലൂടെ വരുമാനം കണ്ടെത്താനുള്ള പരിശ്രമവുമായി മുന്നോട്ടുപോയതത്. ആദ്യഘട്ടത്തിൽ, ഒന്നാം പിണറായി ഗവൺമെന്റിന്റെ ആദ്യ ബഡ്ജറ്റിൽ കിഫ്ബിവഴി 2500 കോടി രൂപ ശേഖരിക്കുമെന്ന പ്രഖ്യാപനമുണ്ടായപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷം എങ്ങനെയാണ് അതിനെ സ്വീകരിച്ചത്? 'ആകാശകുസുമം' എന്നായിരുന്നു വിശേഷണം. ഹരിപ്പാട് ഹയർ സെക്കന്ററി സ്കൂളിന് 5.2 കോടി രൂപ. ഇലഞ്ഞിമേൽ - ഹരിപ്പാട് റോഡിന് 150 കോടി രൂപ, ആകാശകുസുമം! കോസ്റ്റൽ ഹൈവേ ആലപ്പുഴ-650 കോടി രൂപ, മേൽപ്പാടം ബ്രിഡ്ജിന് 30 കോടി രൂപ. ഇവിടെ പറഞ്ഞത്, പിണറായി സർക്കാർ ബഡായി സർക്കാർ! മാന്നാർ റോഡിന് 30 കോടി രൂപ, കുടിവെള്ളത്തിന് 12 കോടി രൂപ. 'സ്വദേശി ജാഗരൺ മഞ്ച് ' കോവിഡ് പ്രതിരോധത്തെ തകർക്കാനായി കോടതിയെ സമീപിച്ചു. ആ കേസിൽ വക്കാലത്ത് എടുത്തത് ആരായിരുന്നു? അത് നമ്മുടെ ബഹുമാനപ്പെട്ട അങ്കമാലി അംഗമായിരുന്നു. അങ്കമാലി

ബൈപ്പാസിന് 50 കോടി രൂപ, മാർക്കറ്റ് വികസനം 12 കോടി രൂപ, അങ്കമാലി എയർപോർട്ട് റോഡ് 276 കോടി രൂപ, അങ്കമാലി കുടിവെള്ള പദ്ധതി 116 കോടി രൂപ. സ്വന്തം മണ്ഡലത്തിലെ ജനങ്ങളുടെ കുടിവെള്ളത്തിൽ വിഷം കലക്കുന്ന നടപടിയല്ലേ സ്വീകരിച്ചത്? ഈ രൂപത്തിലുള്ള നിലപാടുമായി പ്രതിപക്ഷം മുമ്പോട്ടുപോകുമ്പോൾ കിഫ്ബി അഖിലേന്ത്യാടിസ്ഥാനത്തിൽ അംഗീകാരമുള്ള ഒരു പദ്ധതിയായി മാറിയെന്നത് നാം കാണേണ്ടതാണ്. സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിച്ചു, ജനങ്ങളുടെ കൈയിൽ നേരിട്ട് പണമെത്തിക്കുന്ന രൂപത്തിലുള്ള നടപടികൾ സ്വീകരിച്ചു. വാക്സിനേഷൻവഴി മാത്രമേ കാര്യങ്ങൾ നടത്തി മുമ്പോട്ടുപോകാൻ കഴിയുകയുള്ളൂ. പണമുള്ളവർക്ക് മാത്രം വാക്സിൻ എന്ന് കേന്ദ്രം പ്രഖ്യാപിച്ചപ്പോൾ, ആ പ്രശ്നം പരിഹരിക്കാനായി കേരള മുഖ്യമന്ത്രി ആദ്യഘട്ടത്തിൽത്തന്നെ എല്ലാവർക്കും സൗജന്യ വാക്സിൻ എന്ന് പ്രഖ്യാപിക്കുകയുണ്ടായി. സംസ്ഥാനത്ത് പ്രഖ്യാപിക്കപ്പെട്ട എല്ലാ നടപടികളോടും പ്രതികൂലമായ നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചത്. നിങ്ങൾക്ക് നയമുണ്ടോ; പരിപാടിയുണ്ടോ? പ്രതിപക്ഷത്തും ബഹുമാനപ്പെട്ട എം.എൽ.എ.-മാർ തെരഞ്ഞെടുക്കപ്പെട്ട് വന്നിട്ടുണ്ടല്ലോ, നിങ്ങളുടെയെല്ലാം

തെരഞ്ഞെടുപ്പ് പ്രചരണ ബോർഡുകളും പോസ്റ്ററുകളും വഴിയോരങ്ങളിൽ ഇപ്പോഴും തൂങ്ങി നിൽക്കുന്നുണ്ട്. എൽ.ഡി.എഫ്. സർക്കാർ കിഫ്ബി വഴി നടപ്പിലാക്കിയ പദ്ധതികൾ, ഞങ്ങളുടെ പദ്ധതികളാണെന്ന് പ്രചരണം നടത്തിയിട്ടല്ലേ നിങ്ങൾ വോട്ടുവാങ്ങി ഈ സഭയിൽ എത്തിയത്? നിങ്ങൾ സ്വീകരിച്ച ഈ ഇരട്ടത്താപ്പിനേറ്റ ഏറ്റവും വലിയ പ്രഹരമാണ് ശുഷ്കിച്ച പ്രതിപക്ഷനിരയെന്ന് നമുക്ക് കാണാൻ കഴിയും. ഇത്തരം നിലപാട് നിങ്ങൾ തിരുത്തിയാൽ നല്ലത്. ഞാൻ ഈ ധനകാര്യ ബില്ലിനെ പിന്തുണയ്ക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, 2021-ലെ കേരള ധനകാര്യ ബില്ലും 2021-ലെ കേരള ധനകാര്യ (രണ്ടാം നമ്പർ)ബില്ലും സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഈ സഭയിൽ നടന്ന ചർച്ചയിൽ ഉയർന്നുവന്ന രണ്ടുമൂന്ന് കാര്യങ്ങളെ സംബന്ധിച്ച് ചെറിയൊരു പരാമർശം നടത്താൻ ആഗ്രഹിക്കുന്നു. ഈ സഭയിലെ അവരുടെ സംസാരം കേട്ടാൽ ഇന്ദിരാഗാന്ധിയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുമൊക്കെ ഇടതുപക്ഷത്തിന്റെ ആളുകൾ തലയിൽ കയറ്റിക്കൊണ്ട് പോയതുപോലെ തോന്നുകയാണ്. ജീവിച്ചിരുന്ന സന്ദർഭത്തിലും മുന്നോട്ടുപോയ സന്ദർഭങ്ങളിലും വികസന പദ്ധതികളിലുമൊക്കെ അന്നവർ

എടുത്ത സമീപനം എന്തായിരുന്നു എന്നുള്ളത് കൃത്യമായി നമുക്ക് അറിയാവുന്ന കാര്യമാണ്. ഞാനതിലേയ്ക്ക് കൂടുതലായി കടക്കുന്നില്ല.

കേരളക്കരയിൽ മുതലാളിത്തത്തിന്റെ വക്താക്കളായി ഏത് ഗവൺമെന്റാണ് പ്രവർത്തിക്കുന്നതെന്നും ഇടതുപക്ഷത്തിൽനിന്ന് വ്യതിചലിച്ച് വലതുപക്ഷ മാർഗ്ഗത്തിലേയ്ക്ക് പോയത് ആരാണെന്നുള്ളതും ജനങ്ങൾക്കറിയാം. കിഫ്ബി, എ.ഡി.ബി., ലോകബാങ്ക് അടക്കമുള്ള നവലോക സാമ്പത്തികക്രമത്തിൽ ഏതെല്ലാം ഏജൻസികളുണ്ടോ ആ ഏജൻസികളിൽനിന്ന് ഫണ്ട് കൊണ്ടുവരാൻ നേതൃത്വം കൊടുത്ത ഇടതുപക്ഷ ഗവൺമെന്റിന്റെ സമീപനം തന്നെ അവർ ആരുടെ കൂടെയാണ് എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്.

ഇവിടെ നേരത്തെ കിഫ്ബിയെക്കുറിച്ച് സൂചിപ്പിച്ചു. കിഫ്ബിയുടെ ഫണ്ടിനെക്കുറിച്ചല്ല ഇവിടെ പ്രധാനമായും ചർച്ച നടത്താൻ ആഗ്രഹിക്കുന്നത്. കിഫ്ബിയിലേയ്ക്ക് ഫണ്ട് വന്നിട്ടുള്ള വഴിയും കിഫ്ബിയുടെ നയപരമായിട്ടുള്ള സമീപനവും അതുണ്ടാക്കുന്ന സാമ്പത്തിക ആഘാതവുമാണ് പരമ പ്രധാനമായിട്ടുള്ള ചർച്ച. 2019 മാർച്ച് 29-ാം തീയതി 2150 കോടി രൂപ മസാല ബോണ്ടുകൾ വഴി വിദേശത്തുനിന്ന്

കേരളത്തിലേയ്ക്ക് കൊണ്ടുവന്നപ്പോൾ അതിന്റെ പലിശ എത്രയാണ് എന്നുള്ളതാണ് പ്രധാനപ്പെട്ട ചോദ്യം. 9.72 ശതമാനമാണ് പലിശ. അഞ്ച് വർഷത്തെ കാലാവധി കഴിയുമ്പോൾ പലിശയും മുതലുംകൂടി 3195.23 കോടി രൂപ തിരിച്ചടയ്ക്കണം. തിരിച്ചടവ് 6 മാസം കഴിയുമ്പോൾ ആരംഭിക്കും. ഞങ്ങൾ ചോദിക്കുന്ന പ്രധാനപ്പെട്ട ചോദ്യങ്ങൾക്കൊന്നും നിങ്ങൾക്ക് മറുപടിയില്ല. അന്താരാഷ്ട്ര മാർക്കറ്റിൽ കുറഞ്ഞപലിശ നിരക്കിൽ പണം ലഭ്യമായിട്ടും എന്തിനാണ് 9.72 ശതമാനത്തിന് ഇതുപോലെ പണം കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ ആരാണ് നിങ്ങളെ പ്രേരിപ്പിച്ചത്; യു.ഡി.എഫ്.-സർക്കാരിന്റെ കാലത്ത് കൊച്ചിൻ മെട്രോയ്ക്ക്, ഫ്രഞ്ച് കമ്പനിയായ എ.എഫ്.ഡി.-യിൽ നിന്ന് ഞങ്ങൾ പണം കടമെടുത്തു. യു.ഡി.എഫ്-. കടമെടുത്തത് 1350 കോടി രൂപയാണ്. അതിന്റെ പലിശ 1.3 ശതമാനവുമാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 1.3 ശതമാനമാണ് പലിശയെങ്കിൽ എൽ.ഡി.എഫ്.-ന്റെ കാലത്ത് 9.72 ശതമാനമാണ്. ഇതാണ് ഞങ്ങൾ എതിർക്കുന്ന പ്രധാനപ്പെട്ടൊരു കാര്യം. വാട്ടർ മെട്രൊയ്ക്ക് ജർമ്മൻ കമ്പനിയായ കെ.എഫ്.ഡബ്ല്യൂ.-ൽനിന്ന് ഞങ്ങൾ കടമെടുത്തത് 1.55 ശതമാനം പലിശ നിരക്കിലാണ്. നിങ്ങൾ ഇവിടെ കടമെടുക്കുന്നത്

9.72 ശതമാനത്തിലാണ്. സംസ്ഥാനത്തേയ്ക്ക് വന്ന പണത്തിന്റെ രീതികളെക്കുറിച്ചൊന്നും ഞങ്ങൾ പറയുന്നില്ല. മത്സര സ്വഭാവമുണ്ടാകുന്ന തരത്തിൽ മറ്റുള്ള സ്ഥാപനങ്ങൾക്കുംകൂടി മസാലബോണ്ട് വാങ്ങിക്കാനുള്ള അവസരം നല്കാതെ എന്തുകൊണ്ടാണ് എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിയുമായി ബന്ധമുള്ള സി.ഡി.പി.ക്യൂ. കമ്പനിയ്ക്ക് മാത്രം അവസരമൊരുക്കിയത് എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം; ഇത് ചോദിക്കുമ്പോൾ ശ്രീ. എ. എൻ. ഷംസീർ ചൂടാകുമെന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷെ മറുപടി പറയണമെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. മറുപടിയില്ലാതെ ദേഷ്യം പിടിച്ചിട്ട് കാര്യമില്ല. സി.ഡി.പി.ക്യൂ.-കമ്പനിയുമായി വിശദമായ ചർച്ചകൾ നടത്തി അവർ നിർദ്ദേശിച്ച 9.72 ശതമാനം പലിശ കുറച്ചുകൊണ്ടുവരാൻ എന്തെങ്കിലും നടപടികൾ നിങ്ങൾ സ്വീകരിച്ചോ എന്നതാണ് അടുത്ത ചോദ്യം. ആഭ്യന്തര വിപണിയിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ 6 ശതമാനം പലിശയ്ക്ക് പണം തരാം എന്നുള്ള കൃത്യതയോടെയുള്ള ഫണ്ടുകൾ നിലനിൽക്കെ എന്തിനാണ് 9.72 ശതമാനമുള്ള ഫണ്ടിലേയ്ക്ക് പോകാനുള്ള തീരുമാനം എടുത്തത്; എന്തിന് വേണ്ടി എടുത്തു; അത് നമ്മുടെ സാമ്പത്തിക മേഖലയിൽ ഉണ്ടാക്കുന്ന

ആഘാതത്തെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. ഇവിടെ ആംനെസ്റ്റിയെക്കുറിച്ച് സൂചിപ്പിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കുന്നു, ആംനെസ്റ്റി നിങ്ങൾ പ്രഖ്യാപിക്കുന്നു. ആംനെസ്റ്റിയിൽ 10 ശതമാനം പിരിച്ചെടുക്കാൻ നിങ്ങൾക്ക് ഇതുവരെ സാധിച്ചോ; നിങ്ങൾ അത് പറയാൻ തയ്യാറാകണം. ആംനെസ്റ്റിയിൽ നിങ്ങൾ 10 ശതമാനം പിരിച്ചെടുക്കുമെന്ന് പ്രഖ്യാപിച്ച് 5000 കോടി രൂപ ടാർജറ്റ് നിശ്ചയിക്കുമ്പോൾ, പത്ത് ശതമാനംപോലും പിരിച്ചെടുക്കാൻ സാധിക്കുന്നില്ലായെന്നുള്ളത് ഗൗരവതരമായ കാര്യമാണ്. റവന്യൂകമ്മിയേയും ധനകമ്മിയെയുംക്കുറിച്ചെല്ലാം നേരത്തെ ഇവിടെ സൂചിപ്പിച്ചു. ഇവർ പറയുന്നത് കേട്ടാൽ വിചാരിക്കും കേരളത്തിന്റെ റവന്യൂകമ്മിയും ധനകമ്മിയും കൊവിഡും മുഖാന്തരവും പ്രളയംമൂലവും ഉണ്ടായതാണെന്ന് തോന്നും. സാമ്പത്തിക മിസ്മാനേജ്മെന്റ് 2016 മുതൽ ആരംഭിച്ചതാണ്. നിങ്ങളൊന്ന് പരിശോധിക്കണം. 2015-16 സാമ്പത്തിക വർഷത്തിൽ യു.ഡി.എഫ്.-ന്റെ റവന്യൂകമ്മി 9657 കോടി രൂപയായിരുന്നു. എന്നാൽ അതുകഴിഞ്ഞ് അധികാരത്തിൽ വന്ന എൽ.ഡി.എഫ്.-ന്റെ കാലത്തെ റവന്യൂകമ്മി 15484 കോടി രൂപയാണ്. കേരളത്തിന്റെ റവന്യൂകമ്മി ഇപ്പോൾ എവിടെ എത്തി;

എത്രയാണ് കുതിച്ചുകയറിയത്; ഇപ്പോൾ റവന്യൂകമ്മി ഏകദേശം 20,000 കോടി രൂപയാണ്. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് മുന്നോട്ടുപോകാൻ കഴിയാത്ത രീതിയിൽ അപകടകരമായ രീതിയിലേയ്ക്ക് റവന്യൂകമ്മിയെത്തിയിരിക്കുകയാണ്. ധനകമ്മിയുടെ കാര്യവും അതുപോലെയാണ്. 2015-ൽ കേരളത്തിന്റെ ധനകമ്മി 17818 കോടി രൂപയായിരുന്നു. 2016-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചപ്പോൾ അത് 25448 കോടി രൂപയായി. ഇപ്പോൾ 25,000 കോടി രൂപയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ബഡ്ജറ്റിന്റെ 10 ശതമാനംപോലും മൂലധന ചെലവില്ലാത്ത വിധത്തിൽ നമ്മുടെ മേഖല തകർന്നുപോകുകയാണ്. സംസ്ഥാനത്തിന്റെ തനത് വരുമാനം പുറകോട്ട് പോകുന്നു. നികുതിയേതര വരുമാനത്തിൽ 80 ശതമാനവും ലോട്ടറിയിൽനിന്നാണ്. ആ തനത് വരുമാന മേഖലയിൽ വലിയ രീതിയിൽതന്നെ ചോർച്ചയും പ്രയാസവുമുണ്ടായി. അങ്ങനെ കേരളത്തിന്റെ സാമ്പത്തിക രംഗം, സമ്പദ് വ്യവസ്ഥ ഗൗരവതരമായ പ്രയാസങ്ങളെയും കെടുതികളെയും നേരിട്ട് മുന്നോട്ടുപോകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ജി.എസ്.ടി.- കൗൺസിലിനെക്കുറിച്ചും

നിരക്കിനെക്കുറിച്ചും ഇടപെടലിനെക്കുറിച്ചും വാതോരാതെ സംസാരിക്കാറുണ്ട്. ജി.എസ്.ടി.-നികുതി നിരക്കിനെ സംബന്ധിച്ചും അതിന്റെ ഘടനയെ സംബന്ധിച്ചുമൊക്കെ കോൺഗ്രസ് ദേശീയ തലത്തിൽ വിയോജിപ്പ് പ്രകടിപ്പിച്ചു. ഞങ്ങളത് പറഞ്ഞു. ആ സന്ദർഭത്തിൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ നിലപാടിനൊപ്പം നിന്നതാരാണെന്ന് ചോദിച്ചാൽ ഇടതുപക്ഷത്തിന്റെ മുൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന അതിനെ പിൻതുണച്ചെന്നതും ഇതിന്റെകൂടെ ചേർത്ത് വായിക്കേണ്ടതാണ്. ഇവിടെ ഒരുകാര്യംകൂടി പ്രത്യേകമായി ചൂണ്ടിക്കാണിക്കുകയാണ്. കൊവിഡ് മഹാമാരി കേരളത്തിന്റെ സാമ്പത്തിക മേഖലകളിലുണ്ടാക്കിയിട്ടുള്ള ആഘാതങ്ങളെക്കുറിച്ച് പഠിക്കാൻ കൊവിഡ് ദുരന്ത നിവാരണ കമ്മീഷൻ അടിയന്തരമായി രൂപീകരിക്കണം. കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിമൂലം നിരവധിയാളുകൾ മരണപ്പെടുകയുണ്ടായി. ആളുകൾ മരണത്തിന്റെ വക്കിലാണ്. ഈ സാഹചര്യത്തിൽ കൊവിഡ് സമാശ്വാസ പദ്ധതികളും കമ്മീഷനും ഇതിന്റെ ഭാഗമായി കേരളത്തിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കണം. ആറ് ആഴ്ചയ്ക്കുള്ളിൽ കേരളത്തിൽ മരണമടഞ്ഞത് 23 ആളുകളാണ്. നിങ്ങൾ

അക്കാര്യം പരിശോധിക്കണം. കൊവിഡും ലോക്ഡൗണും കാരണം മാവേലിക്കരയിൽ കടബാധ്യതമൂലം ഗ്രാഫിക് ഡിസൈനറായ വിനായകൻ ആത്മഹത്യചെയ്തു. നന്ദൻകോട് വാടകയ്ക്ക് താമസിക്കുന്ന ഒരു കുടുംബത്തിലെ മൂന്ന് ആളുകൾ മനോജ്കുമാർ, ഭാര്യ രഞ്ചു, മകൾ അമൃത എന്നിവർ ആത്മഹത്യ ചെയ്തു. കൊവിഡ് കാലത്ത് ജപ്തി നടപടികൾ പാടില്ലെന്ന നിബന്ധനകൾക്ക് വിരുദ്ധമായി കരുവന്നൂർ ബാങ്കിൽനിന്ന് ജപ്തി നോട്ടീസ് ലഭിച്ച മുൻ പഞ്ചായത്ത് അംഗം ടി. എം. മുകുന്ദൻ ആത്മഹത്യ ചെയ്തു. കേരളത്തിൽ മൂന്നര ലക്ഷത്തോളം പേരുടെ ഉപജീവന മാർഗ്ഗമായ ലൈറ്റ് ആന്റ് സൗണ്ട് തൊഴിൽ മേഖലയിൽപ്പെട്ട 5 പേരാണ് കഴിഞ്ഞ ദിവസം ആത്മഹത്യചെയ്തത്. നിങ്ങൾ ആലോചിക്കണം തിരുവനന്തപുരത്തുനിന്നും.....

<u>മി. ചെയർമാൻ</u>: അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ്...കൺക്ലൂഡ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ കൺക്ലൂഡ് ചെയ്തേക്കാം. അങ്ങനെ നിരവധി ആളുകളാണ് ആത്മഹത്യ ചെയ്തത്. ജനങ്ങളെ രക്ഷിക്കാൻ, ടാക്സി-ഓട്ടോറിക്ഷ തൊഴിലാളികൾ തുടങ്ങി കേരളത്തിലെ പൊതുജനങ്ങളെ രക്ഷിക്കാൻ അടിയന്തരമായി കൊവിഡ് സമാശ്വാസ കമ്മീഷൻ

രൂപീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബില്ലിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ ഈ ധനകാര്യ ബില്ലുകളെ പിന്തുണയ്ക്കുകയാണ്. കേരളത്തിൽ ധനവിനിയോഗത്തിന് ഉത്തേജനം നൽകുന്നതിനുവേണ്ടി കാലികവും പ്രസക്തവുമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന നിർദ്ദേശങ്ങളടങ്ങിയ ബില്ലാണ് സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തിനായി അയയ്ക്കണമെന്ന പ്രമേയം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. ഇന്ന് കേരളം ലോകമാകെത്തന്നെ ശ്രദ്ധിക്കുന്ന, വിശിഷ്യാ ഇന്ത്യാ രാജ്യത്തെ മുഴുവൻ ജനങ്ങളും ശ്രദ്ധിക്കുന്ന നാടായി മാറി. ആഗോളവത്കരണ, ഉദാരവത്കരണ നയങ്ങളും ജി.എസ്.ടി.-യും കോവിഡും മഹാപ്രളയവും നിപയും ഒക്കെത്തന്നെ നമ്മുടെ സമ്പദ് വ്യവസ്ഥയെ വല്ലാതെ തകർത്തപ്പോൾ അതിൽനിന്നെല്ലാം ജനങ്ങളെ നെഞ്ചോട് ചേർത്തുപിടിച്ച് സംരക്ഷിച്ച ഈ കേരളത്തെ ഇന്ത്യയിലെ ജനങ്ങൾ അത്ഭുതത്തോടുകൂടി നോക്കിക്കാണുകയാണ്. കേരളത്തിലെ ധനകാര്യ മാനേജ്മെന്റിനെയും ജനക്ഷേമ പ്രവർത്തനങ്ങളെയും കിഫ്ബി പോലുള്ള, ബഡ്ജറ്റിന് പുറത്തുള്ള വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം

നൽകുന്ന ഈ നാടിനെയും ജനങ്ങൾ പ്രതീക്ഷയോടുകൂടി നോക്കിക്കാണുകയാണ്. ലോകത്ത് ഒരു സ്വർഗമുണ്ടെങ്കിൽ അത് ഇതാണ്, ഈ കൊച്ചുകേരളമാണെന്നാണ് ജനങ്ങളാകെ പറയുന്നത്. കോവിഡ് പ്രതിസന്ധി തകർത്ത സമ്പദ്ഘടനയെ ഉത്തേജിപ്പിക്കുന്നതിനുവേണ്ടി ഇന്ത്യയിൽ ആദ്യമായി കോവിഡ് പാക്കേജ് പ്രഖ്യാപിച്ച നാടാണ് കേരളം. അതിനുശേഷമാണ് കേന്ദ്ര ഗവൺമെന്റുപോലും അത് പ്രഖ്യാപിക്കുന്ന സ്ഥിതിവിശേഷമുണ്ടായത്. ഇരുപതിനായിരം കോടി രൂപയുടെ ഒന്നാം പാക്കേജ് പ്രഖ്യാപിച്ചു. തുടർച്ചയായി വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് രണ്ടാം പാക്കേജും പ്രഖ്യാപിച്ചു. 5,650 കോടി രൂപയുടെ മൂന്നാം പാക്കേജുമുണ്ട്. ഈ പാക്കേജുകളിലൂടെയെല്ലാം ജനങ്ങളുടെ കൈകളിലേയ്ക്ക് സമ്പത്ത് പരമാവധി എത്തിച്ച് വിപണി സജീവമാക്കി സമ്പദ്ഘടനയെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിയ ഒരു ഗവൺമെന്റാണിത്. സമയക്കുറവുകാരണം ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. വ്യാവസായിക, വ്യാപാര, കാർഷിക മേഖല ഉൾപ്പെടെ എല്ലാ മേഖലകളിലുള്ളവർക്കും പരമാവധി കഴിയുന്നത്ര സഹായമെത്തിക്കുക, ജനങ്ങളുടെ കൈകളിൽ സമ്പത്ത്

എത്തിക്കുക, അങ്ങനെ ഈ വിപണിയെ ശക്തിപ്പെടുത്തുക എന്ന തന്ത്രമാണ് കേരളത്തിൽ നടപ്പിലാക്കിയിരിക്കുന്നത്. ഇവിടെ കേന്ദ്ര ഗവൺമെന്റ് പാക്കേജ് പ്രഖ്യാപിച്ചു. അതുവഴി എന്ത് പ്രയോജനമാണ് ഈ സാധാരണ ജനങ്ങൾക്കുണ്ടായിട്ടുള്ളത്? ഏതെങ്കിലും തരത്തിലുള്ള പ്രയോജനം ഇന്ത്യയിലെ ജനങ്ങൾക്കുണ്ടായില്ല. ഉണ്ടായതെല്ലാം കോർപ്പറേറ്റുകൾക്ക് മാത്രമാണ്. ഈ കോവിഡ് പ്രതിസന്ധി ഘട്ടത്തിൽ ഇവിടെ എത്ര തവണയാണ് പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചത്? മേയ് മാസത്തിനുശേഷം ഇരുപത്തിയൊന്ന് തവണയാണ് പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചത്. എന്താണ് ഈ രാജ്യത്തെ സ്ഥിതി? പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില റോക്കറ്റുപോലെ കുതിച്ചുയരുന്നു. രൂക്ഷമായ സാമ്പത്തിക മാന്ദ്യം. ഇതാണ് ഇന്ത്യയുടെ സ്ഥിതി. 'മൊട്ടയടിച്ചപ്പോൾ കല്ലുമഴ പെയ്തതുപോലെ' എന്നുപറയുന്ന സ്ഥിതിയിലാണ് ഇന്ത്യയിലെ ജനങ്ങൾ. അവിടെയാണ് കേരളത്തിന്റെ പ്രസക്തി. കേന്ദ്ര ഗവൺമെന്റ് ഈ കോവിഡ് പ്രതിസന്ധി ഘട്ടത്തിലും വില വർദ്ധിപ്പിക്കുന്നു. രാജ്യത്തെ ജനങ്ങളെ തമ്മിൽ തല്ലിപ്പിക്കുന്ന നടപടികളുമായി മുന്നോട്ട് പോകുന്ന ഈ കേന്ദ്ര ഗവൺമെന്റിനെതിരെ നിലപാടുകൾ

സ്വീകരിക്കുന്നതിന് പകരം കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിനെ അസ്ഥിരപ്പെടുത്തുന്നതിനും ഇകഴ്ത്തുന്നതിനുമുള്ള പരിശ്രമങ്ങളുമായിട്ടാണ് നമ്മുടെ പ്രതിപക്ഷവും വിശിഷ്യാ കോൺഗ്രസ്സും പോകുന്നത്. ഈ നാട്ടിലെ ജനങ്ങളുടെ ക്ഷേമത്തിനും നാടിന്റെ വികസനത്തിനും വേണ്ടി പണം കണ്ടെത്താൻ കേരളത്തിന്റെ കരുത്തനായ, പ്രിയങ്കരനായ മുഖ്യമന്ത്രി ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പോയി മണി അടിച്ചത് കേരളത്തിലെ ജനങ്ങൾക്ക് വേണ്ടിയാണ്. ആ മണിയടിയെ കളിയാക്കുന്ന ഡോ. മാത്യു കുഴൽനാടനും ശ്രീ. ടി. സിദ്ദിഖും ആരെ മണിയടിക്കാനാണ് ഈ തരത്തിലുള്ള പ്രഖ്യാപനങ്ങൾ നടത്തുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ജനങ്ങൾക്കുവേണ്ടി നടത്തിയ ജനക്ഷേമ പ്രവർത്തനങ്ങളുടെ ഫലമായാണ് വീണ്ടും അധികാരത്തിലെത്തിയത്. സ്വാഭാവികമായും ജനങ്ങൾക്ക് ഉപകാരം ചെയ്യുന്നതിന്റെ ഫലമായി കടമുണ്ടായിട്ടുണ്ട്. നിങ്ങൾ അതിനെക്കുറിച്ച് വിഷമിക്കേണ്ട. കാരണം, നിങ്ങൾ ഇനി ഒരിക്കലും ഇപ്പുറത്തേയ്ക്ക് വരാൻ പോകുന്നില്ല എന്ന് ജനങ്ങൾ തീരുമാനിച്ചുകഴിഞ്ഞു. ഇപ്പുറത്തിരിക്കുന്നവർ കടം വീട്ടുന്നതിനുള്ള മാർഗ്ഗങ്ങളും ആലോചിക്കും. കഴിഞ്ഞ സഭയിലും ഇതിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നതാണ്. കിഫ്ബിയെക്കുറിച്ചുള്ള

ചർച്ചകൾ നടന്നുകഴിഞ്ഞതാണ്. എവിടെനിന്ന്, എത്ര ശതമാനം പലിശയ്ക്ക് എടുത്തു എന്നുള്ളതിന്റെ വിശദീകരണങ്ങളെല്ലാം ഇവിടെ നടന്നിട്ടുള്ളതാണ്. ഡോ. മാത്യു കുഴൽനാടനും ശ്രീ. ടി. സിദ്ദിഖും പുതിയ അംഗങ്ങളായതുകൊണ്ട് അവർക്ക് അത് അറിയാൻ കഴിയില്ല. ഇതാണ് കോൺഗ്രസ്സിന്റെ സ്ഥിതിയെങ്കിൽ എന്താണ് മുസ്ലീം ലീഗിന്റെ അവസ്ഥ? മുസ്ലിം ലീഗിന്റെ അവസ്ഥ, 'ചൊക്കൻ ആപ്പൂരിയപോലെ' എന്ന് ഞങ്ങളുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്. ഇ.ഡി. (എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്) എന്ന ആപ്പുവച്ച് എൽ.ഡി.എഫ്. ഗവൺമെന്റിനെയും ഡോ. കെ. ടി. ജലീലിനെയും അടിച്ചുകൊണ്ടിരുന്നതാണ്. പക്ഷേ ആപ്പൂരിയപ്പോൾ അവയവം അകത്തായിപ്പോയി. ഇ.ഡി. ഇപ്പോൾ എവിടെ എത്തി നിൽക്കുന്നു? നിങ്ങൾ മനസ്സിലാക്കണം. കേന്ദ്ര മന്ത്രിസ്ഥാനം മോഹിച്ച് കേന്ദ്ര മന്ത്രിയാകാമെന്ന് വിചാരിച്ച് കേന്ദ്രത്തിൽ പോയി, അതൊട്ട് നടന്നില്ല. എങ്കിൽപ്പിന്നെ ഇവിടെ മുഖ്യമന്ത്രിയോ ഉപമുഖ്യമന്ത്രിയോ ആകാമെന്ന് വിചാരിച്ച് അത് രാജിവച്ച് ഇവിടേയ്ക്ക് വന്നു. ഇവിടെയും എന്താണ് സ്ഥിതി. 'ഇല്ലത്തുനിന്ന് ഇറങ്ങുകയും ചെയ്തു, അമ്മാത്തൊട്ട് എത്തിയതുമില്ല' എന്ന സ്ഥിതിയിലാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും കൂട്ടാളികളും. അക്കൗണ്ട് എൻ.ആർ.ഐ. ആണോ

എൻ.ആർ.ഇ. ആണോ, എസ്.ബി.ഐ.-യിൽനിന്ന് ഇങ്ങോട്ട് ട്രാൻസ്ഫർ ചെയ്യാൻ പറ്റുമോ എന്നതിന്റെ ഗവേഷണമാണ് ഇപ്പോൾ ഇവിടെ നടത്തുന്നത്. വന്നുവന്ന് ശ്രീ. പാണക്കാട് ഹൈദരലി ശിഹാബ് തങ്ങളെപ്പോലും കള്ളപ്പണക്കേസിൽ പ്രതിയാക്കുന്ന സ്ഥിതിവിശേഷത്തിലേയ്ക്ക് മുസ്ലിം ലീഗ് നേതൃത്വമെത്തി. പടച്ചവൻ പൊറുക്കില്ല കേട്ടോ. ഇതെല്ലാം പടച്ചവൻ കാണുന്നുണ്ട്. ഇപ്പോൾ ലീഗിന്റെ അവസ്ഥയെന്താണെന്ന് ചോദിച്ചാൽ, "വീണിതല്ലോ കിടക്കുന്നു ധരണിയിൽ ശോണിതവുമണിഞ്ഞയ്യോ ശിവ ശിവ!" എന്ന അവസ്ഥയിലാണ് ഇപ്പോൾ ലീഗ്. ഉള്ള കാര്യം പറയുമ്പോൾ എന്തിനാണ് ശ്രീ. നജീബ് കാന്തപുരം, സി.ഐ.ഡി.-കളെ തിരക്കി നടക്കുന്നത്. പൂഴ്ത്തിവച്ചത് പുറത്തുപറയുക എന്നുള്ളത് രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഉത്തരവാദിത്തമാണ്. അതിന്റെ ഭാഗമായി ഡോ. കെ. ടി. ജലീൽ പത്രസമ്മേളനം നടത്തിയിട്ടുണ്ടെങ്കിൽ എന്തിനാണ് നിങ്ങൾ അദ്ദേഹത്തെ പേടിക്കുന്നത്. നിങ്ങൾ എന്തെല്ലാം അഭ്യാസങ്ങൾ നടത്തി. ഇ.ഡി. ഒന്ന് ചോദ്യം ചെയ്യുന്നുവെന്ന് പറഞ്ഞിട്ട് നിങ്ങൾ ഈ കേരളമാകെത്തന്നെ അദ്ദേഹത്തിന്റെ രാജിക്കായി മുറവിളി കൂട്ടിയില്ലേ. ഇ.ഡി. ഞങ്ങൾക്ക് പുണ്യാളനൊന്നുമല്ല. ഇ.ഡി. ഇപ്പോഴും

നിങ്ങൾക്ക് പുണ്യാളനാണോ അല്ലയോ എന്നുള്ളതാണ് നിങ്ങൾ വ്യക്തമാക്കേണ്ടത്. ഇ.ഡി.-യുടെ നിലപാട് ശരിയായിരുന്നോ അതോ ഞങ്ങൾ മുൻകാലങ്ങളിൽ എടുത്തിരുന്ന നിലപാട് ശരിയായിരുന്നോ എന്ന് പറയേണ്ടതായി വരും.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിയാൻ പോകുന്നുണ്ട്.

ശ്രീ. എം. നൗഷാദ്: സർ, കഴിയാൻ പോകുന്നതല്ലേ ഉള്ളൂ. കഴിഞ്ഞില്ലല്ലോ. കഴിയുമ്പോൾ നിർത്തിയേയ്ക്കാം.

മി. ചെയർമാൻ: ഓക്കെ. കഴിയുമ്പോൾ വേറെ ആളെ വിളിക്കാമല്ലോ.

ശ്രീ. എം. നൗഷാദ്: സർ, കേരളത്തിൽ ജനങ്ങളെ നെഞ്ചോട് ചേർത്തുപിടിച്ച് എല്ലാ പ്രതിസന്ധികൾക്കിടയിലും അവരെ കൈവിടാതെ സംരക്ഷിക്കുന്ന ആളാണ് ജനങ്ങൾക്ക് ദൈവം. ദുരിതകാലത്ത് തങ്ങളോടൊപ്പം നിൽക്കുന്നവനാണ് യഥാർത്ഥ സുഹൃത്ത്. ജനങ്ങളുടെ യഥാർത്ഥ സുഹൃത്തായി ഇടതുപക്ഷം പ്രവർത്തനങ്ങളിൽക്കൂടി മാറിയതിന്റെ ഭാഗമായിട്ടാണ് രണ്ടാം പിണറായി വിജയൻ സർക്കാർ ഉണ്ടായത്. ഇനിയും എൽ.ഡി.എഫ്. ഗവൺമെന്റുകൾ ഇങ്ങനെ ഉണ്ടായിക്കൊണ്ടേയിരിക്കും. നിങ്ങൾ ലുബ്ധിച്ച്, ശുഷ്കിച്ച് സ്വയമേ ഇല്ലാതായിക്കൊള്ളും. അതുകൊണ്ട്

നിങ്ങൾ ഈ രാജ്യത്തെയും ജനങ്ങളെയും ഓർത്ത് വല്ലാതെ വേവലാതിപ്പെടേണ്ട സാഹചര്യമില്ല എന്നുള്ളത് ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ധനകാര്യ ബില്ലുകളെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, 2021-ലെ കേരള ധനകാര്യബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. സത്യത്തിൽ ഞാൻ ഇന്ന് പേടിച്ചിട്ടാണ് സഭയിൽ നിൽക്കുന്നത്. കാരണം എന്താണെന്നുവച്ചാൽ, യു.ഡി.എഫ്. സഹോദരങ്ങളുടെ പ്രസംഗങ്ങൾ പ്രത്യേകിച്ച് എല്ലാവരുടെയും പേരെടുത്ത് പറയാൻ കഴിയില്ല. എന്നാലും പ്രിയപ്പെട്ടവരുടെ പേരെടുത്തു പറയുന്നു. ഡോ. മാത്യു കുഴൽനാടനും, ശ്രീ. ടി. സിദ്ദിഖും പ്രസംഗിച്ചപ്പോൾ ഞാൻ വിചാരിച്ചത് ഇവരെ മുഖ്യമന്ത്രിയോ ധനകാര്യ വകുപ്പുമന്ത്രിയോ ആക്കി അധികാരം ഏൽപ്പിക്കാമെന്നുണ്ടെങ്കിൽ, തീർച്ചയായും ഒരു പ്രത്യേകത കേരളത്തിന് കിട്ടുമെന്ന് എനിക്ക് തോന്നുന്നു. ആദരണീയനായ മുഖ്യമന്ത്രിയും ശക്തനായ ധനകാര്യ വകുപ്പുമന്ത്രിയും നമുക്കുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. ചിലർ വളരെ വാചാലമായി പാട്ടുകളൊക്കെ പാടി

നല്ല രീതിയിൽ ധനകാര്യബിൽ അവതരിപ്പിക്കും. അങ്ങനെ അവതരിപ്പിച്ചാൽ അതിനൊക്കെ ഭയങ്കര ശ്രേഷ്ഠതയുണ്ടെന്നുള്ള രീതിയിൽ നമ്മൾ കൈകൊട്ടി ചിരിക്കാറുണ്ട്. എന്നാൽ ഞങ്ങളുടെ ധനകാര്യ വകുപ്പുമന്ത്രി അങ്ങനെ വലിയ അഭിനയമൊന്നും കാണിക്കുകയില്ല. ഉള്ളത് ഉള്ളതുപോലെ പച്ചയായ രീതിയിൽ അവതരിപ്പിക്കുമ്പോൾ അപ്പുറത്തിരിക്കുന്നവരുടെ ധാരണ ഇവർക്കാർക്കും വലിയ കഴിവോ പ്രാപ്തിയോ ഒന്നുമില്ലെന്നാണ്. ഞങ്ങൾ തുടങ്ങിയതല്ലേയുള്ളൂ, രണ്ടുമാസമല്ലേ ആയുള്ളൂ. 1972-73 കാലഘട്ടത്തിൽ കുട്ടനാട്ടിൽ എട്ടുമണിക്കൂർ ജോലി ചെയ്യുന്ന മനുഷ്യന് കൂലി കൊടുത്തിരുന്നത് മൾഗർ ഗോതമ്പാണ്. 20 കിലോ മൾഗർ ഗോതമ്പ് രണ്ടായി പിളർന്ന് രണ്ട് ചാക്കിലാക്കി രണ്ടുപേർക്ക് കൊടുക്കുന്ന സംവിധാനമാണുണ്ടായിരുന്നത്. അതിനുവേണ്ടി ക്യൂ നിൽക്കുന്ന കാലഘട്ടത്തിൽനിന്നും ഭക്ഷ്യക്കിറ്റ് സൗജന്യമായി വീട്ടിലെത്തിക്കുന്ന കാലഘട്ടത്തിലേയ്ക്ക് വന്നത് സഖാവ് പിണറായി വിജയന്റെ കഴിവ് തന്നെയാണ്. ആ കാര്യത്തിൽ ഒരു സംശയവുമില്ല. (...ബഹളം...)

<u>മി. ചെയർമാൻ</u>: അങ്ങ് അവിടെ ശ്രദ്ധിക്കേണ്ട. ഇങ്ങോട്ട് നോക്കി പ്രസംഗിക്കൂ.

<u>ശ്രീ. തോമസ് കെ. തോമസ്</u>: നിങ്ങൾക്ക് പലതും തോന്നും, കുഴപ്പമില്ല. ഇത് ഇപ്പോഴത്തെ അവസ്ഥയിലാക്കിയെടുക്കാനായി എന്തുമാത്രം പരിശ്രമം നടന്നിട്ടുണ്ടെന്നുള്ളത് നിങ്ങൾ ചിന്തിച്ചാൽ മതി. കാരണം സമാനതകളില്ലാത്ത പ്രകൃതി ദുരന്തങ്ങളെയാണ് ഏതാനും വർഷങ്ങളായി നാം അഭിമുഖീകരിക്കുന്നത്. സാമ്പത്തികരംഗം ഇത്രമാത്രം വെല്ലുവിളികൾ നേരിട്ട വേറൊരു കാലമില്ല. സാമ്പത്തികമാന്ദ്യം സമസ്ത മേഖലകളെയും തകർത്തുകളഞ്ഞിരിക്കുന്നു. എങ്കിലും ഫീനിക്സ് പക്ഷിയെപ്പോലെ ഉയർത്തെഴുന്നേൽക്കാനുള്ള വലിയ ശ്രമത്തിലാണ് ഞങ്ങൾ. ഒരുവശത്ത് പ്രകൃതിക്ഷോഭങ്ങളും മഹാമാരിയും തകർത്തെറിഞ്ഞ നമ്മുടെ സമ്പദ്‌രംഗം, മറുവശത്ത് സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ടതുപോലും നൽകാത്ത കേന്ദ്രനയങ്ങൾ. ജി.എസ്.ടി. വിഹിതമോ നഷ്ടപരിഹാരമോ യഥാസമയം ലഭിക്കുന്നില്ല. ഏകപക്ഷീയമായ നിലപാടിലൂടെ സംസ്ഥാനങ്ങളുടെ ധനസ്ഥിതിയെ ദുർബലപ്പെടുത്തുന്ന കേന്ദ്ര നയങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കേണ്ടതായിട്ടുണ്ട്. കൊവിഡ് മഹാമാരിയുടെ ഈ കാലത്ത് മൊറട്ടോറിയം പ്രഖ്യാപിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകുന്നില്ല. സാമ്പത്തിക വെല്ലുവിളികളെ സധൈര്യം ഏറ്റെടുത്ത് ഈ സർക്കാർ

ജനങ്ങളുടെയും സംസ്ഥാനത്തിന്റെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള വലിയ പോരാട്ടത്തിലാണ്. പ്രതിസന്ധിക്കിടയിലും എന്റെ നാടായ കുട്ടനാട്ടിൽ വലിയതോതിൽ സഹായങ്ങളെത്തിക്കാൻ ഈ സർക്കാർ ഇച്ഛാശക്തി കാണിച്ചു. അതിന് ഈ സർക്കാരിനെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. 2011 മുതൽ 2016 വരെ യു.ഡി.എഫ്. ഭരിച്ചപ്പോൾ കുട്ടനാട്ടിൽ വികസനമൊന്നും ഉണ്ടായിട്ടില്ലെന്ന് പറയുന്നതിൽ അതിശയോക്തിയില്ല. എന്നാൽ 2016 മുതൽ 2021 വരെ സമാനതകളില്ലാത്ത വികസനം കൊണ്ടുവന്ന സ്ഥലമാണ് കുട്ടനാട്. 2447 കോടി രൂപയുടെ രണ്ടാം പാക്കേജ് ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. അതുപോലെ 291 കോടി രൂപയുടെ കുടിവെള്ള പദ്ധതി അനുവദിച്ചിട്ടുണ്ട്. കോടിക്കണക്കിന് രൂപ കൊടുത്ത് തോമസ് ചാണ്ടി എന്ന എന്റെ സഹോദരൻ നീലേറ്റുപുറത്ത് വാങ്ങിയ പ്ലാന്റ് തകർക്കാൻവേണ്ടി തുരങ്കം വച്ചവർ ഇന്ന് ഈ നിയമസഭയിലുണ്ട്. പക്ഷേ ഇവരാരും ഒരു കാര്യത്തിലും സഹായിച്ചിട്ടില്ല. ഇന്ന് ആ പദ്ധതി നല്ലരീതിയിൽ നടത്തുവാൻ പോകുന്ന കാലഘട്ടത്തിലൂടെയാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഞങ്ങളെ സംബന്ധിച്ച് ഒരു നല്ല പാലം ഞങ്ങൾ കണ്ടിട്ടില്ല. കിഫ്ബി വന്നതിനുശേഷമാണ് നല്ല

രീതിയിലുള്ള പാലവും കുടിവെള്ളവും ശരിയായിട്ടുള്ള നടപ്പാതയും റോഡുകളും കണ്ടത്. ഇപ്പോൾ കിഫ്ബിയെ എല്ലാവരും കളിയാക്കുകയാണ്. ഏറ്റവും നല്ല അത്യാധുനികമായ രീതിയിലാണ് എ.സി. (ആലപ്പുഴ-ചങ്ങനാശ്ശേരി) റോഡിന്റെ വർക്ക് കൊണ്ടുവന്നിരിക്കുന്നത്. ഇതുപോലൊരു വർക്ക് കുട്ടനാടിന് ഇനി ലഭിക്കാനില്ല. അതിന് തുരങ്കം വയ്ക്കാൻവേണ്ടി നിയമങ്ങളും വകുപ്പുകളും കൊണ്ടുവന്നെങ്കിലും അതിനെയെല്ലാം അതിജീവിച്ച് പണി തുടങ്ങിക്കഴിഞ്ഞു. എം.എൽ.എ. എന്ന നിലയിൽ നല്ല നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയാണ്. കുട്ടനാടിനെ സംബന്ധിച്ച് ഞങ്ങൾക്ക് വലിയ പ്രതീക്ഷയുണ്ട്. സത്യത്തിൽ ഇവിടെ ഇരുന്നുകൊണ്ട് നമ്മുടെ മുഖ്യമന്ത്രി മുതലുള്ള മന്ത്രിമാരെ കാണുമ്പോൾ കുട്ടനാട്ടുകാരനായ എനിക്ക് മനസ്സിന് ഭയങ്കര ആശ്വാസമാണ്. മറ്റൊന്നും കൊണ്ടല്ല, നമ്മുടെ ആവശ്യങ്ങൾ പറഞ്ഞാൽ അത് കേൾക്കുകയും, ഞങ്ങളോട് അനുകമ്പ കാണിക്കുന്ന മന്ത്രിസഭയുമാണുള്ളത്. കുട്ടനാടെന്ന് പറഞ്ഞാൽ നിങ്ങളാരും വിചാരിക്കുന്നതുപോലെയല്ല, അവിടെ 99 ശതമാനവും പാവപ്പെട്ടവരും ഒരു ശതമാനം മിഡിൽ ക്ലാസ്സുകാരുമാണുള്ളത്; ഒരു സമ്പന്നനും അവിടെയില്ല. ആകെയൊരു തോമസ് ചാണ്ടിയാണുണ്ടായിരുന്നത്. അദ്ദേഹം

മരിച്ചുംപോയി. നല്ല രീതിയിൽ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകണമെന്നുണ്ടെങ്കിൽ അവിടെ ഗവൺമെന്റിന്റെ സഹായമുണ്ടെങ്കിലേ കഴിയുകയുള്ളൂ. എനിക്ക് പറയാനുള്ളത് ഈ ധനകാര്യ ബിൽ ഏറ്റവും നല്ല രീതിയിലാണ് അവതരിപ്പിച്ചിരിക്കുന്നത് എന്നാണ്. കുട്ടനാട്ടിലെ സമഗ്രമായ കുടിവെള്ള പ്രശ്നം പരിഹരിക്കും. റോഡുകളുടെ അപര്യാപ്തത പരിഹരിക്കും. അതുപോലെ ധാരാളം പുതിയ റോഡുകൾ അനുവദിച്ചുനൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പുമന്ത്രിയോടുള്ള എന്റെ അപേക്ഷ കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട ജി.എസ്.ടി. വിഹിതം കേരളത്തിന് കിട്ടുമ്പോൾ ഞങ്ങളുടെ കുട്ടനാട്ടിലെ കാര്യംകൂടി പരിഗണിക്കണം. 13 പഞ്ചായത്തുകളും 181 വാർഡുകളും അടങ്ങുന്നതാണ് കുട്ടനാട്. ചെറിയ റോഡുകളെല്ലാം ഇന്ന് കുണ്ടും ചെളിയുമാണ്. ഇത് പരിഹരിക്കാനായി ജി.എസ്.ടി. വിഹിതം ലഭിക്കുമ്പോൾ കുട്ടനാടിന് നൂറ് കോടി രൂപ അനുവദിക്കണം. അത് കിട്ടുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഞങ്ങളെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: കൺക്ലൂഡ് ചെയ്യൂ...

ശ്രീ. തോമസ് കെ. തോമസ്: ഈ സമയത്ത് ചോദിച്ചാലെ

എന്തെങ്കിലും ലഭിക്കുകയുള്ളൂ. അതുകൊണ്ട് അതുസംബന്ധിച്ച് സംസാരിക്കാൻ എന്നെ അനുവദിക്കണം. എനിക്ക് പറയാനുള്ളത്, കുട്ടനാട്ടുകാർ കഷ്ടതയിൽക്കൂടി ജീവിക്കുന്ന ആൾക്കാരാണ്. അപ്പർ കുട്ടനാട്ടുകാരനായ ഡോ. മാത്യു ടി. തോമസ് ഇവിടെയുണ്ട്. ശ്രീ. ജോബ് മൈക്കിളും ശ്രീ. പി. പി. ചിത്തരഞ്ജനും ശ്രീ. എച്ച്. സലാമും ശ്രീമതി ദെലീമയും ഇവിടെയുണ്ട്. മന്ത്രിമാരായ ശ്രീ. പി. പ്രസാദും ശ്രീ. സജി ചെറിയാനുമാണ് അവിടെ ആകെയുള്ളത്. ഇവർ കുട്ടനാട്ടിനെ സഹായിക്കും. ഈ ധനകാര്യബില്ലിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഞാൻ കേരള ഫിനാൻസ് ബില്ലിനെ പിന്തുണയ്ക്കുന്നു. നാലുദിവസം മുമ്പ് ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയിൽനിന്ന് 12 കിലോമീറ്റർ മാത്രം ദൂരത്ത് ദാഹിച്ച് വെള്ളമെടുക്കാൻ ചെന്ന ദളിത് പെൺകുട്ടിയെ അമ്മിഞ്ഞപ്പാലിന്റെ നറുമണംപോലും മാറാത്ത ആ കൊച്ചുകുട്ടിയെ അതിക്രൂരമായി ബലാത്സംഗം ചെയ്ത് അറുകൊല നടത്തിയ, തെളിവ് നശിപ്പിക്കാൻ ആ കൊച്ചുശരീരത്തെ ചുട്ടെരിച്ച ശ്മശാനത്തിലെ പൂജാരിയെയും സഹായിയെയും സംരക്ഷിക്കാൻ നടത്തുന്ന ഡൽഹി പോലീസിന്റെ നിലപാടിൽ കേരളത്തിലെ മുഴുവൻ

സഹോദരിമാർക്കുവേണ്ടിയും അമ്മമാർക്കുവേണ്ടിയും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ കേന്ദ്രം തയ്യാറാകണമെന്ന് ആവശ്യപ്പെടുകയും ഈ ആവശ്യമുന്നയിച്ചുകൊണ്ട് ഇന്ത്യയുടെ തലസ്ഥാനത്ത് നടത്തുന്ന പ്രക്ഷോഭങ്ങൾക്ക് മാനസികമായി പിന്തുണ നൽകുകയും ചെയ്യുന്നു. കഴിഞ്ഞ ദിവസം കേരള നിയമസഭയ്ക്കകത്ത് പട്ടികജാതി ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചോദ്യോത്തരവേളയിൽ പ്രതിപക്ഷം തടസ്സപ്പെടുത്താൻ ശ്രമം നടത്തിയപ്പോൾത്തന്നെ നമ്മൾ മനസ്സിലാക്കേണ്ടത് രാജസ്ഥാനിൽനിന്നുവന്ന ആ കൊച്ചുകുട്ടിയുടെ മരണവുമായി ബന്ധപ്പെട്ടുകൊണ്ട് കേരളത്തിലെ യു.ഡി.എഫ്.-ന്റെയും കോൺഗ്രസ്സിന്റെയും നിലപാട് വ്യക്തമാക്കണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. ഇന്ന് പാർലമെന്റിൽ രണ്ടുബില്ലുകൾ യാതൊരുവിധ ചർച്ചയും വോട്ടെടുപ്പില്ലാതെ പാസ്സാക്കപ്പെടുകയുണ്ടായി. ഒന്ന്, വൈദ്യുതി വിതരണം കാര്യക്ഷമമാക്കാൻ അദാനിക്ക് ഏൽപ്പിച്ചുകൊടുക്കുന്ന, നിരക്ക് കുറയ്ക്കുകയാണ് എന്ന് പറഞ്ഞുകൊണ്ടാണ് ആ ബിൽ പാസ്സാക്കിയെടുത്തത്. ഇന്ന് പെട്രോളും ഡീസലും നമുക്ക് കിട്ടുന്ന രീതിയിൽ വൈദ്യുതി വിതരണം

തടസ്സമില്ലാതെ ലഭിക്കുന്നുവെന്നാണ് അവർ പറയുന്നത്. അദാനി, അംബാനിയെപ്പോലുള്ള കുത്തകമുതലാളിമാരെ സഹായിക്കാനുള്ള നിലപാട് കേന്ദ്രം സ്വീകരിച്ചുപോകുന്നു. യു.ഡി.എഫ്.-ന്റെ നിലപാട് വ്യക്തമാക്കണം. രണ്ടാമത്തെ ബിൽ കേന്ദ്ര സമുദ്ര-മത്സ്യബന്ധന നിയമം - ചെറുകിട മത്സ്യത്തൊഴിലാളികൾ ചെയ്യുന്ന പണി കാര്യക്ഷമമാക്കാൻവേണ്ടി ഈ പണി ചെയ്യാൻ ആളുകളെ ഏൽപ്പിക്കാൻവേണ്ടിയിട്ടുള്ള ബില്ലാണ് പാസ്സാക്കിയത്. ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഈ ഘട്ടത്തിൽ സ്ത്രീ സുരക്ഷിതത്വം ഉറപ്പാക്കുന്നതുൾപ്പെടെയുള്ള സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ മുന്നിൽവച്ചുകൊണ്ട് ഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലിനെ പിന്തുണയ്ക്കുന്നതിനോടൊപ്പം കഴിഞ്ഞ ഏതാനും വർഷങ്ങളായി ഒട്ടേറെ ദുരന്തങ്ങളിലൂടെ കേരളം കടന്നുപോയപ്പോൾ സമ്പദ്ഘടനയെ മുന്നോട്ട് നയിക്കാൻ വളരെ പ്രതീക്ഷാത്മകമായ നിലപാട് സ്വീകരിച്ചുകൊണ്ടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. രണ്ടാഴ്ചകളുടെ ഇടവേളകളിലാണ് കേന്ദ്രസർക്കാരും കേരള സർക്കാരും 2021-22-ലെ ബഡ്ജറ്റ് അവതരിപ്പിച്ചത്, 2021 ജനുവരി

മാസം 15-ാം തീയതി കേരളവും 2021 ഫെബ്രുവരി 1-ാം തീയതി കേന്ദ്രവും. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ 'അസാധാരണമായ ബഡ്ജറ്റ്' എന്നാണ് ആ ബഡ്ജറ്റിന് പേരിട്ടത്. എന്നാൽ ആ അസാധാരണമായ ബഡ്ജറ്റ് ഈ നാട്ടിലെ ആരെ സഹായിക്കാനാണ്? അത് കുത്തക കോർപ്പറേറ്റ് മുതലാളിമാരെ സഹായിക്കാനാണെങ്കിൽ കേരളം അവതരിപ്പിച്ച ബഡ്ജറ്റ് Life, Livelihood, Growth എന്നീ ആശയങ്ങളെ മുൻനിർത്തിക്കൊണ്ട് ഈ നാട്ടിലെ സാധാരണക്കാരുടെ ജീവിതം മെച്ചപ്പെടുത്താനും നാടിന്റെ സമ്പദ്ഘടനയെ ഉത്തേജിപ്പിക്കാനും വേണ്ടിയാണെന്ന് ഒറ്റനോട്ടത്തിൽ നമുക്ക് മനസ്സിലാക്കാൻ കഴിയും.

Albert O. Hirschman-നെപ്പോലുള്ള വികസനോന്മുഖ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ വികസനത്തിനുവേണ്ടി മൂലധന നിക്ഷേപത്തിൽ സർക്കാരുകളുടെ പങ്കിനെക്കുറിച്ചും പൊതുനിക്ഷേപത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും എടുത്തുപറയുകയാണ്. പൊതുനിക്ഷേപംവഴി സമ്പദ്ഘടനയുടെ തിരിച്ചുവരവ് സാധ്യമാകും, അക്കാര്യത്തിൽ ഭരണകൂടങ്ങളുടെ ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകണമെന്നാണ്

കെയ്നീഷ്യൻ സാമ്പത്തിക സിദ്ധാന്തങ്ങളുടെ കാതൽ. ഇവിടെ പൊതു നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് എന്ത് നിലപാടാണ് സ്വീകരിക്കുന്നത്? പൊതുനിക്ഷേപത്തിനുപകരം പൊതുമേഖലയെ തകർക്കുകയും സ്വകാര്യവത്കരണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. BPCL (Bharat Petroleum Corporation Ltd), IDBI (Industrial Development Bank of India) തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കുകയാണ്. LIC (Life Insurance Corporation of India) സ്വകാര്യവത്കരണം പൂർത്തീകരണ ഘട്ടത്തിലാണ്. ഇൻഷ്വറൻസ് മേഖലയുടെ 74% വിദേശ നിക്ഷേപം വർദ്ധിപ്പിക്കുന്നു. എയർ ഇന്ത്യയുടെ സ്വകാര്യവത്കരണം ഏതാണ്ട് അടുത്ത വർഷത്തോടെ പൂർത്തിയാകുമെന്നാണ് പറയുന്നത്. ഏഴ് തുറമുഖങ്ങളും വൈദ്യുതി മേഖലയും സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കും. അതിന്റെ ഭാഗമായിട്ടാണ് ഇന്ന് പാസ്സാക്കിയ ബിൽ എന്ന് നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. ഡൽഹിയിൽ മാസങ്ങളായി കർഷക സമരം നടന്നുവരികയാണ്. എന്നാൽ സമ്പദ്ഘടനയുടെ നട്ടെല്ലായ കാർഷിക മേഖലയെ സംരക്ഷിക്കാൻ കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം ഈ ബഡ്ജറ്റിൽ വച്ചിട്ടുണ്ടോ? ഇല്ല

എന്ന് നമുക്ക് വ്യക്തമായിട്ടറിയാം. രാജ്യത്തെ 20 കോടിയിലധികം വരുന്ന ജനങ്ങളാണ് കോവിഡിന്റെ ഭാഗമായുണ്ടായ അടച്ചുപൂട്ടലിന്റെ ഭാഗമായി ദുരിതങ്ങൾ ഏറ്റുവാങ്ങിയത്. അവരുടെ പ്രയാസങ്ങളും പ്രശ്നങ്ങളും എന്തെങ്കിലും ഈ ഗവൺമെന്റ് മനസ്സിലാക്കിയോ? 'വായ് കീറിയിട്ടുണ്ടെങ്കിൽ നിന്നു പിഴച്ചോളും' എന്ന പഴമ്പുരാണത്തിലെ വരരുചി പറഞ്ഞ ആ നിലപാടാണ് ശ്രീ. നരേന്ദ്ര മോഡി സ്വീകരിച്ചത്. അസമത്വത്തിന്റെ നാണംകെട്ട വളർച്ച ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുകയാണ്. തിളങ്ങുന്ന ഇന്ത്യ ദുരിതമനുഭവിക്കുന്ന ഇന്ത്യയുടെ ചുമലിലാണ് സവാരി ചെയ്യുന്നത്. ലോക്ഡൗൺമൂലം ശതകോടീശ്വരന്മാരുടെ സ്വത്തിൽ 35% വർദ്ധനവുണ്ടായി. 2020-ലെ World Hunger Report അനുസരിച്ച് 107 രാജ്യങ്ങളിൽ 94-ാം സ്ഥാനത്താണ് ഇന്ത്യ നിൽക്കുന്നത്. ദുരന്തങ്ങളിൽ കണ്ണടച്ച കേന്ദ്ര സർക്കാർ കേരളത്തിന്റെ നിലവിളി കേട്ടില്ല, സഹായിച്ചില്ല. എന്നാൽ ഈ കേരളത്തിലാണ് നിറതോക്കുമായി നിൽക്കുന്ന വേട്ടക്കാരനുമുൻപിലേയ്ക്ക് ചിന്നംവിളിച്ച് പാഞ്ഞടുക്കുന്ന ഒറ്റയാനെ കീഴ്പ്പെടുത്തുന്നതുപോലെ നമ്മുടെ നാടിനെയും നാട്ടുകാരേയും ദുരന്തങ്ങളിൽനിന്ന് സംരക്ഷിച്ച പിണറായി വിജയൻ

ഗവൺമെന്റ് നയങ്ങൾ ജനങ്ങൾ സ്വീകരിച്ചത്. 99 സീറ്റിൽ രണ്ടാം പടയോട്ടത്തിന് തയ്യാറാകുകയാണ് കേരളത്തിലെ ഗവൺമെന്റ്. ഇവിടെ എല്ലാ വിഭാഗങ്ങളെയും സംരക്ഷിക്കുന്ന നിലപാട് സ്വീകരിച്ച് കേരളത്തിലെ ഗവൺമെന്റ് ഈ ജനങ്ങളെ ഇടംനെഞ്ചോട് ചേർത്ത് പിടിച്ചു, അതാണ് നാടിന്റെ വഴികാട്ടിയായി ഇടതുപക്ഷ ഗവൺമെന്റ് മാറിയത്. കേന്ദ്ര ഗവൺമെന്റ് 1.01 ലക്ഷം കോടി രൂപ കഴിഞ്ഞ വർഷം തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി മാറ്റിവച്ചിരുന്നെങ്കിൽ ഇപ്പോൾ 73000 കോടി രൂപ വെട്ടിക്കുറച്ചു. സാമൂഹിക ക്ഷേമത്തിനായി കഴിഞ്ഞ വർഷം മാറ്റിവച്ചത് 43,000 കോടി രൂപയാണെങ്കിൽ 7,200 കോടി ആയി അത് കുറയ്ക്കുകയാണുണ്ടായത്. ദേശീയ വിദ്യാഭ്യാസ മിഷന് വേണ്ടിയുള്ള തുകയിൽ നിന്നും 5000 കോടി രൂപ വെട്ടിക്കുറച്ചു. സർക്കാർ തങ്ങളുടെ ഉത്തരവാദിത്വങ്ങളിൽനിന്ന് പിന്മാറുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. കേരളം ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹിക ചെലവുകൾക്കുവേണ്ടി കൂടുതൽ ഫണ്ടുകൾ മാറ്റിവയ്ക്കുന്ന നടപടികളുമായി മുന്നോട്ടുപോകുകയാണ്. മൊത്തം ബഡ്ജറ്റിന്റെ 0.14 ലക്ഷം കോടി രൂപ മാത്രം റവന്യൂ ചെലവുകൾക്കായി മാറ്റിവയ്ക്കാൻ കഴിയുന്നിടത്താണ് 1.29

ലക്ഷം കോടി രൂപ മാറ്റിവച്ച് ശമ്പളം, പെൻഷൻ തുടങ്ങി മറ്റ് ചില നിർബന്ധിത ചെലവുകൾക്കായി കേരളം മാറ്റിവയ്ക്കുന്നത്. ഇവിടെ പെട്രോൾ, ഡീസൽ വിലവർദ്ധനവിനെക്കുറിച്ച് എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾ സൂചിപ്പിക്കുകയുണ്ടായി, വലിയ കൊള്ളയാണ് നടക്കുന്നത്. കേന്ദ്രത്തിന്റെ അക്ഷയപാത്രമായി 5 ലക്ഷം കോടി രൂപയാണ് ജനങ്ങളിൽനിന്ന് നികുതിയായി പിരിച്ചെടുത്തുകൊണ്ടിരിക്കുകയാണ്. എന്നാൽ കോർപ്പറേറ്റുകൾക്ക് 1.5 ലക്ഷം കോടി രൂപ നികുതി ഇളവ് നൽകുന്നു. ഈ രൂപത്തിൽ നമ്മുടെ രാജ്യത്തെ സംരക്ഷിക്കാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ബദൽ നയത്തിനുവേണ്ടി ഈ ഗവൺമെന്റ് മുന്നോട്ടുവച്ചിട്ടുള്ള ഈ ബില്ലിനെ പിന്തുണയ്ക്കുന്നതിനോടൊപ്പം ഒരു രണ്ട് നിർദ്ദേശങ്ങൾ കൂടി ഞാൻ മുന്നോട്ട് വയ്ക്കുകയാണ്. ഒന്ന് രാജ്യത്ത് ആദ്യമായി പട്ടികജാതി വിഭാഗങ്ങളുടെ ഫണ്ടുപയോഗിച്ചുകൊണ്ട് പാലക്കാട് മെഡിക്കൽ കോളേജ് ഇന്ന് ഉന്നതനിലവാരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥി സംവരണ ക്രമം നിലനിർത്തിക്കൊണ്ടും അനദ്ധ്യാപക നിയമനങ്ങൾ സ്ഥിരപ്പെടുത്തിക്കൊണ്ടും വിദ്യാർത്ഥി സംവരണ അനുപാതം അനദ്ധ്യാപക

നിയമനത്തിലും പാലിച്ചുകൊണ്ടും ഗവൺമെന്റ് ഏറ്റെടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊന്ന്, മദ്രാസ് നിയമസഭാംഗവും AICC-യുടെ ആദ്യ മലയാളി പ്രസിഡന്റുമായ ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായരുടെ ജന്മസ്ഥലമായ കോങ്ങാട് മണ്ഡലത്തിലെ മങ്കരയിൽ ഉചിതമായൊരു സ്മാരകം പണിയാനുള്ള നടപടിയെടുക്കണം.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട അംഗം, ദയവായി അവസാനിപ്പിക്കുക. സമയം കഴിഞ്ഞു.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ചെറുകിട സംരംഭങ്ങളെ വളർത്തിയതുപോലെതന്നെ നൂറിൽകുറയാത്ത വനിതകളെ ഉൾപ്പെടുത്തിക്കൊണ്ട് മണ്ഡലാടിസ്ഥാനത്തിൽ ഒരു അപ്പാരൽ പാർക്ക് ഉണ്ടാക്കാൻ നടപടി സ്വീകരിക്കണം. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ചെറുപ്പക്കാർക്ക് മാൻപവർ കൺസൾട്ടേഷൻ സൊസൈറ്റി രൂപീകരിച്ചുകൊണ്ട് ലേബർ കംപോണന്റ് പരിപാടി സാധ്യമാക്കണമെന്നുള്ള നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചുകൊണ്ട് ഈ ബില്ലിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഈ ധനകാര്യ ബില്ലിന്റെ ചർച്ചയ്ക്ക്

മുൻപായി ഇന്നലെ തവനൂർ എം.എൽ.എ. ഡോ. കെ. ടി. ജലീലിന്റെ പ്രസ്താവനയ്ക്ക് പിന്തുണ നൽകിക്കൊണ്ട് ഇരവിപുരം എം.എൽ.എ. ശ്രീ. എം. നൗഷാദ് ഇവിടെ ഒരു പ്രസ്താവന നടത്തുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് ഞങ്ങൾക്ക് പറയാനുള്ളത്, ഡോ. കെ. ടി. ജലീലിനും ശ്രീ. എം. നൗഷാദിനും ചില നിരാശകളുണ്ട്, ഞങ്ങൾക്കത് മനസ്സിലാകും. അത് സ്വാഭാവികവുമാണ്. ആ നിരാശയിൽനിന്ന് സ്വന്തം നേതാക്കന്മാർക്കെതിരെ നേരിട്ട് പറയാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് ഞങ്ങളുടെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെതിരെയും മറ്റ് നേതാക്കൾക്കെതിരെയും പ്രസ്താവനകൾ നടത്തുമ്പോൾ സ്വാഭാവികമായും ഞങ്ങൾ അപ്പുറത്തുള്ള നേതാക്കന്മാരേയും അവരുടെ കുടുംബത്തേയും മക്കളെയുംക്കുറിച്ച് പറയും, അങ്ങനെ പറയിപ്പിക്കുന്നതിനുവേണ്ടി ഇവർ രണ്ടുപേരും നടത്തുന്ന കെണിയിൽ ഞങ്ങൾ വീഴാൻ ഉദ്ദേശിക്കുന്നില്ല എന്നുമാത്രമാണ് എനിക്ക് ആദ്യമായി സൂചിപ്പിക്കാനുള്ളത്.

2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. കാരണം നമുക്കെല്ലാവർക്കും അറിയാം, കഴിഞ്ഞ എല്ലാ ധനകാര്യ ചർച്ചകളിലും

പറയുന്നതുപോലെ ഈ ഗവൺമെന്റ് വന്നതിനുശേഷം ഒന്നര ലക്ഷം കോടി രൂപയുണ്ടായിരുന്ന കേരളത്തിന്റെ പൊതു കടം മൂന്നര ലക്ഷം കോടി രൂപയിലേയ്ക്ക് വർദ്ധിച്ചിരിക്കുകയാണ്. ഇത് കേരളത്തിലെ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് വന്നതിനുശേഷമുള്ള ധനകാര്യ മാനേജ്മെന്റിന്റെ ഏറ്റവും വലിയ പരാജയമാണ്. 2020-21-ൽ തന്നെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ വരവ് പ്രതീക്ഷിച്ചിരുന്നത് 1,14,635.90 കോടി രൂപയാണ്. അതിന്റെതന്നെ റിവൈസ്ഡ് പ്രതീക്ഷിച്ചത് 93,00,115.1 കോടി രൂപയായിരുന്നു. എന്നാൽ 2021-22 ആയപ്പോഴേയ്ക്കും ബജറ്റ് എസ്റ്റിമേറ്റ് 1,28,375.88 കോടി രൂപയായി വർദ്ധിച്ചു. അതുപോലെതന്നെ റവന്യൂ എക്സ്പെന്റീച്ചർ 2020-21-ൽ 1,17,321.55 കോടി രൂപയാണ്. എന്നാൽ 2021-22-ൽ റവന്യൂ എക്സ്പെന്റീച്ചർ 1,45,00,286 ആയി മാറി. എന്നുപറഞ്ഞാൽ നമ്മൾ പ്രതീക്ഷിച്ച വരുമാനം ലഭിക്കുന്നുമില്ല, എക്സ്പെന്റീച്ചർ അപ്രതീക്ഷിതമായി പതിനായിരക്കണക്കിന് കോടി രൂപ കൂടുകയും ചെയ്യുന്നു. ഇത് കേരളത്തിന്റെ പൊതുകടവും അതുപോലെതന്നെ മറ്റ് കടങ്ങളും വർദ്ധിക്കാൻ ഇടയാക്കുന്നു. ഇത് ധനകാര്യ മാനേജ്മെന്റിന്റെ ഏറ്റവും വലിയ തകർച്ചയായിട്ടാണ് ഞങ്ങൾ കാണുന്നത്.

നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ മൂലധന ശക്തികളോട് പോരാടിയാണ് കമ്മ്യൂണിസം ലോകത്താകമാനം വളർന്നുവന്നതെങ്കിൽ ഇന്ന് ലോകത്തിന്റെ എല്ലാ മൂലധന ശക്തികളെയും കൂട്ടുപിടിച്ചുകൊണ്ട് ധനസമ്പാദനം മാത്രം ലക്ഷ്യംവയ്ക്കുന്ന പാർട്ടിയായി സി.പി.ഐ.(എം.)ഉം അവരുടെ ഭരണകൂടങ്ങളും മാറുന്നു എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമായി പിണറായി ഭരണകൂടം മാറിയിരിക്കുന്നു. കേരളത്തിൽ ഡി.പി.ഇ.പി. നടപ്പാക്കിയപ്പോൾ ഇ. ടി. മുഹമ്മദ് ബഷീർ സാഹിബ് ആയിരുന്നു വിദ്യാഭ്യാസ വകുപ്പുമന്ത്രി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അന്ന് എസ്.എഫ്.ഐ.-യുടെ നേതാവായിരുന്ന സമയമായിരുന്നു. അന്ന് അദ്ദേഹം അതിനെ എതിർത്തു. എ.ഡി.ബി. വായ്പയെയും എതിർത്തു. അന്ന് ലോകബാങ്കിൽ നിന്ന് ലോൺ എടുക്കുന്നതിനെപ്പോലും എതിർത്ത ആളുകൾ ഇന്ന് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പോയി മണിയടിച്ച് വൻകിട കുത്തക കോർപ്പറേറ്റുകൾക്ക് മുന്നിൽ നമസ്കരിക്കുന്ന ചിത്രമാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഇതാണോ നിങ്ങളുടെ രാഷ്ട്രീയ സാമ്പത്തിക ബദൽ എന്നത് ഞങ്ങൾ വളരെ വിനയത്തോടെ ചോദിക്കുകയാണ്. അതിന്റെ

ഭാഗംതന്നെയാണ് കിഫ്ബി. കിഫ്ബി ഇന്ന് കേരളത്തെ വലിയൊരു തകർച്ചയിലേയ്ക്ക് കൊണ്ടുപോകുകയാണ്. അപ്പോൾ ഞങ്ങൾ കിഫ്ബിയിൽനിന്ന് ഫണ്ട് വാങ്ങുന്നില്ലേ എന്നത് മറ്റൊരു ചോദ്യമാണ്. വാങ്ങുന്നുണ്ട്, കാരണം ഞങ്ങളും ഈ നാട്ടിൽ നികുതി കൊടുക്കുന്ന ആളുകളാണ്. കേരളത്തിന്റെ കടം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കിഫ്ബി എന്നുപറയുന്നത് ലോകത്തിലെ എല്ലാ വൻകിട കോർപ്പറേറ്റുകളിൽനിന്നും പണം കടം വാങ്ങി ചെലവഴിക്കുന്ന സ്ഥാപനമാണ്, യാതൊരു വിരോധവുമില്ല. പക്ഷേ ധൂർത്തും ആഡംബരവും ആർഭാടവുംകൊണ്ട് കിഫ്ബിയുടെ ഫണ്ടടക്കം എടുത്ത് ചെലവഴിച്ചുകൊണ്ട് കേരളം വലിയൊരു കടത്തിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. നാട്ടിലുള്ള പഴയകാല പ്രതാപികളായ കുലീനരും ആഭിജാത്യമുള്ള കുടുംബത്തെയാണ് കിഫ്ബിയെക്കുറിച്ച് പറയുമ്പോൾ ഓർമ്മ വരുന്നത്. ആ കുടുംബത്തിലെ ഒരു പയ്യൻ ധൂർത്തടിച്ചുകൊണ്ട് വട്ടിപ്പലിശയ്ക്ക് ഫൈനാൻസുകളിൽനിന്നും കടം വാങ്ങിച്ച്, അവസാനം ആകെ കടത്തിലേയ്ക്ക് നീങ്ങി ബാങ്കുകാർ ജപ്തിനടപടികളുമായി വരുമ്പോൾ സ്വന്തം വീടും സ്ഥലങ്ങളുമൊക്കെ വിറ്റ് വഴിയാധാരമായ കുടുംബത്തിന്റെ അവസ്ഥയിലേയ്ക്ക്, കിറ്റ് പോലുള്ള

സംവിധാനം കേരളത്തെ ഒരുമുടിയനായ പുത്രനായി പിണറായി ഗവൺമെന്റ് മാറിക്കൊണ്ടിരിക്കുന്നു. ഇത് നിങ്ങളുടെ സാമ്പത്തിക ബദലിന്റെ വലിയ പരാജയമാണ്. ഒരുപക്ഷേ പിൽക്കാലത്ത് കേരളത്തിൽ ജനിച്ചുവീഴുന്ന കുട്ടികൾക്ക് ഇതിന് വലിയ വില കൊടുക്കേണ്ടിവരും. ആ രീതിയിലേയ്ക്ക് മാറുകയാണ് കേരളം.

ധനകാര്യ ബില്ലിന്റെ ചർച്ച നടക്കുമ്പോൾ ഒരുകാര്യം പറയാൻ ആഗ്രഹിക്കുകയാണ്, സമ്പത്തിന്റെയും വികസനത്തിന്റെയും സമതുലിതമായൊരു വിതരണമാണ് ആവശ്യം. സമ്പത്തും വിഭവങ്ങളും സമതുലിതമായി ജനസംഖ്യാനുപാതികമായി വിതരണം ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്. അങ്ങനെ വരുമ്പോഴാണ് നേരത്തെ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സൂചിപ്പിച്ചതുപോലെ, മലപ്പുറത്തെയും മലബാറിലെയും ആളുകളുടെ ആവശ്യമായ സ്കൂളുകളിലെ പ്ലസ് വൺ-ന്റെ സീറ്റിനെ സംബന്ധിച്ച് ഡോ. എം.കെ. മുനീർ അടിയന്തരപ്രമേയം അവതരിപ്പിച്ചു. പ്ലസ് വൺ-ന്റെ സീറ്റ് വരുമ്പോൾ തൃശ്ശൂർ ജില്ലയടക്കമുള്ള ഏഴ് ജില്ലകളിൽ  അറുപതിനായിരത്തോളം സീറ്റിന്റെ കുറവുവരുന്നു. അതേസമയം തൃശ്ശൂർ മുതൽ ഇങ്ങോട്ടുള്ള മറ്റു ജില്ലകളിൽ ഏകദേശം 19436 സീറ്റുകൾ

അധികമായി നിൽക്കുന്നു. അധികമായി നിൽക്കുന്ന സീറ്റുകൾ കുറവുള്ള ജില്ലകളിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുമെന്ന് അഞ്ച് വർഷംകൊണ്ട് പറയുന്നതല്ലാതെ ഇന്നുവരെ ചെയ്തിട്ടില്ല. ഇത് കാണിക്കുന്നത് സമ്പത്തിന്റെയും വിഭവങ്ങളുടെയും സമതുലിതമായ വികസനമില്ലായെന്നതു തന്നെയാണ്. തീർച്ചയായും എല്ലാവരും നികുതി കൊടുക്കുന്നവരാണ്. വായ്പ വാങ്ങിയിട്ട് നൽകുന്നതാണെങ്കിലും ശരി, കേരളീയരായ എല്ലാവരും നികുതി പണംകൊണ്ടും മറ്റ് വിഭവങ്ങൾകൊണ്ടും നികുതി നൽകേണ്ടവരാണെന്ന ഓർമ്മയോടുകൂടി സമ്പത്തിന്റെയും വിഭവങ്ങളുടെയും വിതരണം സമതുലിതമായി നിർവ്വഹിക്കണമെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് അപേക്ഷിക്കുകയാണ്. അതുപോലെ, ഹയർ എഡ്യൂക്കേഷനിലെ സീറ്റുകളുടെ കാര്യത്തെ സംബന്ധിച്ച് ഒരുദാഹരണം പറയാം. പത്തനംതിട്ട ജില്ലയിൽ പ്ലസ്ടു പാസ്സായ വിദ്യാർത്ഥികളിൽ നാൽപ്പത്തിരണ്ട് ശതമാനം കുട്ടികൾക്ക് ഹയർ എഡ്യൂക്കേഷന് കോളേജുകളിൽ പോയി പഠിക്കാൻ എയ്ഡഡ് ഗവൺമെന്റ് കോളേജുകളിൽ സീറ്റുണ്ട്. എന്നാൽ ഞങ്ങൾ പ്രതിനിധാനം ചെയ്യുന്ന മലപ്പുറം ജില്ലയിൽ പ്ലസ്ടു പാസ്സായി വരുന്ന കുട്ടികളിൽ 11.72 ശതമാനം കുട്ടികൾക്കുമാത്രമേ

ഹയർ എഡ്യൂക്കേഷനുവേണ്ടി എയ്ഡഡ് കോളേജുകളിലും സർക്കാർ കോളേജുകളിലും സീറ്റുള്ളൂ. ഇത്തരത്തിൽ വലിയൊരു അന്തരം കേരളത്തിൽ നിലനിൽക്കുകയാണ്. തീർച്ചയായും ഇത്തരം പ്രശ്നങ്ങൾ ഉന്മൂലനം ചെയ്യാനുള്ള ബാധ്യത ധനകാര്യ വകുപ്പുമന്ത്രിക്കുണ്ടെന്ന് ഓർമ്മപ്പെടുത്തുന്നു.

കേരളത്തിന്റെ റോഡുകൾക്കായുള്ള ഫണ്ട് വിതരണത്തിന്റെ കാര്യത്തിലായാലും മറ്റ് വിതരണമാണെങ്കിലും സമതുലിതമായി നിർവ്വഹിക്കണമെന്ന സമീപനം സ്വീകരിക്കണമെന്ന് പറയുകയാണ്. ഇത്തരം കുറ്റങ്ങൾ പറയുമ്പോൾ, എന്നിട്ടും ഞങ്ങൾ ഇത്രയധികം വോട്ടിന് ജയിച്ചുവന്നിട്ടില്ലേയെന്ന് ഭരണപക്ഷത്തുനിന്നും ചോദിക്കും. എനിക്ക് ഒറ്റകാര്യമേ പറയാനുള്ളൂ. അതാണ് ശ്രീ. പി. മമ്മിക്കുട്ടി എം.എൽ.എ. രാവിലെ സംസാരിച്ചപ്പോൾ സൂചിപ്പിക്കുകയുണ്ടായത്, 'നിങ്ങൾ അറിയുക നിങ്ങളെങ്ങനെ ഇങ്ങനെയായി' എന്നരീതിയിലേയ്ക്ക് അദ്ദേഹം കടമ്മനിട്ട രാമകൃഷ്ണന്റെ കവിത പരിവർത്തനംചെയ്തു. ഞങ്ങൾ ഒറ്റകാര്യം പറയുന്നു ജയമാണ് എല്ലാ കാര്യങ്ങൾക്കും നിദാനമെങ്കിൽ ഒറ്റകാര്യം ചോദിക്കട്ടെ.................

<u>മി. ചെയർമാൻ</u>: അങ്ങയുടെ സമയം കഴിയാറായി.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഇന്ത്യൻ പാർലമെന്റിൽ 1952-ൽ 16 സീറ്റുണ്ടായിരുന്ന സി.പി.ഐ.(എം.)-ന് ഇപ്പോൾ വെറും മൂന്ന് സീറ്റാണുള്ളത്. മുസ്ലീം ലീഗിനും മൂന്ന് സീറ്റാണുള്ളത്. അതുകൊണ്ട് അതേ കവിത ഞങ്ങൾ തിരിച്ചുപറയുന്നു, നിങ്ങൾ ഓർക്കുക നിങ്ങൾ എങ്ങനെ ഇങ്ങനെയായിയെന്ന് പാർലമെന്റിൽ പോയി ചോദിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുന്നു.

<u>ശ്രീ. എച്ച്. സലാം</u>: സർ, ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ പൂർണ്ണമായും അനുകൂലിക്കുന്നു. നവകേരളത്തിന്റെ സൃഷ്ടിക്കുവേണ്ടിയുള്ള വിജയകരമായ നമ്മുടെ യാത്രയ്ക്ക് ഏറെ വേഗത വർദ്ധിപ്പിക്കുന്നതാണ് നമ്മുടെ ബഡ്ജറ്റും ബില്ലിലെ ശിപാർശകളുമെല്ലാം. ലോകത്തിലെ എല്ലാ സമ്പദ്‌വ്യവസ്ഥകളും പ്രതിസന്ധിയിലായ ഒരുകാലമാണിത്. രാജ്യത്തിന്റെയും സാമ്പത്തിക വളർച്ച പിറകോട്ടാണ്. നമ്മളെല്ലാവരും പരാമർശിക്കപ്പെട്ടതുപോലെ, പ്രളയത്തിന്റെയും കോവിഡിന്റെയും നിപയുടെയേയും ഓഖി ദുരന്തത്തിന്റെയുമെല്ലാം പ്രയാസങ്ങൾക്കിടയിൽ കേരളത്തിന്റെയും സാമ്പത്തിക വളർച്ച ഇടിയുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. 3.49 ആയി

കേരളത്തിന്റെ വളർച്ചാനിരക്ക് കുറയുകയാണ് ഈ പ്രയാസകരമായ സാഹചര്യത്തിൽ ഉണ്ടായിട്ടുള്ളത്. കേരളത്തിന്റെ ആഭ്യന്തര ഉല്പാദനം ഈ സമയത്ത് 3.82 ആയി കുറഞ്ഞു. കേരളത്തിന്റെ പൊതുവരുമാനം കുറഞ്ഞു. കേന്ദ്രസർക്കാരിന്റെ സഹായം നമുക്ക് ലഭിക്കുന്നില്ല. ധനകാര്യ കമ്മീഷന്റെ ഭാഗമായുള്ള സാമ്പത്തിക സഹായം കേരളത്തിന് കാര്യമായി ലഭിക്കാത്ത സാഹചര്യമാണുള്ളത്. ആ സഹായം 1.94 ആയി കുറയുന്ന സാഹചര്യമുണ്ട്. ജി.എസ്.ടി. ഏർപ്പെടുത്തിയപ്പോൾ ഉണ്ടായിട്ടുള്ള നഷ്ടപരിഹാര വിഹിതമായ 3700 കോടി രൂപ കേന്ദ്രത്തിൽനിന്നും കേരളത്തിന് ലഭിക്കാനുണ്ട്. കേരളത്തെ ഞെരുക്കുന്ന സാമ്പത്തികമായ പ്രതിസന്ധികളെയൊന്നും ചെറുതായിപോലും കാണാൻ പ്രതിപക്ഷം തയ്യാറാകുന്നില്ലായെന്നതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

കിഫ്ബിയെക്കുറിച്ച് ആക്ഷേപകരമായി പറഞ്ഞു. കേരളത്തെ 60,000 കോടി രൂപയുടെ വൻവികസന കുതിപ്പിലേയ്ക്കാണ് കിഫ്ബി കൊണ്ടുപോയത്. പ്രയാസങ്ങളൊക്കെവരുന്ന കാലത്ത് ആ പ്രയാസങ്ങളെപ്പറ്റി പറഞ്ഞ് കരഞ്ഞിരിക്കാതെ നാട്ടിലെ ജനതയുടെ ക്ഷേമ കാര്യങ്ങൾ, ഈ നാടിന്റെ വികസന കാര്യങ്ങൾ, ഒരുകാലത്തും

ഇല്ലാത്തതുപോലെ അടിസ്ഥാന സൗകര്യ വികസനമേഖലയിൽ വൻകുതിപ്പിലേയ്ക്കെത്തിച്ച കിഫ്ബി എന്ന പദ്ധതിയെ ഇപ്പോഴും ആക്ഷേപിക്കുകയാണ്. നമ്മൾ ആലോചിക്കേണ്ട കാര്യം, കോവിഡിനും പ്രളയത്തിനുംശേഷമുള്ള കാലത്ത് കിഫ്ബിയെന്ന പുതിയ സാമ്പത്തിക സമാഹരണ സംവിധാനം ഇല്ലായിരുന്നെങ്കിൽ ഇവരുടെയെല്ലാം നിയോജകമണ്ഡലങ്ങളിലെ സ്ഥിതി എന്തായിരിക്കും; എല്ലാ എം.എൽ.എ.-മാരുടെയും നിയോജകമണ്ഡലങ്ങളിലെ വികസനങ്ങൾ എങ്ങനെയായിരിക്കും? ആ മികവിനെ കാണാതെ അതിനെ ആക്ഷേപിക്കാൻ ഇറങ്ങിപ്പുറപ്പെടുന്നത് ശരിയല്ലെന്ന അഭിപ്രായം മാത്രമെ ഞാൻ ഈ സമയത്ത് സൂചിപ്പിക്കുന്നുള്ളു. സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും യാതൊരുകുറവും സർക്കാർ വരുത്തിയില്ല. പദ്ധതികൾ നടപ്പിലാക്കുന്ന കാര്യങ്ങളിലൊന്നും കുറവുവരുത്തിയിട്ടില്ല. നേട്ടങ്ങളെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല.

ധനകാര്യ വകുപ്പുമന്ത്രിയോട് ഒരുനിർദ്ദേശം വയ്ക്കുന്നത്, സഭയിൽ ബഹുമാനപ്പെട്ട യു.ഡി.എഫ്.-ന്റെയും ലീഗിന്റെയും അംഗങ്ങൾ സാമ്പത്തിക പ്രശ്നത്തെയും മറ്റുകാര്യങ്ങളെയും കുറിച്ചൊക്കെ പറഞ്ഞു. നമുക്ക്

വേണമെങ്കിൽ ഒന്ന് എത്തിനോക്കാവുന്ന മേഖലയെന്ന് പറയുന്നത്, കിഫ്ബിയുടെ ഉന്നത ഉദ്യോഗസ്ഥരും ധനകാര്യ വകുപ്പിന്റെ ഉന്നതഉദ്യോഗസ്ഥരും ഒരുമിച്ച് മലപ്പുറം എ.ആർ. നഗർ സർവ്വീസ് സഹകരണ ബാങ്കിലേയ്ക്ക് പോകണമെന്നാണ് എന്റെ വിനയപൂർവ്വമായ അഭ്യർത്ഥന. മൂന്നര കോടി രൂപ നിക്ഷേപിക്കുമ്പോൾ ഒന്നരകോടി രൂപ പലിശയായി ലഭിക്കുമെന്ന പുതിയ കണ്ടുപിടിത്തവും മാജിക്കും ലീഗിന്റെ നേതാക്കൾ നയിക്കുന്ന ബാങ്കിൽ കാണാൻ കഴിയുന്നു. അതുകൊണ്ട് അത്തരമൊരു സാമ്പത്തിക സംവിധാനത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്. അതുകൊണ്ട് ലീഗ് നേതാക്കൾ നയിക്കുന്ന ബാങ്കിന്റെ ഇത്തരം കാര്യത്തെക്കുറിച്ച് പഠിക്കാൻ ഒരു സമിതിയെ അങ്ങോട്ട് അയയ്ക്കണമെന്ന അഭ്യർത്ഥനയാണ് ഞാൻ സമിതി മുമ്പാകെ വയ്ക്കുന്നത്.

കോവിഡിനെ അതിജീവിക്കുകയെന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ടാണ് കേരളത്തിന്റെ ബഡ്ജറ്റിനെ ഹെൽത്തി ബഡ്ജറ്റെന്ന പേരിൽ വിളിക്കുന്നത്. ആരോഗ്യ വകുപ്പിനെക്കുറിച്ച് എത്ര പ്രശംസിച്ചാലും മതിയാകില്ല. പ്രതിപക്ഷം ഏതുസമയത്തും ആക്ഷേപിക്കാൻവേണ്ടിമാത്രം സഭയിൽ വരുന്നതുപോലെയാണ്. എന്നാൽ

കേന്ദ്രത്തിന്റെ വാക്സിൻ നയത്തെക്കുറിച്ച് ഒരുവാക്ക് പറയാൻ പ്രതിപക്ഷം സന്നദ്ധമാകുന്നില്ല. ആരോഗ്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞു. ഒരുദിവസം മൂന്നുലക്ഷം വാക്സിൻ വീതം കൊടുക്കാൻ കഴിഞ്ഞാൽ ഒന്നരമാസംകൊണ്ട് സമ്പൂർണ്ണമായി വാക്സിൻ കൊടുത്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാൻ കഴിയുമെന്ന്. ആന്റിബോഡി ഉല്പാദിപ്പിക്കുന്ന നിലയിലേയ്ക്ക് കേരളത്തിലെ ജനതയെ മുഴുവൻ മാറ്റിയാൽ കോവിഡിനെ തോൽപ്പിക്കാൻ സാധിക്കും. ലോക്ഡൗൺ മാറ്റാനും കടകൾ തുറന്ന് പ്രവർത്തിക്കാനും വാഹനങ്ങൾ ഓടിക്കാനും ഒരുപ്രയാസവും ഉണ്ടാകുകയില്ല. ആ സാഹചര്യം ഉണ്ടാക്കാൻ തടസ്സമായി നിൽക്കുന്നത് കേന്ദ്ര ബി.ജെ.പി. ഗവൺമെന്റാണെന്ന കാര്യം ഒരുവാക്കുകൊണ്ടുപോലും പറയാൻ എന്തുകൊണ്ടാണ് പ്രതിപക്ഷത്തിന്റെ നാവ് ഉയരുന്നില്ലായെന്നത് ഗൗരവമായി പരിശോധിക്കേണ്ടതാണ്. പ്രതിപക്ഷത്തിന്റെ നിലപാട് തീർത്തും ജനാധിപത്യ വിരുദ്ധമാണ്. അതിനെസംബന്ധിച്ച് ദീർഘമായി ഞാൻ പറയുന്നില്ല. അവരോട് ജനാധിപത്യത്തെക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ല. സാംബശിവൻ 'ആയിഷ' എന്ന കഥാപാത്രത്തെക്കുറിച്ച് കഥാപ്രസംഗത്തിൽ പറയുന്നതുപോലെയാണ്, മുറ്റം തുത്താൽ കുറ്റം

ളുത്തില്ലെങ്കിൽ കുറ്റം, വെള്ളം കോരിയാൽ കുറ്റം കോരിയില്ലെങ്കിൽ കുറ്റം. ഇങ്ങനെ നൂറുകുറ്റങ്ങൾ ചൂണ്ടിക്കാട്ടി ആ പെൺകുഞ്ഞിന്റെ ഹൃദയം നോവിപ്പിക്കുമെന്ന് വയലാർ രാമവർമ്മയുടെ ആയിഷ എന്ന കവിതയെക്കുറിച്ച് സാംബശിവൻ കഥാപ്രസംഗത്തിൽ പറയുകയാണ്. സഭയിൽ രാവിലെ വരിക, ആനമണ്ടത്തരങ്ങൾ മഹാപണ്ഡിതനെപോലെ പ്രസംഗിക്കുക എന്ന ജോലി മാത്രമാണ് കേരളത്തിന്റെ പ്രതിപക്ഷനിരയിലെ നേതാക്കൾപോലും ചെയ്യുന്നത്. പതിനഞ്ചാം കേരള നിയമസഭയിൽ ഏതെങ്കിലും പോസിറ്റീവായ ഒരുകാര്യം നിങ്ങൾ ചെയ്തോയെന്ന് നിങ്ങൾതന്നെ ആലോചിക്കുന്നത് നല്ലതാണെന്ന് മാത്രമെ ഞാൻ പ്രതിപക്ഷത്തോട് ഈ സമയത്ത് പറയാൻ ആഗ്രഹിക്കുന്നുള്ളു. ജനാധിപത്യത്തെക്കുറിച്ച് ഇവരോട് പറഞ്ഞിട്ട് കാര്യമില്ല. മുഖ്യമന്ത്രി മറുപടി പറയുമ്പോൾ, ആ പറയുന്ന ഒരു സെന്റൻസിന്റെ നെഗറ്റീവ് എന്താണെന്ന് ആലോചിക്കുന്ന നിലയിലേയ്ക്കാണ് പ്രതിപക്ഷത്തിന്റെ നിലപാട്. അവരോട് ജനാധിപത്യത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. അതിനുകാരണം, ശ്രീ. രമേശ് ചെന്നിത്തല പറയുന്ന കാര്യമെങ്കിലും പ്രതിപക്ഷം കേൾക്കുന്നത് നല്ലതായിരിക്കും. തലേദിവസം രാത്രി ഒപ്പമുണ്ടായിരുന്ന എം.എൽ.എ.-മാർ

നേരം വെളുത്തപ്പോൾ തള്ളിപ്പറഞ്ഞു. കൈപിടിച്ച് വളർത്തിയവരും കണ്ണടച്ച് വിശ്വസിച്ചവരുമൊക്കെ ആ കൂട്ടത്തിലുണ്ട്; അവർ വിശ്വാസവഞ്ചനയാണ് കാണിച്ചതെന്ന് പറഞ്ഞാൽ, എന്റെ മുന്നിലും പിന്നിലുമിരിക്കുന്ന ആളുകളെല്ലാം വിശ്വാസവഞ്ചന കാണിക്കുന്നവരാണെന്നാണ് നിങ്ങളുടെ നേതാവ് സാക്ഷാൽ ശ്രീ. രമേശ് ചെന്നിത്തല കേരളത്തോട് പരസ്യമായി പറഞ്ഞത്. നിങ്ങൾ ഭരണപക്ഷത്തോട്, കേരളത്തിലെ ജനതയോട് ഒരു വഞ്ചനയും കാണിക്കില്ലായെന്ന് കരുതാൻ നമ്മൾ അത്രമാത്രം വിഡ്ഢികളായി തീരേണ്ടതില്ലായെന്നുമാത്രമേ ഞാൻ ഈ സമയത്ത് പറയുന്നുള്ളൂ. അദ്ദേഹം പറഞ്ഞത് പ്രതിപക്ഷത്തുള്ള നാൽപത്തിയൊന്ന് പേരിൽ കുറച്ചുപേർ വിശ്വാസ വഞ്ചകരുടെ കൂട്ടമാണെന്നാണ്. കോൺഗ്രസ്സിന്റെ നേതാവ് സാക്ഷാൽ വി.എം. സുധീരൻ പറഞ്ഞ കാര്യമെങ്കിലും നിങ്ങൾ കേൾക്കണം. കഴിഞ്ഞ ജൂലൈ മാസം 19-ന് അദ്ദേഹം നടത്തിയ പ്രസംഗത്തിൽ കോൺഗ്രസ്സിന്റെ സാമ്പത്തിക നയം രാജ്യത്തിന് ദോഷമായിയെന്നും തെറ്റുതിരുത്താൻ ആർജ്ജവം വേണമെന്നുമാണ് പറഞ്ഞത്. നിങ്ങളുടെ മുൻ കെ.പി.സി.സി. പ്രസിഡന്റ് സാക്ഷാൽ ശ്രീ. വി. എം. സുധീരൻ പറഞ്ഞ കാര്യമെങ്കിലും കേൾക്കാൻ നിങ്ങൾ കാതുകൊടുക്കണമെന്നുമാത്രം

നിങ്ങളോട് സൂചിപ്പിക്കുകയാണ്. ഏതുകാര്യം പറഞ്ഞാലും അതിനെയെല്ലാം തടസ്സപ്പെടുത്താൻ എന്താണ് മാർഗ്ഗമെന്ന് ആലോചിക്കുന്നവരാണ് നിങ്ങൾ. ഇവിടെ ചർച്ച ചെയ്ത ഏത് വിഷയമെടുത്താലും അങ്ങനെയാണ്. കടതുടറക്കാൻവേണ്ടി ആലോചിച്ചാൽ അടയ്ക്കാൻ പറയും, കട അടയ്ക്കാൻ തീരുമാനിച്ചാൽ തുറക്കാൻ പറയും. വാക്സിൻ കൊടുക്കുന്ന കണക്ക് പറഞ്ഞാൽ കണക്കുവേണ്ടെന്ന് പറയും. കണക്ക് വിശദീകരിച്ചാൽ കണക്ക് തെറ്റാണെന്ന് പറയും. ഇതല്ലേ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്? ഇങ്ങനെ നിരാകരണ പ്രതിപക്ഷമെന്ന് പേരിട്ട് വിളിക്കാൻ കഴിയുന്നരീതിയിൽ കേരളത്തിലെ പ്രതിപക്ഷം മറിയെന്നുള്ളതാണ് പതിനഞ്ചാം കേരള നിയമസഭയുടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. വയലാർ രാമവർമ്മയുടെ രണ്ടുവരി കവിത നിങ്ങളെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. ധാരാളം കാര്യങ്ങൾ ചെയ്യാൻ ബാക്കിയുണ്ട്. അഞ്ച് കൊല്ലത്തെ നേട്ടങ്ങൾക്കുപുറകെ ഇനിയൊരു അഞ്ച് കൊല്ലക്കാലം അതിനേക്കാളേറെ നേട്ടത്തിന് പരിശ്രമിക്കുന്ന ഗവൺമെന്റാണ് രണ്ടാം പിണറായി ഗവൺമെന്റെന്ന കാര്യം മുൻനിർത്തി പറയുകയാണ്, ഞങ്ങൾക്ക് മുന്നോട്ടുപോകാൻ നിങ്ങൾ വഴിമുടക്കികളായി

തീരാൻപാടില്ല.

"വഴിവക്കിൽ നിന്നൊന്നു മാറുക

മാറുക മാറുക ഞങ്ങൾക്ക്

മുഴുമിക്കാനുണ്ടിനി അശ്വമേധം"

എന്ന വയലാർ രാമവർമ്മയുടെ ഏറ്റവും പ്രശസ്തമായ ഈ രണ്ട് വരി ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. കേരളത്തിന് ഇനിയും നയിച്ച് മുന്നോട്ടുപോകാനുണ്ട്. ആ മുന്നോട്ടുള്ള യാത്രയിൽ വഴിമുടക്കിയായി നിൽക്കാതെ വഴിമാറിനിൽക്കണമെന്ന അഭ്യർത്ഥനയാണ് വിനയപൂർവ്വം നിങ്ങളുടെ മുന്നിൽ വയ്ക്കാൻ ആഗ്രഹിക്കുന്നത്. ഈ ധനാഭ്യർത്ഥനയെയും ബില്ലിനെയും പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നന്ദി. നമസ്കാരം.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, 2021-ലെ കേരള ധനകാര്യബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ ടേമിലും എനിക്ക് എം.എൽ.എ. ആകാനുള്ള അവസരം കിട്ടിയെങ്കിലും അന്ന് ഒന്നരവർഷമാണ് എനിക്ക് ലഭിച്ചത്. അതിനിടയിൽ മണ്ഡലത്തിന്റെ വികസനത്തിനായി എന്തെങ്കിലും കൊണ്ടുവരണമെന്ന്

ആലോചിച്ചപ്പോഴാണ് കിഫ്ബി പദ്ധതിവഴി ധാരാളം കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് മനസ്സിലായത്. 850 കോടി രൂപയുടെ പദ്ധതികളാണ് എന്റെ മണ്ഡലത്തിൽ കിഫ്ബിവഴി കൊണ്ടുവരാൻ സാധിച്ചത്. 140 എം.എൽ.എ.-മാർക്കും അത്തരത്തിൽ കിഫ്ബി വഴിയുള്ള സാമ്പത്തിക വിഭവ സമാഹരണത്തിന്റെ ഭാഗമായി പദ്ധതികൾ ലഭിച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിൽ മൂന്ന് സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ബഹുമാനപ്പെട്ട മന്ത്രി ഉദ്ഘാടനം ചെയ്തു. ഭൂമി ഏറ്റെടുക്കലടക്കമുള്ള നടപടികളുമായി മുന്നോട്ട് പോകുന്ന സ്ഥിതിയാണുള്ളത്. എന്റെ പ്രിയങ്കരനായ സുഹൃത്ത് മൂവാറ്റുപുഴ അംഗം കണക്കുകൾ ഉദ്ധരിച്ചാണ് പറഞ്ഞത്. കാനഡയിലെ ലാവ്ലിൻ കമ്പനിയുടെ പണമാണ് മസാലാ ബോണ്ട്വഴി ഇവിടെ വന്നിരിക്കുന്നത്, അത് പോയി മണിയടിച്ച് വാങ്ങിയിരിക്കുകയാണെന്നാണ് പറയുന്നത്. ഞാൻ യു.ഡി.എഫ്.-കാരെ വെല്ലുവിളിച്ചുകൊണ്ട് ചോദിക്കുകയാണ്, അന്തസ്സുണ്ടെങ്കിൽ കിഫ്ബിയുടെ പണം വേണ്ടെന്ന് പറയാനുള്ള നട്ടെല്ലുണ്ടെന്ന് നിങ്ങൾക്ക് കാണിക്കാമോ; ആർജ്ജവം കാണിക്കുമോ? അത്തരത്തിലുള്ള വർത്തമാനങ്ങളാണ് ഇവിടെ പറയുന്നത്. അന്തസ്സുള്ളവരാണെങ്കിൽ കിഫ്ബിയുടെ പണം വേണ്ടായെന്ന് പറയണം.

ആ പണം കൂടിയെടുത്ത് ഞങ്ങളുടെ മണ്ഡലത്തിൽ വികസനം നടത്താം. ഞങ്ങളുടെ ഉത്തരവാദിത്വം അതാണ്. കേന്ദ്ര ഗവൺമെന്റുപോലും കിഫ്ബിയെ അനുകരിച്ച് ഒരു ഫോറമുണ്ടാക്കിയിരിക്കുകയാണ്. ആ ഫോറം കിഫ്ബിയുടെ മോഡലിൽ വികസന പദ്ധതികൾ തയ്യാറാക്കുന്നു, വിഭവസമാഹരണം നടത്തുന്നു, വികസന പ്രവർത്തനങ്ങൾ കൊണ്ടുവരാനായി ആഗ്രഹിക്കുന്നു എന്ന നിലയിലാണ് കാര്യങ്ങൾ പോകുന്നത്. ബഹുമാനപ്പെട്ട മൂവാറ്റുപുഴയിലെയും കൽപ്പറ്റയിലെയും അംഗങ്ങളോട് എനിക്ക് പറയാനുള്ളത്, കിഫ്ബി എന്ന സംവിധാനം പാർലമെന്റ് അംഗീകരിച്ചിട്ടുള്ളതും FEMA (Foreign Exchange Management Act) എന്ന നിയമപ്രകാരം രാജ്യം അംഗീകരിച്ചിട്ടുള്ളതുമാണ്. ആ സംവിധാനം കേരള നിയമസഭയിൽ അവതരിപ്പിച്ച് പരിപൂർണ്ണമായ പിന്തുണയോടുകൂടി പാസ്സാക്കിയിട്ടുള്ളതാണ്. ആർ.ബി.ഐ.-യും സെബിയുമടക്കമുള്ള ഇന്ത്യയുടെ ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ചിട്ടുള്ളതാണ് കിഫ്ബി. 2018 ജൂൺ 1-ന് 2109 കോടി രൂപയുടെ ബോണ്ട് ഇറക്കാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കിഫ്ബിക്ക് അനുമതി നൽകിയിട്ടുണ്ട്. ലോൺ രജിസ്ട്രേഷന് നമ്പർ അനുവദിച്ചതും ഏജന്റ്

ബാങ്കിനെ അംഗീകരിച്ചതുമടക്കമുള്ള കാര്യങ്ങളിൽ ആർ.ബി.ഐ.-യുടെ അംഗീകാരം കിഫ്ബി വാങ്ങിയിട്ടുണ്ട്. FEMA 6 (3) D വകുപ്പ് പ്രകാരം ഇത്തരം വായ്പ നിയന്ത്രിക്കേണ്ടത് ആർ.ബി.ഐ. ആണ്. ആർ.ബി.ഐ. ഇറക്കിയിട്ടുള്ള മാസ്റ്റർ സർക്കുലർ പ്രകാരം കിഫ്ബിയെന്ന സ്ഥാപനത്തെ കോർപ്പറേറ്റ് സ്ഥാപനമായാണ് മാറ്റിയിരിക്കുന്നത്. അങ്ങനെയൊരു കോർപ്പറേറ്റ് സ്ഥാപനത്തിനെ ഭരണഘടനയുടെ ചില വ്യവസ്ഥകൾ പ്രകാരം തെറ്റാണെന്ന് വാദിക്കുന്നവരുണ്ട്. എന്നാൽ കോർപ്പറേറ്റ് സ്ഥാപനത്തിന് ലോൺ എടുക്കാൻ ആ ഭരണഘടനയുടെ വ്യവസ്ഥ ബാധകമല്ലെന്നുള്ള കാര്യം നിയമസഭയിൽ പലതവണ ചർച്ച ചെയ്ത് കാര്യങ്ങൾ മനസ്സിലാക്കിയിട്ടുള്ളതാണ്. ബഡ്ജറ്റിന്റെയും ധനകാര്യ ബില്ലിന്റെയും സമയത്ത് കിഫ്ബിയുടെ കാര്യങ്ങളെ സംബന്ധിച്ച് ധാരാളം ചർച്ച നടത്തിയിട്ടുള്ളതാണ്. ഇവിടെ കോടിക്കണക്കിന് രൂപയുടെ വികസന കാര്യങ്ങളാണ് കൊണ്ടുവരുന്നത്. ഗവൺമെന്റിൽനിന്നും ഒരു വർഷം അഞ്ച് കോടി രൂപയാണ് എം.എൽ.എ. ആസ്തിവികസന ഫണ്ടായി ലഭിക്കുന്നത്. എന്റെ മണ്ഡലത്തിൽ 850 കോടി രൂപയുടെ വികസന പദ്ധതികൾ നടക്കുന്നു, എത്രകാലം എം.എൽ.എ. ആയിരുന്നാലാണ് ഇത് സാധ്യമാകുന്നത്.

വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനമടക്കമുള്ള ജനങ്ങളുടെ ആവശ്യത്തിന് അൻപത് വർഷത്തിലേറെ പഴക്കമുണ്ട്. ആ പദ്ധതികളടക്കം യാഥാർത്ഥ്യമാക്കുന്നതിന് എൽ.ഡി.എഫ്. ഗവൺമെന്റാണ് കിഫ്ബിയിലൂടെ പണം അനുവദിച്ചിരിക്കുന്നത്. അത്തരം വികസന പദ്ധതികൾ നാട്ടിൽ യാഥാർത്ഥ്യമാക്കാനുള്ള ചുമതല അവിടെയുള്ള ജനപ്രതിനിധിയെന്ന നിലയിൽ നമ്മൾ ഏറ്റെടുക്കണം. അവിടെ ഏതെങ്കിലും ഒരു പദ്ധതി നടക്കാതിരുന്നാൽ എം.എൽ.എ. ഉൾപ്പെടെയുള്ളവർ ആ ഉത്തരവാദിത്വം ഏറ്റെടുത്ത് പദ്ധതി നടപ്പാക്കാനുള്ള പരിശ്രമം നടത്തണം. അല്ലാതെ പദ്ധതിയെത്തന്നെ ഇല്ലാതാക്കാനുള്ള പരിശ്രമങ്ങളിൽ നിൽക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ നിയമങ്ങളും അംഗീകരിച്ചാണ് ഇക്കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. ലോകവും രാജ്യവും കേരളവുമൊക്കെ നിരവധി വെല്ലുവിളികൾ നേരിടുകയാണ്. കോവിഡ്, മഹാപ്രളയം, ഓഖി എന്നിവയടക്കമുള്ള ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടിവന്നു. ആ സമയത്ത് കേരളത്തെ കൃത്യമായ ദിശാബോധത്തോടെ നയിക്കാൻ കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചുവെന്നതാണ് ജനങ്ങൾ ഞങ്ങളിൽ

വിശ്വാസം അർപ്പിക്കാനുള്ള കാരണം. നിങ്ങൾ പല ആൾക്കാരെയും കൊണ്ടുവന്നല്ലോ; രാജ്യത്തുള്ള ഏജൻസികളായ സി.ബി.ഐ., ഇ.ഡി. തുടങ്ങിയ സ്ഥാപനങ്ങളിലുള്ളവരെയെല്ലാം കൊണ്ടുവന്ന് പരിശോധനയും മറ്റ് പ്രഹസനങ്ങളും കാണിച്ചു. ഇപ്പോൾ എന്താണ് അവസ്ഥ? പ്രതിപക്ഷ നേതാക്കൾക്ക് അവരെയൊക്കെ പേടിക്കേണ്ട സ്ഥിതിയിലേയ്ക്ക് മാറുകയല്ലേ; കള്ളപ്പണം വെളുപ്പിക്കൽ സ്ഥാപനങ്ങളായി നമ്മുടെ സഹകരണ ബാങ്കുകളെ മാറ്റുന്ന ചിത്രം ഇവിടെ പലരും വരച്ചുകാണിച്ചു. അത്തരമൊരു അവസ്ഥയിലേയ്ക്ക് മാറിയിരിക്കുകയാണ്. ഈ സ്ഥിതിവിശേഷത്തിലാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഞാൻ നേരത്തെ പറഞ്ഞ പിന്നാക്കാവസ്ഥ പരിഹരിക്കാനും മഹാമാരിയടക്കമുള്ള കാര്യങ്ങളിൽനിന്നും മുക്തരാകാനുമുള്ള കാര്യങ്ങളാണ് സൂചിപ്പിക്കാനുള്ളത്. ലോകക്രമത്തിൽ കോവിഡാനന്തര ജീവിതം ഓൺലൈനായി മാറുകയാണ്. ഞങ്ങൾ വിളിച്ചുചേർക്കുന്ന യോഗങ്ങളും സ്കൂളുകളിലെ ക്ലാസ്സുകളും ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടക്കുന്നത്. ഇപ്പോൾ ഞാൻ താമസിക്കുന്നത് കഴക്കൂട്ടത്താണ്. അവിടെയുള്ള ടെക്നോപാർക്ക് എന്ന സ്ഥാപനം ഇ. കെ.

നായനാർ ഗവൺമെന്റിന്റെ കാലത്ത് സ്ഥാപിച്ചതാണ്. കഴക്കൂട്ടത്ത് വലിയ ഇൻഫ്രാസ്ട്രക്ച്ചർ മന്ദിരങ്ങളാണുള്ളത്. കോടിക്കണക്കിന് രൂപ ചെലവാക്കി കപ്പലിന്റെയും മറ്റും മോഡലിൽ രൂപകൽപ്പന ചെയ്തിരിക്കുകയാണ്. ജീവനക്കാരുടെ എണ്ണത്തിന്റെ നാലിലൊന്നായി ചുരുക്കി ബാക്കിയുള്ളവർ വീട്ടിലിരുന്ന് ജോലി ചെയ്യുകയാണ്. കോവിഡ് മാറിയാലും ഇവർ വീട്ടിലിരുന്ന് ജോലി ചെയ്താൽ മതിയെന്ന നിലപാടിലേയ്ക്ക് ഐ.ടി. കമ്പനികൾ മാറുകയാണ്. കാരണം, പുതിയ ലോകക്രമം വരികയാണ്. നമ്മുടെ ജീവിതം ഓൺലൈനായി മാറുകയാണ്. ആ ഒരു അവസ്ഥയിൽ എങ്ങനെ കേരളത്തിന്റെ സമ്പദ്ഘടനയെ മാറ്റിയെടുക്കാമെന്നുള്ള ചിത്രമാണ് ബഡ്ജറ്റ് വരച്ച് കാണിക്കുന്നത്. ഉദാഹരണത്തിന് വിജ്ഞാന സമൂഹമാക്കി കേരളത്തെ മാറ്റുകയെന്നത് എന്ത് നല്ല സങ്കൽപ്പമാണെന്ന് ആലോചിച്ചു നോക്കൂ. നമ്മുടെ കുട്ടികളെല്ലാം നന്നായി പഠിക്കുന്നവരാണ്. ഐ.ടി., ബി.ടെക് തുടങ്ങിയ കോഴ്സുകൾക്കെല്ലാം ചേർന്ന് നല്ല മാർക്ക് വാങ്ങി ജയിക്കുകയാണ്. ഫുൾ എ പ്ലസിന്റെ എണ്ണം വർദ്ധിച്ചു. ഗവൺമെന്റ് ഉദാരമായി മാർക്കിട്ടതാണ് അതിന് കാരണമെന്നാണ് ചിലർ പറയുന്നത്. അങ്ങനെയാണോ; നമ്മുടെ കുട്ടികൾ നമ്മളെക്കാൾ മികച്ചവരാണ്. ആ

കുട്ടികൾ കേരളത്തിന്റെ ഭാവി പ്രതീക്ഷയാണ്. അങ്ങനെയുള്ള കുട്ടികൾക്കുവേണ്ടിയാണ് നമ്മുടെ സംസ്ഥാനത്തെ Knowledge State ആക്കി മാറ്റുമെന്ന് ഈ ഗവൺമെന്റ് പറഞ്ഞത്. വിജ്ഞാന സമ്പദ് ഘടനയിലേയ്ക്ക് നമ്മുടെ നാടിനെ മാറ്റുകയാണ്. അതുവഴിയുണ്ടാകുന്ന സാമ്പത്തികവും ഭൗതീകവും പശ്ചാത്തലപരവുമായ വികസനം നമ്മുടെ നാടിനെ ഏറ്റവും വലിയ വികസിത രാജ്യമാക്കി മാറ്റുമെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. അതിനാണ് ഈ ബഡ്ജറ്റ് ഉന്നം വയ്ക്കുന്നതെന്ന് നമുക്കറിയാം. തൊഴിലില്ലാത്ത ധാരാളം ആളുകൾ ഇപ്പോൾ സമരം ചെയ്യുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ കണക്ക് ഇവിടെ അവതരിപ്പിച്ചു. ബഡ്ജറ്റിലൂടെ മുന്നോട്ടുവച്ച കെ-ഡിസ്ക് എന്ന സംവിധാനത്തെ, ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കാനുള്ള സംവിധാനമായി മാറ്റാൻ ഗവൺമെന്റിന് സാധിച്ചു. ഞാൻ വിശദമായ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ഉന്നത ഗവേഷണ സ്ഥാപനങ്ങൾ ഏറ്റവും മികച്ച നിലയിലേയ്ക്ക് മാറ്റാനും ഫെല്ലോഷിപ്പ്, സ്കോളർഷിപ്പ് എന്നിവ നൽകാനും ഈ ബഡ്ജറ്റ് വിഭവം കണ്ടെത്തുകയാണ്. ആഗോള പട്ടിണി സൂചികയിൽ നൂറ്റിയേഴ് രാജ്യങ്ങളിൽ 97-ാമത്തെ സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. അങ്ങനെയുള്ള ഇന്ത്യയുടെ കൊച്ചു

സംസ്ഥാനമായ കേരളം പട്ടിണി മരണമില്ലാത്ത നാടാക്കിമാറ്റിയത് എൽ.ഡി.എഫ്. സർക്കാരാണെന്ന് നമുക്ക് പറയാതിരിക്കാൻ കഴിയുമോ? തുടർച്ചയായി കിറ്റുകളും 1600 രൂപ പെൻഷനും മുടക്കമില്ലാതെ കൊടുക്കുന്നു. നേരത്തെ യു.ഡി.എഫ്. ഗവൺമെന്റ് എന്താണ് ചെയ്തത്? പെൻഷനും കിറ്റും ഒന്നുമില്ലാത്ത അവസ്ഥയല്ലേ; ചില ആളുകൾക്ക് ബാർ കൊടുക്കാനാണ് താൽപ്പര്യം, അങ്ങനെയുള്ളവർ ഭരിച്ച കാലമല്ല എൽ.ഡി.എഫ് സർക്കാരിന്റെ കാലമെന്നുള്ളത് നമ്മൾ മനസ്സിലാക്കണം. അത് ജനങ്ങൾ നന്നായി മനസ്സിലാക്കിയിട്ടുണ്ട്. കേരളത്തിലെ പ്രബുദ്ധരായ ജനസമൂഹം എൽ.ഡി.എഫ്. ഗവൺമെന്റിന് 99 സീറ്റുകൾ നൽകി മഹാഭൂരിപക്ഷത്തിൽ വിജയിപ്പിച്ചു. കേരള ചരിത്രത്തിൽ ആദ്യമായാണ് ഒരു ഗവൺമെന്റിന് തുടർ ഭരണം നൽകി കൊണ്ടുവന്നത്. ഈ ഗവൺമെന്റ് അവതരിപ്പിച്ച കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ പരിപൂർണ്ണമായി പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. പി. ബാലചന്ദ്രൻ: സർ, 2021 ജനുവരി 15 ന് 14-ാം കേരള നിയമസഭയിൽ സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കുകയുണ്ടായി. 14-ാം നിയമസഭയുടെ കാലാവധി കഴിഞ്ഞതോടെ പുതുതായി സ്ഥാനമേറ്റ നമ്മുടെ

ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ നികുതി വരുമാനങ്ങളെ സംബന്ധിച്ച് ചില ക്രമീകരണങ്ങളും പുനരാവിഷ്കരണങ്ങളും നടത്തണമെന്ന് സഭ മുമ്പാകെ അഭ്യർത്ഥിക്കുകയുണ്ടായി. ആ അഭ്യർത്ഥനകളുടെ രത്നച്ചുരുക്കമാണ് ഇപ്പോൾ നമ്മുടെ മുന്നിൽ ധനകാര്യബില്ലായി വന്നിട്ടുള്ളത്. ഈ ധനകാര്യബില്ല് സഞ്ചിതനികുതിയ്ക്ക് അധികം കോട്ടംതട്ടാത്തതും സഞ്ചിതനികുതിയെ ബാധിക്കാത്തതും ആയതുകൊണ്ട് ആയത് സബ്ജക്ട് കമ്മിറ്റിക്ക് വിടുന്ന പ്രമേയത്തെ പിന്തുണയ്ക്കുകയാണ്.

ഈ പ്രമേയത്തെ പ്രതികൂലിച്ചുകൊണ്ട് സംസാരിച്ച മിക്കവരും സൂചിപ്പിച്ചത് പുതിയ സാമ്പത്തികനയത്തിന്റെ പ്രത്യേകതകളെക്കുറിച്ചാണ്. ആരാണ് ഇന്ത്യയിൽ ഈ പുതിയ സാമ്പത്തിക നയം കൊണ്ടുവന്നത്. Fact based discussion നടക്കുന്നില്ലെന്ന് പരിതപിച്ച ശ്രീ. മാത്യു കുഴൽനാടനോട് സ്നേഹപൂർവ്വം ചോദിക്കട്ടെ; 1991-ൽ മഹാത്മാഗാന്ധിയുടെ പടം വച്ച ഇന്ത്യൻ പാർലമെന്റിൽ ഇന്ത്യയുടെ ചങ്കും കരളും പറിച്ച് വിദേശശക്തികൾക്ക് തെരുവിൽ പച്ചിലയിൽപൊതിഞ്ഞ് മുല്ലപ്പൂ വിൽക്കുന്നതുപോലെ വിൽക്കാനുള്ള അധികാരം കൊടുത്ത പുത്തൻ സാമ്പത്തികനയം ഇന്ത്യയിലടിച്ചേൽപ്പിച്ചത് ആരാണ്? അത് കോൺഗ്രസാണ്. ആ

കോൺഗ്രസ് ഭരിച്ചതിനുശേഷം അധികാരത്തിൽ വന്ന ബി.ജെ.പി.-യുടെ മഴക്കാല സമ്മേളനം തുടങ്ങിക്കഴിഞ്ഞു. നമ്മുടെ പാർലമെന്റിൽ ഓരോ ദിവസവും നടക്കുന്നതിനെക്കുറിച്ച് കോൺഗ്രസിന് മറുപടി പറയാനില്ലേ; പത്തൊൻപതുപേർ ജയിച്ച് പോയതല്ലേ കേരളത്തിൽ നിന്നും. ഇന്ത്യയുടെ പ്രധാനപ്പെട്ട സാമ്പത്തിക കേന്ദ്രങ്ങളെല്ലാം സ്വകാര്യവത്കരിക്കുന്ന ബില്ലുകൾ അപ്പം ചുട്ടെടുക്കുന്നതുപോലെയല്ലേ നമ്മുടെ പാർലമെന്റിൽ പാസാക്കുന്നത്. ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റി, പ്രതിരോധസമ്പത്തിന്റെ നെറുകയിലേയ്ക്കും താക്കോൽ സ്ഥാനങ്ങളിലേയ്ക്കും സ്വകാര്യമൂലധനം, ഖനികൾ എന്നിവ വിൽക്കുന്നു. തുറമുഖങ്ങളും എയർപോർട്ടുകളുമെല്ലാം വിൽപ്പനയ്ക്ക് വച്ചിരിക്കുന്നു. ശ്രീമതി നിർമ്മലാ സീതാരാമൻ എന്ന ബി.ജെ.പി. ധനകാര്യമന്ത്രിക്ക് ഇങ്ങനെ ഒരു ധൈര്യമുണ്ടായതും ഇങ്ങനെയൊരു സാമ്പത്തികവ്യവസ്ഥ ഇന്ത്യാരാജ്യത്ത് കെട്ടിപ്പടുക്കാൻ കഴിഞ്ഞതും കോൺഗ്രസ് ആവിഷ്കരിച്ച പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമല്ലേ; ഉദാരവത്കരണം, കമ്പോളവത്കരണം, സ്വകാര്യവത്കരണം എന്നുപറഞ്ഞ് ഈ രാജ്യത്ത് നരസിംഹറാവു ആവിഷ്കരിച്ച സാമ്പത്തികനയത്തെ അന്ന് ഞങ്ങൾ ഇന്ത്യയിലുടനീളം

എതിർക്കുമ്പോൾ ഇത് പുതിയൊരു ഭാരതം കെട്ടിപ്പടുക്കാനുള്ള വഴിയാണെന്നാണ് ഇവരൊക്കെ പറഞ്ഞത്. ഇപ്പോൾ ഇടതുപക്ഷ ഗവൺമെന്റ് കേരളത്തിലാവിഷ്കരിച്ച കിഫ്ബി പദ്ധതിയെക്കുറിച്ചാണ് ഇവർക്ക് സംശയമുള്ളത്. കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പോയതിനെക്കുറിച്ചാണ് ഇവർക്ക് സംശയമുള്ളത്. ഐ.എം.എഫ്-നെ, ലോകബാങ്കിനെ, വിദേശമൂലധനത്തെ ഒന്നും ഇടതുപക്ഷമെതിർത്തിട്ടില്ല. അതിന്റെ കാണാച്ചരടുകളെയാണ്, ഇന്ത്യയെ അസ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുന്ന നിയമങ്ങളെയാണ് ഞങ്ങൾ എതിർത്തത്. ഒരു രാജ്യം വികസിക്കുമ്പോൾ പുതിയ വികസന പ്രക്രിയകളാവിഷ്കരിക്കുന്നതിന്റെ ഭാഗമായി നമുക്ക് മൂലധനങ്ങളാവശ്യമായി വരും. ഞങ്ങൾ അന്നതിനെ എതിർത്തത് അതിന്റെ കാണാച്ചരടുകളെ, നമ്മുടെയെല്ലാം ഇടതുപക്ഷചിന്തയ്ക്ക് ആക്കം വർദ്ധിപ്പിച്ച നിര്യാതനായ എം. പി. വീരേന്ദ്ര കുമാർ എഴുതിയ 'ഗാട്ടും കാണാച്ചരടുകളും' എന്ന പുസ്തകം തന്നെ ഒരാവർത്തി വായിച്ചാൽമതി പുതിയ സാമ്പത്തിക നയത്തിന്റെ ദുരന്തമെന്താണെന്ന് മനസിലാക്കാൻ. എന്നിട്ടും അവർപറയുന്നു ഇടതുപക്ഷമാവിഷ്കരിച്ച കിഫ്ബിയാണ് ആകെ കുഴപ്പം. ഞങ്ങളുടെ നാട്ടിൽ

ഒരു ജ്യോത്സ്യനുണ്ട്. അദ്ദേഹം ഗോവിന്ദ ഗണകന്റെ ഹോരാശാസ്ത്രവുമൊക്കെ പഠിച്ച് അല്പം സംസ്കൃതവും നല്ല മലയാളവുമൊക്കെ കലർത്തി പ്രശ്നപ്പലക വച്ച് പ്രശ്നം നോക്കുന്ന ഒരാളാണ്. അടുത്തുതന്നെയുള്ള ഒരു കോളേജ് പ്രൊഫസർ ഇടയ്ക്കിടെ പ്രശ്നം വയ്ക്കാൻ വരും; അദ്ദേഹത്തിനെന്നും സംശയമാണ്. നിങ്ങളെല്ലാവരും പ്രശ്നപ്പലക കണ്ടിട്ടുണ്ടാവും. ഒരു കുസൃതിക്ക് വേണ്ടിയെങ്കിലും അത് കാണാത്തവരുണ്ടാകില്ല. ഒരു സമചതുരത്തെ നാല് വിലങ്ങനെ വരച്ച് 9 കള്ളികളുള്ള പ്രശ്നപ്പലക. അതിൽ ബുധൻ, ശുക്രൻ, ചൊവ്വ, കേതു, ഗുളികൻ എന്നൊക്കെ സൈഡിൽ നിങ്ങൾക്കെഴുതിയതായി കാണാം. ഈ പ്രൊഫസറുടെ വരവ് തുടർച്ചയായപ്പോൾ ജ്യോത്സ്യനൊരു ഭയം. ഈ വരച്ച കള്ളികളിലൊന്നും നിൽക്കില്ല. അപ്പോൾ ഈ പ്രശ്നകള്ളിയ്ക്ക് അപ്പുറത്തേയ്ക്കൊരു കള്ളി/കളം നീട്ടി വരച്ചു. അപ്പോൾ പ്രൊഫസർ ചോദിച്ചു, ജ്യോത്സ്യരെ ഞാൻ ഇത്ര നാൾ വന്നിട്ടും ഈ കളം പുറത്തേയ്ക്ക് വരച്ച് കണ്ടിട്ടില്ലല്ലോ; അപ്പോൾ ജ്യോത്സ്യർ പറഞ്ഞു. ഇതാണ് നിക്കക്കള്ളി. ഈ കളത്തിലൊന്നും താൻ നിന്നില്ലെങ്കിൽ പുറത്തുനിൽക്കാൻ വേണ്ടി ഒരു കളം വരച്ചതാണ്. അതുപോലെ ഒരു നിക്കക്കളത്തിന് വേണ്ടിയിവർ

ഇപ്പോൾ വരയ്ക്കുന്നതാണ് ഈ കിഫ്ബി. ആ ജ്യോത്സ്യന്റെ ടെക്നിക്കാണിത്. എന്താണ് കിഫ്ബി. കിഫ്ബി എന്നു പറയുന്നത് നൂതനമായ ഒരു സാമ്പത്തിക സമാഹരണ പദ്ധതിയാണ്. അത് ഇന്ത്യയുടെ പാർലമെന്റ് അംഗീകരിച്ചിട്ടുള്ളതാണ്. കേരളത്തിന്റെ നിയമസഭ പല തവണ ചർച്ചചെയ്ത് പാസാക്കിയിട്ടുള്ളതാണ്. അതുവഴി വന്നിട്ടുള്ള പണത്തിന്റെ കോടികളുടെ കണക്കാണ് ഇവിടെ ഡോ. മാത്യു കുഴൽനാടൻ വലിയ വരവുണ്ടായില്ല ചെലവ് കൂടിയെന്ന് പറയുന്നത്. അതിന്റെ വരവും ചെലവുമൊന്നും നിങ്ങൾ കൂട്ടി നോക്കണ്ട. 140 നിയോജകമണ്ഡലങ്ങളിലും നടന്ന വികസനപ്രവർത്തനങ്ങളുടെ അളവ് നോക്കിയാൽ കേരളത്തിലെ ജനങ്ങൾ കിഫ്ബിയെ സ്വീകരിച്ചതിന്റെ മാതൃക നിങ്ങൾക്ക് മനസിലാക്കാൻ സാധിക്കും. കേരളത്തിന് ഒരു വികസന പദ്ധതി വേണമെങ്കിൽ എവിടെയാണ് നമുക്കൊരു മിച്ച ബഡ്ജറ്റ് അവതരിപ്പിക്കാൻ സാധിക്കുകയെന്ന് നിങ്ങൾ മനസിലാക്കണം, നരസിംഹറാവു അവതരിപ്പിച്ച പുത്തൻ സാമ്പത്തികനയം ഇന്ത്യയിൽ നടപ്പാക്കുന്നതിനുമുമ്പ് ഇന്ത്യയിലെ 18 സംസ്ഥാനങ്ങൾ മിച്ചബഡ്ജറ്റ് അവതരിപ്പിച്ചിരുന്നു. ഇന്ന് എത്ര സംസ്ഥാനങ്ങൾ മിച്ചബഡ്ജറ്റ് അവതരിപ്പിക്കുന്നുണ്ട്? രണ്ടേരണ്ടു

സംസ്ഥാനങ്ങൾ. ഒരുപക്ഷേ തിരുവനന്തപുരം ജില്ലയുടെ വലിപ്പമുള്ള മിസോറാമും കേന്ദ്രഗവൺമെന്റിന്റെ പണം കിട്ടുന്നതുകൊണ്ട് ഡൽഹിയും ആയിരിക്കാം. മറ്റൊരു സംസ്ഥാനവും മിച്ച ബഡ്ജറ്റ് അവതരിപ്പിക്കുന്നില്ല. എങ്ങനെയാണ് ഇന്ത്യ ഈ പരുവത്തിലെത്തിച്ചേർന്നത്. അങ്ങനെ നിങ്ങൾ കുട്ടിച്ചോറാക്കിയ ഒരു സംസ്ഥാനത്തെയും പല സംസ്ഥാനങ്ങളെയും പുരോഗതിയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി ആവിഷ്കരിച്ചതാണ് കിഫ്ബി. ആ കിഫ്ബിയുടെ നേട്ടങ്ങൾ ഇവിടെയുള്ള എം.എൽ.എ.-മാരും ഇതിനുമുമ്പുണ്ടായിരുന്ന സഭയുടെ എം.എൽ.എ.-മാരും എണ്ണിയെണ്ണി രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ വാർഷിക റിപ്പോർട്ടുകൾ പുറത്തുവരുന്നുണ്ട്. നിങ്ങളുടെ പ്രതിപക്ഷ നേതാവും നിങ്ങളുടെ പ്രധാനപ്പെട്ട കക്ഷിയുടെ നേതാക്കളും കിഫ്ബിയെ ആദ്യം എതിർത്തത് ഇത് ഓഡിറ്റിംഗിന് വിധേയമല്ലെന്നും ഇന്റേണൽ ഓഡിറ്റിംഗിന് വിധേയമല്ലാത്ത സി&എ.ജി.-ക്ക് പ്രാപ്യമല്ലാത്തൊരു ഫണ്ടാണ് കിഫ്ബിയുടേതെന്നും പറഞ്ഞുകൊണ്ടാണ്. ആ തർക്കം പൊളിഞ്ഞപ്പോൾ ഇത് ഓഡിറ്റബിൾ ആണെന്നും സോഷ്യൽ ഓഡിറ്റിംഗ് വരെയുണ്ടെന്നും പൊതുജനത്തിനുവരെ ബോധ്യമായപ്പോൾ നിങ്ങൾക്കതിൽ നിന്നും പിന്മാറേണ്ടിവന്നു. അതുകൊണ്ട്

പ്രിയമുള്ളവരെ, നിങ്ങൾ വരയ്ക്കുന്ന ഈ നിക്കക്കള്ളിക്ക് വേണ്ടിയുള്ള കളങ്ങളിൽനിന്നും പിൻവാങ്ങിക്കൊണ്ട് ജനങ്ങളുടെ മനസിൽ നിങ്ങളെക്കുറിച്ചുണ്ടായിട്ടുള്ള പുതിയ ബോധ്യങ്ങളെ തിരുത്തുന്നതിനുവേണ്ടി പരിശ്രമിക്കുക. ഈ ബില്ലിനെ സബ്ജക്ട് കമ്മിറ്റിക്ക് വിടുന്നതിനുള്ള തീരുമാനത്തെ പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, സാമ്പത്തിക നിർവ്വഹണം നാടിന്റെ വികസനത്തിന് വേണ്ടിയെന്ന കാഴ്ചപ്പാടോടുകൂടിയുള്ള ഈ ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടാനുള്ള പ്രമേയത്തെ അനുകൂലിക്കുന്നു. സമ്പദ്‌വ്യവസ്ഥയ്ക്ക് സമാനമായി ഇംഗ്ലീഷിൽ പറയുന്നത് പൊളിറ്റിക്കൽ ഇക്കോണമി എന്നാണ്. ആധുനിക അർത്ഥശാസ്ത്രത്തിന്റെ ആവിഷ്കർത്താക്കളായ ആഡംസ്മിത്ത്, ഡേവിഡ് റിക്കാർഡോ, കാറൽമാർക്സ് എന്നിവരെല്ലാം പൊളിറ്റിക്കൽ ഇക്കോണമിയെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. എന്തുകൊണ്ടെന്നാൽ സാമൂഹിക രാഷ്ട്രീയ സ്ഥാപനങ്ങളും സാമ്പത്തികബന്ധങ്ങളും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുകയാണ്. സാമൂഹികവും രാഷ്ട്രീയവുമായ ബന്ധങ്ങളുടെ പശ്ചാത്തലത്തിലല്ലാതെ സാമ്പത്തികപ്രശ്നങ്ങൾ പരിഹരിക്കാനോ സാമ്പത്തികപരിതസ്ഥിതിയുടെ

പശ്ചാത്തലത്തിലല്ലാതെ സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങൾ പരിശോധിക്കാനോ നമുക്ക് കഴിയുകയില്ല. സാമൂഹിക-രാഷ്ട്രീയ സാംസ്കാരിക ജീവിതം തുടങ്ങി നൂറുനൂറു കാര്യങ്ങളുമായി ബന്ധപ്പെട്ടാണ് സാമ്പത്തിക പ്രശ്നങ്ങൾ നിലനിൽക്കുന്നത്. രാഷ്ട്രീയവും ഇക്കണോമിയും തമ്മിൽ, സാമൂഹ്യ രാഷ്ട്രീയ വ്യവസ്ഥയും സാമ്പത്തിക ബന്ധങ്ങളും തമ്മിൽ, അടിയിൽ കിടക്കുന്ന സാമൂഹ്യ സാമ്പത്തിക ബന്ധങ്ങളും മേലെവരുന്ന രാഷ്ട്രീയ ബന്ധങ്ങളും തമ്മിലുള്ള ഈ ബന്ധത്തെ അതിസൂക്ഷ്മമായി പരിശോധിച്ചുകൊണ്ടല്ലാതെ നമുക്ക് മുന്നോട്ട് പോകാൻ കഴിയില്ല. ഈ ഒരു പഠനത്തിന് വിധേയമാക്കുമ്പോഴാണ് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സാമ്പത്തിക സമീപനങ്ങൾ നമുക്ക് മനസ്സിലാകുന്നത്. കേരളത്തിൽ നാം ലക്ഷ്യമിടുന്നത് ഭൂതകാല സാമൂഹിക ക്ഷേമ നേട്ടങ്ങളൊന്നും കൈയ്യൊഴിയാതെ പുതിയൊരു അടിത്തറയിൽ കേരള സമ്പദ്ഘടനയെ പ്രതിഷ്ഠിക്കാനും ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതോടൊപ്പം ഗുണമേന്മയുള്ള ജോലികൾ ഉറപ്പുവരുത്തിക്കൊണ്ട് അതിവേഗത്തിൽ വളരുന്ന ഒരു സമ്പദ് ഘടന എന്നതാണ് ഭാവി കേരളം. നീതിപൂർവ്വവും സ്ഥായിയായതുമായ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയാണ് വികസനം. ദ്രുതഗതിയിലുള്ള

സാമ്പത്തിക വളർച്ച ഉറപ്പ് വരുത്തിക്കൊണ്ട് മാത്രമേ ക്ഷേമനേട്ടങ്ങൾ നിലനിർത്താനും വിപുലീകരിക്കാനും നമുക്ക് കഴിയൂ. വർത്തമാനകേരളം സുസ്ഥിര വികസന സൂചികയിൽ നേട്ടങ്ങളുടെ ഹാട്രിക്കുമായി കുതിക്കുകയാണ്. ഭാവി വികസനം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികളുടെയും ക്ഷേമപരിപാടികളുടെയും പിൻബലത്തിൽ നമ്മുടെ സ്കോർ ഉയർത്താൻ കഴിഞ്ഞിരിക്കുകയാണ്. ഇത് നമുക്ക് ഏറെ അഭിമാനത്തിന് വക നൽകുന്നു. ഇവിടെ സഹമെമ്പർമാരെല്ലാം ഇന്ത്യയിലെ സാമ്പത്തിക പരിഷ്കരണത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇന്ത്യയിലെ സാമ്പത്തിക പരിഷ്കരണം മൂന്ന് ദശകങ്ങൾ പിന്നിട്ട സാഹചര്യത്തിലാണ് ഈ ധനകാര്യ ബില്ലിന്റെ ചർച്ച നടക്കുന്നത്. ഇതിന് തുടക്കം കുറിച്ചത് കോൺഗ്രസാണെന്ന് ഈ അവസരത്തിൽ ഓർക്കണം. സാമ്പത്തിക പരിഷ്കരണം ജനപക്ഷമാക്കുന്നതിന് പകരം പരിഷ്കരണത്തിന്റെ പതിറ്റാണ്ടുകൾ ജനങ്ങളെ ദാരിദ്ര്യത്തിൽ അകപ്പെടുത്തികൊണ്ടും, ദാരിദ്ര്യം വർദ്ധിപ്പിച്ചും, സാമ്പത്തിക അസമത്വം ക്രമാതീതമായി വർദ്ധിപ്പിച്ചും, എല്ലാ രാജ്യങ്ങളിലും ആഭ്യന്തര ഉൽപ്പാദനത്തിൽ കുത്തനെ ഇടിവുണ്ടാക്കിയും, ലാഭം

പരമാവധിയാക്കുന്നതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതുമാണ് ആഗോള അനുഭവങ്ങളും, ഇന്ത്യൻ അനുഭവങ്ങളും വ്യക്തമാക്കുന്നത്. ആഗോള സാമ്പത്തിക തകർച്ചയും ജനങ്ങളുടെ ജീവിതത്തിൽ അതുണ്ടാക്കിയ ആഘാതവും, ഇപ്പോഴും നാശം വിതച്ചുകൊണ്ടിരിക്കുന്ന മഹാമാരിയുടെ വരവോടെ സർവ്വതും തകർക്കും വിധം ഭീമാകാരമായിരിക്കുന്നു. അതിഭീമമായ ഉല്പാദന ഉപാദികളെയും, വിനിമയ ഉപാദികളെയുമാണ് മുതലാളിത്തം ആവാഹിച്ച് സ്വായത്തമാക്കിയിരിക്കുന്നത് എന്നാണ് മഹാനായ കാറൽ മാക്സ് ഒരിക്കൽ പറഞ്ഞത്. മന്ത്രശക്തികൊണ്ട് വശീകരിച്ച് തന്റെ അതീനതയിലാക്കിയിരിക്കുന്ന ശക്തികളെ നിയന്ത്രിക്കാൻ കെൽപ്പില്ലാതായ ഒരു ദുർമന്ത്രവാദിയെ പോലെയാണ്. ഇന്ത്യയിലെ പരിഷ്കരണ പ്രക്രിയ അന്താരാഷ്ട്ര മൂലധന ആദിപത്യം പുലർത്തുന്ന നവലിബറലിസത്തിന്റെ പ്രത്യയശാസ്ത്ര നിർമ്മിതിയുടെ അഭിഭാജ്യ ഘടകമാണ്. അതുകൊണ്ട് ലക്ഷ്യം പരമാവധി ലാഭമാണ്. മുതലാളിത്തത്തിന്റെ ഏറ്റവും ഹീനമായ ഇരപിടിയൻ സ്വഭാവമാണ് ഇത് കാണിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് നമ്മൾ സാമ്പത്തിക രംഗത്തെ വീക്ഷിക്കേണ്ടത്. എല്ലാ പൊതുആസ്തികളുടേയും, എല്ലാ പൊതുസേവന തുറകളുടെയും, എല്ലാ

ധാതുവിഭവങ്ങളുടെയും വൻതോതിലുള്ള സ്വകാര്യവൽക്കരണമാണ് ഇവിടെ നടക്കുന്നത്. ജനങ്ങൾക്ക് മേലെ യൂസർ ചാർജ് ഈടാക്കുകയാണ്. തിളക്കം നഷ്ടപ്പെട്ട ഇന്ത്യയിലാണ് നമ്മൾ ഇന്ന് ജീവിക്കുന്നത്. 2020 മാർച്ചിന് ശേഷം ഇന്ത്യയിലെ നൂറ് ശതകോടീശ്വരന്മാർ തങ്ങളുടെ സമ്പത്തിൽ 12,97,822 കോടി രൂപയുടെ വർദ്ധനവുണ്ടാക്കിയതായാണ് കണക്കുകൾ വെളിവാക്കുന്നത്. ഇന്ത്യയിലെ 138 കോടി വരുന്ന പരമ ദരിദ്രജനതയിൽ ഓരോരുത്തർക്കും 94,045 രൂപയുടെ ചെക്ക് വീതം നൽകാൻ വേണ്ടത്രയുള്ള തുകയാണിത്. മഹാമാരിയുടെ കാലത്ത് ഒരു മണിക്കൂറിനുള്ളിൽ മുകേഷ് അംബാനി ഉണ്ടാക്കിയ പണം, ഒരു അതിവിദഗ്ധ തൊഴിലാളിക്ക് ഉണ്ടാക്കാൻ പതിനായിരം വർഷവും ഒരു സെക്കന്റിനകം മുകേഷ് അംബാനി ഉണ്ടാക്കിയ അത്രയും പണം അവിദഗ്ധ തൊഴിലാളിക്ക് ഉണ്ടാക്കാൻ മൂന്ന് വർഷവും വേണം. 'അസമത്വ വൈറസ്' എന്ന പേരിൽ Oxfam പ്രസിദ്ധീകരിച്ച ഒടുവിലത്തെ റിപ്പോർട്ടിലെ ഇന്ത്യ സപ്ലിമെന്റിൽ കാണുന്ന വാർത്തയാണിത്. 2020 ഏപ്രിൽ മാസത്തിൽ ഓരോ മണിക്കൂറിലും 1,70,000 ആളുകൾക്ക് ഇന്ത്യയിൽ തൊഴിൽ നഷ്ടപ്പെട്ടതായി കണക്കാക്കുന്നു. ലോക്ഡൗൺ കാലത്ത് ഇന്ത്യൻ ശതകോടീശ്വരന്മാരുടെ

സ്വത്ത് 35 ശതമാനമായി വർദ്ധിച്ചു. 2009- ന് ശേഷം ഇവരുടെ സ്വത്ത് മൊത്തത്തിൽ 90 ശതമാനത്തിന്റെ വർദ്ധനവുണ്ടായി. 42,290 കോടി ഡോളറിന്റെ വർദ്ധനവ്. മഹാമാരിക്കാലത്ത് ഇന്ത്യയിലെ ഏറ്റവും മുകളിലുള്ള പതിനൊന്ന് ശതകോടിശ്വരന്മാരുടെ സ്വത്തിൽ ഉണ്ടായ വർദ്ധനവ് ഉപയോഗിച്ചാൽ എൻ.ആർ.ഇ.ജി.പി. പത്തുവർഷം നിലനിർത്താൻ നമുക്ക് കഴിയുമായിരുന്നു. അഥവാ പത്ത് വർഷത്തേയ്ക്ക് ആരോഗ്യമന്ത്രാലയത്തിന് വേണ്ട തുകയാണിത്. പരമ ദരിദ്രരായിട്ടുള്ള 20 ശതമാനം ജനങ്ങളിൽ ആറ് ശതമാനം പേർക്ക് മാത്രമാണ് മെച്ചപ്പെട്ട ശുചീകരണ സൗകര്യമുള്ളത്. അതിസമ്പന്നരായ 20 ശതമാനം പേരിൽ 93.4 ശതമാനം പേർക്ക് ഇന്ത്യയിൽ ഈ സൗകര്യം ലഭിക്കുന്നു. സമ്പൂർണ്ണ ശുചിത്വപദ്ധതിയുമായി കേരളം മുന്നോട്ട് കുതിക്കുകയാണ്. ഇന്ത്യൻ ജനസംഖ്യയിൽ 59.6 ശതമാനം പേരും ജീവിക്കുന്നത് ഒറ്റമുറിയിലോ അതിലും കുറഞ്ഞ സൗകര്യത്തിലോ ആണ്. കേരളത്തിൽ 'ലൈഫ് മിഷൻ' എന്ന മഹാപ്രസ്ഥാനത്തിലൂടെ എല്ലാവർക്കും അടച്ചുറപ്പുള്ള സൗകര്യപ്രദമായ വീട് നൽകാൻ സർക്കാർ തയ്യാറായി. സർക്കാർ ചെലവ് വിഹിതത്തിന്റെ കാര്യത്തിൽ ലോകത്തിൽ ഏറ്റവും കുറഞ്ഞ ആരോഗ്യ ബജറ്റുള്ള

രാജ്യങ്ങളിൽ നാലാം സ്ഥാനത്താണ് ഇന്ത്യ. ആരോഗ്യമേഖലയിൽ വിസ്മയകരമായ വളർച്ചയാണ് കേരളം കൈവരിച്ചിട്ടുള്ളത്. 'ആർദ്രം മിഷൻ' ഉൾപ്പെടെ ഏറ്റവും ശ്രദ്ധേയമായ പദ്ധതികളാണ് കേരളത്തിൽ നടപ്പിലാക്കിയത്. ഇന്ത്യയിലെ പരിഷ്കരണത്തിന്റെ പതിറ്റാണ്ടുകൾ, സാമ്പത്തിക സമത്വം കുത്തനെ വർദ്ധിച്ച കാലഘട്ടമാണ്. ഇതിന് പുറമെയാണ് നമ്മുടെ സംസ്ഥാനം കേന്ദ്ര അവഗണനയുടെ കയ്പ്പുനീർ കുടിക്കുന്നത്. കേന്ദ്ര അവഗണന വരുമ്പോൾ കേന്ദ്ര ഗവൺമെന്റിനെ വിമർശിക്കാൻ പലരും തയ്യാറാകുന്നില്ല. സംസ്ഥാനത്ത് നൽകേണ്ട വിഭജിക്കാവുന്ന നികുതിയിനത്തിൽ (divisible pool) കുറവുണ്ടാക്കുക വഴി സംസ്ഥാന സമ്പദ്ഘടനയെ പ്രതികൂലമായി ബാധിച്ച സംസ്ഥാനമാണ് കേരളം. ഇതിന്റെ ഫലമായി സംസ്ഥാനങ്ങൾക്ക് വലിയ അളവിൽ വായ്പ എടുക്കേണ്ടതായി വരികയും അതുവഴി റവന്യൂ കമ്മി ഗണ്യമായി ഉയരുകയും ചെയ്ത സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഓരോ കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് വരുമ്പോഴും കേന്ദ്ര നികുതി വരുമാനത്തിന്റെ divisible pool-ൽ നിന്നും കേരളത്തിനുള്ള വിഹിതം കുറഞ്ഞുവരുന്ന സാഹചര്യമാണ് ഇവിടെയുള്ളത്. ജനസംഖ്യാ നിയന്ത്രണ നടപടികൾ കാര്യക്ഷമമായി

നടപ്പാക്കിയതും, വികസന നേട്ടങ്ങൾ ആർജ്ജിച്ചതും കേരളത്തിന്റെ വിഹിതം കുറയുന്നതിന് കാരണമാകുന്ന സ്ഥിതിയാണിന്നുള്ളത്. ഈ വികസന നേട്ടങ്ങൾ കൈവരിച്ചത് കുറ്റമാണോ; ഇതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അരാഷ്ട്രീയ, അശാസ്ത്രീയ മാനദണ്ഡങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കാനും വിവേചനം അവസാനിപ്പിക്കുവാനും ശക്തമായ ഇടപെടലുകൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഇനിയും ഉണ്ടാകേണ്ടതുണ്ട്. ഇതിനുപുറമെയാണ് മറ്റുതരത്തിലുള്ള അവഗണനകൾ. ബജറ്റ് വിഹിതം വെട്ടിക്കുറച്ചു, വായ്പ പരിധി കൂട്ടിയില്ല. റബ്ബർ, കുരുമുളക്, കാപ്പി, തേയില തുടങ്ങിയവയ്ക്ക് സഹായമില്ല. തേയിലത്തോട്ട സഹായ പദ്ധതിയിലും കേരളത്തെ തഴഞ്ഞു. തൊഴിലുറപ്പ് പദ്ധതി വിഹിതം ഉയർത്തിയില്ല. കേന്ദ്ര ഗവൺമെന്റിന്റെ കേരളത്തോടുള്ള സമീപനം ഇതെല്ലാമാണ്. ഇതൊന്നും വിമർശിക്കാൻ ഇവിടെ പ്രതിപക്ഷം തയ്യാറായില്ല.

സങ്കടം കണ്ടാൽ തിരിച്ചറിയാത്തവർ

ചുങ്കപ്പിരിവുകാർ നിങ്ങൾ

ഇന്ദ്ര പ്രസ്ഥത്തിലെ തമ്പുരാക്കന്മാരെ

നിങ്ങൾക്കുനേരെ വരുന്നു ഞങ്ങൾ

കേന്ദ്ര ഗവൺമെന്റിന്റ അവഗണനയ്ക്കെതിരെ ശക്തമായ ബഹുജനരോഷം ഉയരേണ്ട കാലഘട്ടമാണിത്. പ്രതിപക്ഷം എടുക്കുന്ന നിലപാടുകൾ സഹസാമാജികർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി.

കാരസ്കരത്തിൻ കുരു പാലിലിട്ടാൽ

കാലാന്തരേ കയ്പു ശമിപ്പതുണ്ടോ

കുഞ്ചൻ നമ്പ്യാർ യു.ഡി.എഫ്.-കാരെ ഉദ്ദേശിച്ചാണോ ഈ വരികൾ കുറിച്ചതെന്ന് സംശയിച്ചുപോകുന്നു. എല്ലാ എതിർപ്പുകളും അതിജീവിച്ചുകൊണ്ട് ഈ സർക്കാർ മുന്നോട്ടുപോകുക തന്നെ ചെയ്യും. വിൻസ്റ്റൺ ചർച്ചിലിന്റെ ഏറ്റവും ശ്രദ്ധേയമായ ഒരു പ്രതികരണമുണ്ട്. 'പട്ടം ഉയരത്തിലേയ്ക്ക് പറക്കുന്നത് കാറ്റിനോട് എതിർത്തുകൊണ്ടാണ് കാറ്റിനോടൊപ്പം ചേർന്നല്ല. കേരളത്തിലെ ഗവൺമെന്റിനെക്കുറിച്ചും, കേന്ദ്ര ഭരണാധികാരികളെക്കുറിച്ചും വിലയിരുത്തുമ്പോൾ..... കേരളത്തിന്റെ മുഖ്യമന്ത്രിയെ കുറിച്ച് ഇവിടെ പറഞ്ഞു. ഇന്ത്യയിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയും അതിനെ തുടർന്ന് വിലക്കയറ്റവും

ഉണ്ടായപ്പോൾ ധനകാര്യ വിദഗ്ധൻ കൂടിയായ ഇന്ത്യയുടെ പ്രധാനമന്ത്രി പാർലമെന്റിൽ പറഞ്ഞത്, ഈ പ്രതിസന്ധി പരിഹരിക്കാൻ/ മുറിച്ചുകടക്കാൻ എന്റെ കയ്യിൽ മാന്ത്രിക വടിയില്ല, I have no majic rod എന്നുപറഞ്ഞ് കൈ മലർത്തുകയായിരുന്നു. ഇതല്ല കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയനും, കേരളത്തിലെ ഗവൺമെന്റും. എതുപ്രതിസന്ധിഘട്ടത്തെയും അതിജീവിക്കാനും, ജനങ്ങളിൽ നിന്ന് അതിജീവനത്തിന്റെ കരുത്ത് ആർജ്ജിച്ചുകൊണ്ട്/പ്രതിരോധിച്ചുകൊണ്ട്/അതിജീവിച്ചുകൊണ്ട് മുന്നോട്ട് പോകാൻ കഴിയുന്ന സർക്കാരാണിത്. ക്ഷേമ പദ്ധതികളിലൂടെ വിസ്മയപരമായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരിന് എല്ലാ പിന്തുണയും അറിയിച്ചുകൊണ്ട് ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഒരു സന്തോഷവാർത്തയുള്ളത് ഒളിമ്പിക്സിൽ 41 വർഷത്തിനുശേഷം ഹോക്കിയിൽ ഇൻഡ്യ വെങ്കല മെഡൽ നേടി. മലയാളിയായ ശ്രീ. പി. ആർ. ശ്രീജേഷിന്റെ അവസാന സമയത്തെ സേവുകളാണ് ഈ മെഡൽ നേട്ടത്തിലേക്ക് ഇൻഡ്യയെ എത്തിച്ചത്. ശ്രീ.

പി. ആർ. ശ്രീജേഷിനെ നമ്മളെല്ലാവരും ചേർന്ന് ഈ അവസരത്തിൽ അഭിനന്ദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഗുസ്തിയിൽ വെള്ളിയും കിട്ടിയിട്ടുണ്ടെന്ന കൂട്ടിചേർക്കൽ ധനകാര്യമന്ത്രി തന്നെ നടത്തിയിരിക്കുകയാണ്.

ഈ പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. അങ്ങ് അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിൽ റവന്യൂ വരവ് ഒരു കോടി മുപ്പത് ലക്ഷത്തിനടുത്തെന്നാണ് പുതുക്കിയ എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്നത്. അങ്ങയോട് വിനീതമായി ചില സംശയങ്ങളാണ് എനിക്ക് ചോദിക്കാനുള്ളത്. കാരണം മുമ്പ് സംസാരിച്ചപ്പോൾ ഈ സമയത്ത് ഇത്തരമൊരു എസ്റ്റിമേറ്റ് യാഥാർത്ഥ്യത്തിന് ചേർന്നതാണോ എന്ന് ചോദിച്ചിരുന്നു. എന്തായാലും ഇപ്പോൾ 3 മാസം കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ റവന്യൂവരവിന്റെ ക്വാർട്ടർലി പെർഫോമൻസ് എങ്ങനെയുണ്ടെന്ന് വ്യക്തമാക്കാൻ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരു ആശ്വാസത്തിന് വേണ്ടിയാണ്, നല്ലതാണെങ്കിൽ നമ്മൾ അറിയുന്നതിൽ സന്തോഷമേയുള്ളൂ. പ്രതീക്ഷിത വരുമാനം ഉണ്ടായിട്ടുണ്ടോ എന്നുകൂടി മനസിലാക്കുന്നതിന് വേണ്ടിയാണ്. അതുമാത്രമല്ല ഈ ജൂലൈ വരെയുള്ള

ജി.എസ്.ടി. കളക്ഷനും വന്നിട്ടുണ്ട്. അതിൽ നമ്മുടെ പെർഫോമൻസ് അതായത് പ്രതിമാസവരുമാനം എങ്ങനെയാണെന്നത് സംബന്ധിച്ചും അങ്ങയിൽനിന്നും മറുപടി അറിയാൻ ആഗ്രഹിക്കുന്നു.

ഇവിടെ കിഫ്ബിയെക്കുറിച്ച് ഒരുപാടുപേർ പലരൂപത്തിൽ പറയുന്നത് കേട്ടു. ചിലരൊക്കെ ഇങ്ങോട്ട് നോക്കി ചോദിക്കുന്നതുകേട്ടു, 'കിഫ്ബി വരുന്നതിനുമുൻപ് നിങ്ങൾ പാലം കണ്ടിട്ടുണ്ടോ, കിഫ്ബി വരുന്നതിനുമുൻപ് നിങ്ങൾ വെള്ളം കണ്ടിട്ടുണ്ടോ.' പരശുരാമനല്ല കിഫ്ബിയാണ് കേരളമുണ്ടാക്കിയത്, കിഫ്ബിയില്ലായിരുന്നെങ്കിൽ കേരളം ഉണ്ടാകുമായിരുന്നില്ലെന്ന തോന്നുന്ന വിധത്തിലുള്ള അതിശയകരമായ വർത്തമാനമാണ്. നിങ്ങൾ വെള്ളം കണ്ടിട്ടുണ്ടോ, പാലം കണ്ടിട്ടുണ്ടോ, റോഡ് കണ്ടിട്ടുണ്ടോ എന്നാണ്. അതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത് മറ്റൊരുകാര്യമാണ്. നമ്മുടെ പ്ലാൻ ഔട്ടിൽ 30,000 കോടി വരെ വന്നിട്ടുണ്ടായിരുന്നു. പിന്നീടത് 27,000 കോടിയായി കുറഞ്ഞു. പെർസെന്റേജിലല്ലാതെ Real Plan Expenditure എത്രയാണെന്ന് അങ്ങയുടെ മറുപടി പ്രസംഗത്തിൽ വ്യക്തമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതുപറയാൻ കാരണം നമ്മുടെ പ്ലാനിലാണെങ്കിൽ 1,000 കോടി വച്ചാൽ

അതിൽ 100 കോടി എസ്.സി. വിഭാഗത്തിന് കിട്ടും, 30 കോടി എസ്.റ്റി-ക്ക് കിട്ടും. കിഫ്ബിയിൽ 1000 കോടി വച്ചാൽ എസ്.സി. വിഭാഗത്തിന് അതിൽ എത്ര കിട്ടും. പ്ലാനിലാണെങ്കിൽ 10 ശതമാനം എസ്.സി.-ക്കും 3 ശതമാനം എസ്.റ്റി.-ക്കുമുണ്ട്. പ്ലാനിന്റെ പ്രാധാന്യം കുറയുകയും പ്ലാൻ ചുരുങ്ങുകയും കിഫ്ബിയിലേക്ക് ഇത് മാറുകയും ചെയ്യുമ്പോൾ ഈ മുൻഗണനാ വിഭാഗങ്ങൾ അവഗണിക്കപ്പെടുന്നുവെന്ന പ്രധാനപ്പെട്ട പ്രശ്നം ഞാൻ സഭയുടെ മുമ്പാകെ വയ്ക്കുകയാണ്. അങ്ങ് കൃത്യമായി Real Plan Expenditure-നെ സംബന്ധിച്ച് ഒരു വിശദീകരണം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നിങ്ങളുടെ ഗവൺമെന്റിന്റെ ഒരു പ്രത്യേകത എന്നുപറഞ്ഞാൽ, എത്ര പരാജയമാണെങ്കിലും അത് നേട്ടമാണെന്ന് വരുത്തിത്തീർക്കാനുള്ള ഒരു സംവിധാനം നിങ്ങളുടെ പാർട്ടിക്കും ഗവൺമെന്റിനുമുണ്ട്. അതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഉദാഹരണമായി കോവിഡ് കൃത്യമായി ടെസ്റ്റ് ചെയ്യാതെ കേസ്സുകൾ കണ്ടുപിടിക്കപ്പെടാതെ കേസ്സ് കുറയുന്ന സമയത്ത് കേസ്സ് കുറഞ്ഞെന്നും അത് സർക്കാരിന്റെ വിജയമാണെന്നും നിങ്ങൾ പറയും. കേസ്സ് കൂടുമ്പോഴും നിങ്ങൾ കൃത്യമായി പറയും കേസ്സ് കൂടി സർക്കാരിന്റെ വിജയം.

കേസ്സ് കൂടിയാലും കുറഞ്ഞാലും സർക്കാരിന്റെ വിജയമാണെന്ന് പറയും.

NCDC-യുടെ ഡയറക്ടറായിരുന്ന ഡോ. സുർജീത് കുമാർ സിംഗിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്ര സംഘം സംസ്ഥാന ഗവൺമെന്റ് കൊടുത്ത ഡേറ്റാ വച്ച് കേരളത്തിലെ 14 ജില്ലകളിലും നേരിട്ടുപോയി പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഇപ്പോഴുണ്ട്. ആ റിപ്പോർട്ടിലെ പ്രസക്തമായ കാര്യം ഞാനിവിടെ വായിക്കാം. അതിൽ മലപ്പുറം ജില്ലയെക്കുറിച്ച് പറയുന്നുണ്ട്. മലപ്പുറം ജില്ലയുടെ ടി.പി.ആർ. ജൂലൈ 30-ന് 17.26 ആണ്. ഏറ്റവും ഉയർന്ന ടി.പി.ആർ. ആണ്. ഇന്നലെ നിങ്ങൾ പറഞ്ഞ Seroprevalence Survey-യിൽ മലപ്പുറമില്ല. എറണാകുളവും പാലക്കാടും തൃശ്ശൂരും മാത്രമേയുള്ളൂ. ഏറ്റവും ഉയർന്ന ടി.പി.ആർ. ഉള്ള മലപ്പുറത്തുനിന്നും ഒറ്റ സാമ്പിളുമെടുത്തിട്ടില്ല. അതിൽ പറയുന്നതെന്താ, "The case detection is mainly through testing of those reporting to health facilities with Covid like illness. There is no active surveillance to detect cases" നിങ്ങളുടെ സർവ്വേലെൻസ് ടെസ്റ്റുകളില്ല, കുറവാണെന്നാണ് കേന്ദ്ര സംഘം കണ്ടെത്തിയിരിക്കുന്നത്. രണ്ട്, Contact tracing is low. അത് കഴിഞ്ഞുപറയുന്നു, മലപ്പുറത്ത്, "This lack of contact tracing, results in an undetected pool of asymptomatic/ mildly

symptomatic individuals in the community'. Contact tracing കുറഞ്ഞതുകാരണം ഇങ്ങനെയുള്ള കേസ്സുകൾ കണ്ടെത്താൻ കഴിയുന്നില്ല എന്നവർ പറയുന്നു. അതുമാത്രമല്ല, Inspite of an increasing trajectory of cases, the week -on -week average daily testing is showing a downward trend. Reporting large number of cases, rapid antigen testing is used as a screening tools to test the population. അവർ പറയുന്ന 30 ജൂലൈയിൽ 17281 സാമ്പിളുകൾ ആന്റിജനായിരുന്നു. 3,988 ടെസ്റ്റ് മാത്രമാണ് RT-PCR. This finds it reflection in RT-PCR /RAT ratio is 20:80, 20 RT-PCR-ഉം 80 ആന്റിജനുമാണ്. അതുമാത്രമല്ല ഓവർ ആയിട്ടുള്ള ആന്റിജൻ ഡിപ്പെൻഡൻസി വ്യാപനത്തിന് കാരണമാകുന്നുവെന്ന് കേന്ദ്രസംഘം പറയുന്നു. Among those tested positive over 90% are in home isolation. It was informed that facility based isolation has very low acceptance. The activity has contributed to transmission of infection within families and as a result of high TPR...., ഇത് കേന്ദ്രസംഘം പറയുന്നതാണ്. ഇത് ഞാൻ ഇന്നലെ ഇവിടെ പറഞ്ഞതാണ്. നിങ്ങൾ RT-PCR ടെസ്റ്റ് കൂട്ടണം. Home clusters ഉണ്ടാകുന്നുണ്ട്. സർവ്വേലെൻസ് ടെസ്റ്റുകൾ കൂട്ടണം. ഇങ്ങനെ ഞങ്ങൾ

പറയുമ്പോൾ ഞങ്ങൾക്ക് എന്തോ രാഷ്ട്രീയമുണ്ടെന്ന് പറയുന്നു. നിങ്ങളുടെ ഗവൺമെന്റിന്റെ ഡേറ്റാ നിങ്ങളുടെ ഉദ്യോഗസ്ഥൻമാരോടൊപ്പം കേന്ദ്രസംഘം പോയി കണ്ടെത്തിയതാണ്. കമ്മ്യൂണിസമാണ് ലോകത്തിന്റെ പ്രതിസന്ധികളെയെല്ലാം പരിഹരിക്കാനുള്ള മാർഗ്ഗമെന്ന് ഇവിടെ ചില ആളുകൾ പറയുന്നത് കേട്ടു. അതുകൊണ്ട് ലോകം കമ്മ്യൂണിസത്തിലേയ്ക്ക് ഉറ്റുനോക്കുന്നുവെന്നാണ്. ഞാനൊരു വാർത്ത വായിക്കാം. വാഷിംഗ്ടൺ പോസ്റ്റിലൊക്കെ വന്നതാണ്. ഇത് മറ്റൊരു പത്രത്തിലെ വാർത്തയാണ് "Thousands of people in the small island nation of Cuba took to the streets on Sunday against the countrys communist government, in what are believed to be the biggest demonstrations seen in over three decades. Dozens of protestors have been arrested by the authorities in the demonstrations, fuelled by a collapsing economy and the Governments handling of the Covid-19 pandemic." വാക്സിൻ, മരുന്ന്, ഭക്ഷ്യസാധനങ്ങൾ എന്നിവയുടെ ദൗർലഭ്യം അവിടെയുണ്ടായി. അപ്പോൾ പതിനായിരിക്കണക്കിന് ആളുകൾ ക്യൂബയുടെ തെരുവിൽ പ്രകടനമായി പുറത്തേയ്ക്ക് വന്നുവെന്നാണ് വാഷിംഗ് ടൺ പോസ്റ്റിൽ വാർത്ത വന്നത്. വാഷിംഗ് ടൺ പോസ്റ്റ് അടക്കമുള്ള

പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത് നിങ്ങൾ വിശ്വസിക്കുമല്ലോ; ഇപ്പോൾ കേരളത്തിന് ക്യൂബയെ സഹായിക്കാനൊരു മാർഗ്ഗമുണ്ട്. ദേശാഭിമാനിയിൽ 'ക്യൂബൻ വിജയഗാഥ- കോവിഡിനെ തുരത്തിയ കഥ' എന്നൊരു ലേഖനം എഴുതുക. ഇൻഡ്യയിലെ പത്രങ്ങൾ വരെ ക്യൂബയിലെ കോവിഡ് പ്രതിരോധത്തെ പ്രശംസിക്കുകയാണെന്ന് ക്യൂബയിലെ ആരോഗ്യമന്ത്രിക്ക് അവിടെ പറയാനുള്ള സൗകര്യമൊരുക്കാൻ കഴിയും. അതാണ് നിങ്ങൾക്ക് ക്യൂബയെ സഹായിക്കാൻ കഴിയുന്നൊരു മാർഗ്ഗം.

ഇന്നലെ ഇവിടെ ആരോഗ്യമന്ത്രി അവതരിപ്പിച്ച റൂൾ 300 സ്റ്റേറ്റ്മെന്റിന് പ്രതിപക്ഷനേതാവ് കൃത്യമായി മറുപടി പറഞ്ഞതിനാൽ ഞാൻ ആവർത്തിക്കുന്നില്ല. ഒരുകാര്യം ചോദിക്കട്ടെ, ഇതൊക്കെ തീരുമാനിക്കുന്ന ഈ വിദഗ്ദ്ധൻമാർ ആരാണ്; ഇവർ അരൂപികളാണോ; ഇവർ ആരാണെന്ന് അറിയണ്ടേ; ഇവരെ കേരളത്തിലെ ജനങ്ങൾക്ക് പരിചയപ്പെടുത്തണ്ടേ. 60 രൂപയുടെ ചൂല് വാങ്ങാൻ പോകുന്നതിന് 600 രൂപയുടെ RT-PCR എടുക്കണമെന്ന് പറയുകയാണ്. കള്ള് വാങ്ങാൻ പോകുന്നതിന് ഒരു RT-PCR-ഉം വേണ്ട. കേരളത്തിൽ നാട്ടിലിറങ്ങുന്നവരോട് ആര് ചോദിച്ചാലും മദ്യഷാപ്പിലേയ്ക്ക് പോകുന്നുവെന്ന് പറഞ്ഞാൽമതി. മദ്യഷാപ്പിലേയ്ക്ക്

പോകുന്നവെന്ന് പറഞ്ഞാൽ 600 രൂപയുടെ RT-PCR വേണ്ട. 60 രൂപയുടെ ചൂല് വാങ്ങാൻ RT-PCR വേണം. അത് മാത്രമല്ല 72 മണിക്കൂറിനകത്ത് സർട്ടിഫിക്കറ്റെടുത്ത് അത് കഴിഞ്ഞ് വീണ്ടും കടയിൽ പോയാൽ രണ്ടാമത് RT-PCR എടുക്കണം. ഇത്തരത്തിൽ ജനങ്ങളെ ദ്രോഹിക്കുന്ന രീതി തെറ്റാണ്, അശാസ്ത്രീയമാണെന്നുപറഞ്ഞ് ഇപ്പോൾ പുതിയ (Weekly Infection Population Ratio) WIPR ആണ്. റ്റി.പി.ആർ അശാസ്ത്രീയമാണെന്ന് പറഞ്ഞപ്പോൾ കൊണ്ടുവന്നതാണ് WIPR. ഇത് അട്ടർ കൺഫ്യൂഷനാണ്. വിദഗ്ധസമിതിയുടെ ചെയർമാനായ ഡോ. ബി. ഇക്ബാൽ ഈ നിർദ്ദേശം ശരിയല്ലെന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തെക്കാളും ആരോഗ്യമന്ത്രിയെക്കാളും മുകളിൽ ഈ തീരുമാനങ്ങൾ എടുക്കുന്ന അധികാരകേന്ദ്രം ആരാണെന്ന് ഈ സഭയ്ക്ക് എങ്കിലും അറിയാനുള്ള അവകാശമുണ്ട്. ഇന്നും ആത്മഹത്യ ചെയ്തു. കൊട്ടിയത്ത് ബ്യൂട്ടിപാർലർ നടത്തുന്നൊരു ബ്യൂട്ടീഷനായ ഒരാൾ, കോഴിക്കോട് രണ്ടുപേർ ആത്മഹത്യ ചെയ്തു. ജനങ്ങളെ ദുരിതത്തിൽനിന്നും ദുരിതത്തിലേയ്ക്ക് തള്ളിവിട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ നിങ്ങൾക്ക് വോട്ടുചെയ്ത് പണം പാസ്സാക്കി തന്നാൽ ഇത് വച്ച് നിങ്ങൾ എന്താ ചെയ്യുന്നത്. ഈ പണമല്ലേ പെരിയയിലെ ഞങ്ങളുടെ പാവപ്പെട്ട ശരത് ലാലിനേയും കൃപേഷിനേയും കൊന്ന

ക്രിമിനലുകൾക്കുവേണ്ടി കോടതിയിൽ കൊണ്ടുപോയത്. ഞങ്ങളുടെ അരിയിൽ ഷുക്കൂറിനെയും ഷുഹൈബിനെയും കൊന്ന പ്രതികൾക്ക് വേണ്ടിയും ഈ പണമല്ലേ ഉപയോഗിക്കുന്നത്. ഞങ്ങൾ വോട്ട് ചെയ്ത് പാസാക്കുന്ന പൊതുഖജനാവിലെ പണമെടുത്തുകൊണ്ട് നിയമസഭ തല്ലിതകർത്ത പ്രതികളെയടക്കം സംരക്ഷിക്കുന്ന നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നത്. അതുകൊണ്ട് ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, രണ്ട് ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കുക എന്നതാണ് വിഷയം. ധാരാളം ചർച്ചകൾ നടന്നു. ഞാൻ അതിന്റെ എല്ലാ കാര്യങ്ങളും എടുത്ത് പറയുന്നില്ല. നേരത്തേയും രണ്ടുമൂന്ന് തവണ ചർച്ച ചെയ്തതാണ്. ഇനിയും രണ്ടുമൂന്ന് ദിവസം ധനകാര്യം സംബന്ധിച്ച കാര്യങ്ങൾ ഈ സഭയിൽ വിശദമായ ചർച്ച നടക്കും. ഈ ബില്ലിൽ കഴിഞ്ഞ ബഡ്ജറ്റിൽ മുന്നോട്ട് വച്ച രണ്ട് മൂന്ന് കാര്യങ്ങളുണ്ട്. 9 നിയമങ്ങൾ ഇതുവഴി അമെന്റ് ചെയ്യാനുണ്ട്. അന്നത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ നമ്മൾ അംഗീകരിച്ച കാര്യങ്ങൾ നടപ്പിലാക്കണമെങ്കിൽ അമെന്റ് ചെയ്യണം. The Kerala Surcharge on Taxes Act, 1957; The Kerala Court Fees and Suits Valuation Act, 1959; The Kerala General Sales Tax Act,

1963; The Kerala Building Tax Act, 1975; The Kerala Agricultural Income Tax Act, 1991; The Value Added Tax Act,2005; The Kerala State Goods and Service Tax Act,2017; The Kerala Finance Act 2019; The Kerala Finance Act 2020. നമ്മുടെ പഞ്ചായത്ത് രാജ് ആക്ടും ഇതിന്റെ ഭാഗമായി amend ചെയ്യേണ്ടതുണ്ട്. ആ amendment സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിക്ക് അയച്ച്, ബിൽ രൂപീകരിച്ച് വരുന്നതിനുവേണ്ടിയാണ് ഇന്നത്തെ ഈ പ്രമേയത്തിന്റെ ഉദ്ദേശ്യം. പൊതുവിൽ ഈ ബില്ലിനെയും ഇതിന്റെ കണ്ടന്റിനെയും സംബന്ധിച്ച് അഭിപ്രായ ഐക്യം തന്നെയാണ്. അതുകൊണ്ട് അക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കേണ്ട പ്രധാന വിഷയത്തെ സംബന്ധിച്ച് യോജിപ്പാണുള്ളത്. അതിൽ തർക്കമില്ല. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനെ രാഷ്ട്രീയമായി എതിർക്കുകയെന്നത് ഒരു പ്രൊസീജ്യുവറാണ്. ആ പ്രൊസീജ്യുവർ പ്രതിപക്ഷ അംഗങ്ങൾ പറയുന്നതിനോട് എനിക്ക് വ്യക്തിപരമായി എതിർപ്പില്ല. പൊതുവിൽ ഇത് തീരുമാനിച്ച് പോയാൽ മതി; ഇത്തരം കാര്യങ്ങൾ വരുമ്പോൾ നടത്തുന്നത് രാഷ്ട്രീയ പ്രശ്നമാണ്. ഈ ബില്ലിനകത്ത് പറഞ്ഞിട്ടുള്ള കാര്യങ്ങൾ നേരത്തെ

ബജറ്റിൽപ്പറഞ്ഞതാണ്. നേരത്തെ തന്നെയുള്ള ആംനസ്റ്റി സ്കീം; അതിൽ ജനറൽ ആംനസ്റ്റിയുണ്ട്. 2005 വരെ കെ.ജി.എസ്.ടി. മറ്റും അടയ്ക്കാനുള്ളവർക്ക് നേരത്തെ കൊടുത്തിരുന്ന ചില ഇളവുകളുണ്ട്. ഘട്ടംഘട്ടമായി അടയ്ക്കുന്നവർക്ക് 70 ശതമാനവും ഒരുമിച്ച് അടയ്ക്കുന്നവർക്ക് 60 ശതമാനവുമാണ് (One time settlement) ഇപ്പോഴുള്ള ഇളവ്; അതിൽ ഇന്ററസ്റ്റ് ഇല്ല, പെനാൽറ്റിയില്ല. ബാക്കിയെല്ലാം കൂടി അടച്ചുതീർത്താൽ ആ പ്രശ്നം തീരും. അങ്ങനെ കുറേയേറെ പണം ലഭിക്കാനുണ്ട്. ആംനസ്റ്റി നീട്ടുക, അതോടൊപ്പം ഇടയ്ക്ക് ബാറുകൾ അടച്ചിട്ടിരുന്നപ്പോൾ; ബിയർ പാർലറുകളൊക്കെ ആയിരുന്ന സമയത്ത് പ്രവർത്തിക്കാതിരുന്ന സ്ഥാപനങ്ങൾക്ക് ടാക്സ് അടയ്ക്കുന്നതിനും മറ്റും നീട്ടിക്കൊടുക്കുന്ന രണ്ട് കാര്യങ്ങളാണ് ആംനസ്റ്റിയുമായി ബന്ധപ്പെട്ട് വരുന്നത്. ഇവിടെ പറയുന്നതുപോലെ നമുക്ക് ടാക്സ് ലഭിക്കാനുള്ളത്; ആംനസ്റ്റി വഴി 2642 കോടിരൂപയാണ് സെറ്റിൽ ചെയ്യാൻ കഴിഞ്ഞത്. ഇനിയും എല്ലാം കൂടി ക്ലെയിമുള്ളത് 7260 കോടിരൂപയുടെ ടാക്സാണ്. അതിനുള്ള പെനാൽറ്റിയുണ്ട്. അതിൽത്തന്നെ നല്ലൊരു ഭാഗം പി.എസ്.യു. അടക്കമുള്ള കാര്യങ്ങളാണ് ലഭിക്കാനുള്ളത്. അപ്പോൾ അതുകൂടി നമുക്ക് ലഭിക്കുന്നതിനുള്ള

ആംനസ്റ്റിയാണ് ഇതിലുള്ളത്. ഇത് കളക്ട് ചെയ്ത് എടുക്കുക എന്നതാണ്. അതുപോലെ തന്നെ ടാക്സുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിൽ ഗ്രീൻ ബിൽഡിംഗിന് ഒരു എക്സംപ്ഷൻ കൊടുത്തിരുന്നു. അതുകൊണ്ടാണ് ഗ്രീൻ ബിൽഡിംഗിനുവേണ്ടി ടാക്സിനെ സംബന്ധിച്ച് ഇളവുകളുള്ളത്. ഇത് ചർച്ച ചെയ്യുമ്പോൾ, ഇവിടെ നടന്ന ചർച്ചകൾ പൊതുവിൽ ഈ വിഷയങ്ങളിൽ നിന്ന് മാറിപ്പോയി, ഇത്തരമൊരു വേദി രാഷ്ട്രീയം പറയാൻ തന്നെയുള്ളതാണ്. അതിനകത്ത് യാതൊരു തർക്കവുമില്ല. പക്ഷെ, അങ്ങനെ പറയുമ്പോൾ വസ്തുതാപരമായി കാര്യങ്ങൾ പറയാൻ പൂർണ്ണമായും കഴിഞ്ഞില്ലെങ്കിലും അംഗീകരിക്കേണ്ട കാര്യങ്ങൾ അംഗീകരിച്ച് കൊണ്ടുതന്നെ ഈ ബജറ്റിനെ സംബന്ധിച്ചും നമ്മുടെ പൊതുധനകാര്യത്തെ സംബന്ധിച്ചും ധനസ്ഥിതിയെ സംബന്ധിച്ചും ബഹുമാനപ്പെട്ട അംഗങ്ങൾ പറയേണ്ടതാണ് എന്നാണ് എന്റെ അഭിപ്രായം. ഇത് അത്യപൂർവ്വമായ സ്ഥിതിയാണ്. ലോകത്താകെ ഈ സ്ഥിതിയെ സംബന്ധിച്ച് എല്ലാവരും അംഗീകരിക്കുന്നതാണ്. അത്തരമൊരു സ്ഥിതിയിൽ കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പല പ്രവർത്തനങ്ങളും ഇന്ത്യയ്ക്കാകെ മാതൃയാകുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്.

ഏറ്റവുംകൂടുതൽ ഇവിടെ സംസാരിച്ചത് കിഫ്ബിയെപ്പറ്റിയാണ്. കിഫ്ബിയ്ക്കകത്ത് വസ്തുതാപരമല്ലാത്ത കാര്യങ്ങളാണ് പലരും ഇവിടെ പറഞ്ഞത്. കണക്കനുസരിച്ചുള്ള കാര്യങ്ങൾ തന്നെയാണ് മൂവാറ്റുപുഴയിൽനിന്നുള്ള ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. കുറേ കണക്കുകൾ അദ്ദേഹം പറഞ്ഞു. നബാർഡ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക്, കോർപ്പറേഷൻ ബാങ്ക്, മസാല ബോണ്ട്... ഇങ്ങനെയുള്ള സ്ഥാപനങ്ങളിൽനിന്ന് എടുത്തിരിക്കുന്ന ലോണിനെ സംബന്ധിച്ച പലിശ.... യഥാർത്ഥത്തിൽ ഒരു അസംബ്ലി ചോദ്യത്തിന്റെ മറുപടിയായി അതിനെക്കുറിച്ചുള്ള എല്ലാ ഡീറ്റെയിൽസും പറയുന്നുണ്ട്. അതിൽ പലിശയെപ്പറ്റി പറഞ്ഞിട്ടുണ്ട്. ആ പലിശയേക്കാൾ കൂട്ടിയാണ് അദ്ദേഹം ഇവിടെ പ്രസംഗിച്ചത്. നിങ്ങളുടെ കയ്യിലേയ്ക്ക് വരുന്ന മറുപടിയിലുള്ളതാണ് ആ പലിശയുടെ വിശദാംശങ്ങൾ. ആ പലിശ കൂട്ടിയാണ് അദ്ദേഹം പറഞ്ഞത്. അതിനകത്ത് ഒരു പ്രശ്നം വന്നത്, മസാല ബോണ്ട് സംബന്ധിച്ചാണ്. മസാല ബോണ്ട് ഏതോ വലിയൊരു പാതകമാണ്, നിങ്ങൾ ആഗോളവൽക്കരണത്തെ എതിർത്തിട്ട് ഇപ്പോൾ മസാല ബോണ്ടിന്റെ പിന്നാലെ പോയി എന്നൊക്കെയാണ്

പറഞ്ഞത്. ഞങ്ങൾ ആഗോളവൽക്കരണത്തെ എതിർത്തിട്ടുണ്ട്. ആഗോളവൽക്കരണം എന്നുപറയുന്ന നയത്തിനകത്തെ, ഇവിടെ നേരത്തെ ബഹുമാനപ്പെട്ട മെമ്പർമാർ സംസാരിച്ചപ്പോൾ പറഞ്ഞ, എൽ.പി.ജി.; (ലിബറലൈസേഷൻ, പ്രൈവറ്റൈസേഷൻ, ഗ്ലോബലൈസേഷൻ), ലിബറലൈസേഷന്റെയും പ്രൈവറ്റൈസേഷന്റെയും ഭാഗമായ... ഗ്ലോബലൈസേഷന്റെ ഭാഗമായി വന്ന ഏറ്റവും ജനവിരുദ്ധമായ പല നയങ്ങൾക്കുമെതിരെയുള്ള സമീപനം എടുത്തിട്ടുണ്ട്. ആ സമീപനത്തിന്റെ ഭാഗമായി ഇങ്ങനെയുള്ള കാര്യങ്ങൾ എടുക്കുമ്പോൾ തന്നെ ഏതെങ്കിലും വിദേശ ഏജൻസികളിൽനിന്നും ലോൺ എടുക്കുന്നതിന് ഇടതുപക്ഷം ഒരിക്കലും എതിർത്തിട്ടില്ലെന്ന കാര്യം വീണ്ടും ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. എ.ഡി.ബി.-യിൽ നിന്നും വേൾഡ് ബാങ്കിൽനിന്നും വായ്പ എടുത്തിട്ടുണ്ട്. എന്നുമാത്രമല്ല കേരളത്തിലെ ഒന്നാമത്തെ ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ മുതൽ ഇങ്ങോട്ട് ഇടതുപക്ഷം എല്ലാ കാലത്തും ധാരാളം പുതിയ വ്യവസായങ്ങളും സ്ഥാപനങ്ങളും കൊണ്ടുവരാനുള്ള സമീപനം എടുത്തിട്ടുണ്ട്. മാവൂർ ഗ്വാളിയർ റയോൺസിന്റെ ഇൻഡസ്ട്രിയൽ സ്വഭാവം മാറി. ആ സമയം മുതൽ ഇങ്ങോട്ട് എത്രയോ

സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. അത്തരം സ്ഥാപനങ്ങൾ എല്ലാം കൊണ്ടുവരുന്നതിനുവേണ്ടി പ്രവർത്തിച്ചു.

മസാല ബോണ്ട് എന്തുകൊണ്ടാണ് അവിടെ പോയി എടുത്തതെന്ന് ഇവിടെ പറഞ്ഞു. മസാല ബോണ്ട് എന്നത് അവർ ഇന്ത്യൻ ലോണിന് കൊടുക്കുന്ന പേരാണ്. കഴിഞ്ഞ അസംബ്ലിയിൽ ഇതുസംബന്ധിച്ച് ധാരാളം ചർച്ചകൾ നടന്നിട്ടുണ്ട്. ഞാൻ ഇവിടെ പുതിയ മെമ്പറാണ്. ഇവിടെ പ്രധാനമായും സംസാരിച്ച രണ്ട് മെമ്പർമാരും പുതിയ മെമ്പർ തന്നെയാണ്. അതുകൊണ്ട് ഞങ്ങളേക്കാൾ കൂടുതൽ അറിയാവുന്നവരാണ് ഇവിടെയിരിക്കുന്ന ബഹുഭൂരിപക്ഷം അംഗങ്ങളും. പത്രം വായിച്ച ധാരണ മാത്രമെ എനിക്കുള്ളൂ. പത്രത്തിൽനിന്നും വായിച്ച ധാരണയനുസരിച്ച് മസാല ബോണ്ട് എന്താണെന്നും എന്തുകൊണ്ടാണ് പോയതെന്നും എനിക്ക് വായിച്ച് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. രണ്ട് ബഹുമാനപ്പെട്ട മെമ്പർമാരും അക്കാര്യത്തെ സംബന്ധിച്ച് കുറച്ചുകൂടി ക്ലാരിറ്റി വരുത്തുമെന്ന് ഞാൻ കരുതുന്നു. മസാല ബോണ്ട് എന്ന് പറയുന്ന സംഭവം ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ നിന്നുള്ളതാണ്; സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ വ്യവസ്ഥാപിതമായ സംഭവം അനുസരിച്ചാണ്; സംവിധാനം

അനുസരിച്ചാണ്. ബോണ്ട് എടുക്കാനായി പോകുമ്പോൾ അന്ന് ഇന്ത്യയിൽ സാധാരണഗതിയിൽ കടം കിട്ടില്ല. പുതുതായി ഉണ്ടായ ഒരു സംഭവമാണ് കിഫ്ബി. ഇവിടെ അന്ന് പറഞ്ഞിരുന്ന പലിശ 10.25 ശതമാനത്തിനും 10.50 ശതമാനത്തിനും ഇടയ്ക്കാണ്. ആ പലിശയ്ക്ക് പണം എടുത്തില്ലെന്ന് മാത്രമല്ല അന്തർദേശീയമായി ഏറ്റവും ലാഭകരമായ റേറ്റ് ആണ്. അന്നത്തെ റേറ്റിൽ ആണ് പറയുന്നത്, ഇപ്പോഴത്തെ റേറ്റ് വച്ചല്ല പറയുന്നത്. അന്നത്തെ റേറ്റ് അനുസരിച്ച് അവിടെനിന്നും നമുക്ക് വളരെ സഹായകരമായ റേറ്റിലായിരുന്നു കിട്ടിയത്. വെറുതെ വിദേശത്ത് പോയി എടുത്ത വായ്പ അല്ല. കിഫ്ബിക്ക് ആദ്യ അവസരത്തിൽ പണം തരാൻ ആരും തയ്യാറല്ലായിരുന്നു. പണം കിട്ടുക എന്നുപറഞ്ഞാൽ ഇന്റർനാഷണൽ റേറ്റിംഗിന്റെ പ്രശ്നമുണ്ട്. അങ്ങനെ തന്ന് കഴിഞ്ഞപ്പോഴാണ് ഇവിടെ ഞാൻ പറഞ്ഞ ലിസ്റ്റിനകത്തുൾപ്പെട്ട ഇന്ത്യയിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങൾ ഇപ്പോൾ വളരെ പലിശ കുറച്ച് തരാൻ തയ്യാറായത്.

ശ്രീ. രമേശ് ചെന്നിത്തല: അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണെന്ന് ഞാൻ പറയുന്നില്ല. വസ്തുതകൾ മനസ്സിലാക്കിയിട്ടാണോ അങ്ങ് സംസാരിക്കുന്നതെന്ന് എനിക്കറിയില്ല. മസാല ബോണ്ടിന്റെ ഇഷ്യൂ

നിയമസഭ നിരവധി തവണ ചർച്ച ചെയ്തതാണ്. അങ്ങ് നിയമസഭയിൽ ഇല്ലായിരുന്നു. ഇന്ന് മസാല ബോണ്ടിന് കൊടുക്കേണ്ട പലിശയേക്കാൾ കുറഞ്ഞ പലിശയ്ക്ക് ഇൻറർനാഷണൽ മാർക്കറ്റിൽ അന്ന് ലോൺ തരാനുള്ള സാധ്യത നിലനിന്നിരുന്നു. എന്നിട്ടും അവിടെ ക്യുബിക് പ്രവിശ്യയിലുള്ള ഒരു സ്ഥാപനവുമായി ബന്ധപ്പെട്ടാണ് മസാല ബോണ്ട് വിറ്റത്. അതൊക്കെ വലിയൊരു കഥയാണ്. എല്ലാവർക്കും അറിയാവുന്നതാണ്. ഇപ്പോഴെന്താ സ്ഥിതി? ഇപ്പോൾ ആ മസാല ബോണ്ടിലൂടെ വാങ്ങിയ പണം ഉപയോഗിച്ച് പദ്ധതികൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ അത് തിരിച്ചടയ്ക്കേണ്ടി വന്നിരിക്കുകയാണ്. പദ്ധതികൾ ആരംഭിച്ചിട്ടില്ല. പക്ഷേ തിരിച്ചടവ് തുടങ്ങിയിരിക്കുന്നു. അപ്പോൾ വളരെ അപകടകരമായും സംസ്ഥാന ഗവൺമെന്റിന് വലിയ ബാധ്യത ഉണ്ടാകത്തക്ക നിലയിലുള്ള ഒരു സംവിധാനമാണ് മസാല ബോണ്ട് എന്ന് അങ്ങേയ്ക്ക് ഇപ്പോഴെങ്കിലും മനസ്സിലാകുമെന്ന് ഞാൻ കരുതുകയാണ്. അത് അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> ആ പറയുന്നതാണ് ഒരു ധനകാര്യ സംവിധാനത്തിനകത്ത് പൂർണ്ണമായും അങ്ങനെ കാൽക്കുലേറ്റ് ചെയ്ത

പറയാൻ പറ്റാത്ത ഒരു പോയിന്റ്. ഇൻറർനാഷണൽ റേറ്റിംഗിൽ ലോണെടുത്തശേഷം നമുക്കിപ്പോൾ നാട്ടിലെ പല ലോണുകളും കിട്ടുന്നുണ്ട്. എന്നാൽ ഒരുകാര്യം കൂടി ഞാൻ പറയാം. ഇവിടെ ഈ നിയമസഭയിൽ വളരെ കാര്യമായി പറഞ്ഞ മൂവാറ്റുപുഴ മെമ്പർ, കഴിഞ്ഞ തെരഞ്ഞെടുപ്പിനുമുമ്പ് ഉണ്ടാക്കിയ ഒരു വലിയ കോലാഹലത്തിന്റെ ഭാഗമായി അദ്ദേഹം കോടതിയിലൂൾപ്പെടെ ഇക്കാര്യങ്ങൾക്കുപോയി. ഇടക്കാലത്ത് ഇവിടെയും ലോൺ കിട്ടുന്നതിന് ചില തടസ്സങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഞാൻ പറയട്ടെ, ഇപ്പോൾ ഈ ഗവൺമെൻറ് വന്നപ്പോൾ ആദ്യത്തെ രണ്ടാഴ്ചയ്ക്കകം തന്നെ 1500 കോടിയോളം രൂപ ഇവിടത്തെ ഏജൻസികളും ബാങ്കുകളും തരുന്നു. ആ സ്ഥിതിയിലേയ്ക്ക് ഇപ്പോൾ വന്നിട്ടുണ്ട്. എന്നാൽ അന്ന് പണം കിട്ടാൻ ബുദ്ധിമുട്ടുണ്ടായിരുന്നു, എന്നുമാത്രമല്ല ആന്ധ്രാ ഗവൺമെന്റ് ഈയടുത്ത സമയത്ത് എടുത്തത് 10.25 ശതമാനം പലിശയ്ക്കു മുകളിലാണ്. അന്ന് ഇത് ധാരാളം ചർച്ച ചെയ്തിട്ടുള്ളതാണ്. ഇവിടെ പ്രശ്നം പലിശയുടെ മാത്രമല്ല. ഈ സഭയിൽ തന്നെ വിശദമായി ചർച്ച ചെയ്തതാണ്. മസാല ബോണ്ട് ഉൾപ്പെടെയുള്ള കാര്യങ്ങൾ, ആഗോളവൽക്കരണ നയങ്ങൾ..., നിങ്ങൾ വിദേശ സഹായം സ്വീകരിക്കുന്നു എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ

ഇവിടെ വന്നു. ഈ സഹായങ്ങൾ വിദേശത്തുനിന്നും.... ഞങ്ങൾ അന്നും ഇന്നും ലോണുകളുടെ കാര്യത്തിൽ പറഞ്ഞ ഒറ്റ കാര്യമേയുള്ളൂ; ചരടുകൾ പാടില്ല, ആവശ്യമില്ലാത്ത കണ്ടിഷനുകൾ വയ്ക്കരുത്, ആളുകളെ വെട്ടിക്കുറയ്ക്കാനോ, പുതിയ തരത്തിലുള്ള പ്രൈവറ്റൈസേഷന്റെ കാര്യങ്ങൾ പറയാനോ പറ്റുന്ന കണ്ടിഷൻസ് പാടില്ല എന്നാണ്. എന്തായാലും ഇപ്പോൾ കിഫ്ബിയുടെ കാര്യത്തിൽ അദ്ദേഹം ഇവിടെ പറഞ്ഞു, അന്ന് അത് ഇംപ്ലിമെന്റ് ചെയ്ത് തുടങ്ങുന്നതിനുമുമ്പ് പണമെടുത്തതുകൊണ്ട് തിരിച്ചടവ് വന്നുവെന്ന്. കിഫ്ബിയുടെ കയ്യിലുള്ള പണം സേഫ് ആയ സ്ഥിതിയിലാണ് ഇപ്പോഴുള്ളത്. കാരണം സംസ്ഥാന ഗവൺമെൻറിന് കൊടുക്കുന്നത് ഉണ്ട്, ലോൺ എടുത്തത് ഉണ്ട്. സ്വാഭാവികമായും ലോൺ എടുത്തിട്ട് gestation period ആകുന്ന സമയത്ത് അടച്ചുതുടങ്ങേണ്ടിവരും. ഇവിടെ നിർമ്മാണ പ്രവർത്തനങ്ങളുടെ 17,000 കോടിയോളം രൂപയുടെ പേമെൻറ് കൊടുക്കാവുന്ന സ്ഥിതിയിലേയ്ക്ക് എത്തിയിട്ടുണ്ട്. ഇപ്പോൾ മുന്നോട്ടുപോകാൻ കഴിയുന്ന സ്ഥിതിയാണ്. അപകടകരമായ ഒരു സ്ഥിതിയില്ല. ഇനി കിഫ്ബിയുടെ കാര്യത്തിൽ പറഞ്ഞ ഒരു പ്രശ്നം.... അടുത്ത രണ്ട് മൂന്ന് പ്രാവശ്യം കൂടി ഇതേ ധനകാര്യത്തിന്റെ വിഷയമുള്ളതുകൊണ്ട്, ഒരു

ആവർത്തന വിരസതയാകുമല്ലോ എന്നതുകൊണ്ട് ഞാൻ ഒരു പത്തുപതിനഞ്ച് മിനിട്ടിനകത്ത് ചുരുക്കണമെന്നാണ് ആഗ്രഹിച്ചത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് പറഞ്ഞത് ശരിയായ കാര്യമല്ല. കിഫ്ബിയുടെ ഇന്റർനാഷണൽ റേറ്റിംഗ് കൊണ്ടല്ല പണം ലഭിച്ചത്. അന്തരാഷ്ട്ര മാർക്കറ്റിൽനിന്നും 9.72 ശതമാനം പലിശയ്ക്കാണ് പണം കടമെടുക്കുന്നത്. മെട്രോയ്ക്ക് 1,250 കോടി രൂപ വാങ്ങിയത് 1.5 ശതമാനം പലിശയ്ക്കാണ്. മാർക്കറ്റിൽ 1.5 ശതമാനത്തിനും 1.3 ശതമാനത്തിനും പലിശയ്ക്ക് പണം ലഭിക്കുന്ന സമയത്താണ് ഇത്രയും വലിയ പലിശയ്ക്ക് പണം കടം വാങ്ങിയത്. അതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തെ കാര്യം എന്താണ്; അടാക്ഷൻ. ഇവിടെ ലോൺ കിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. ആറ് ശതമാനം പലിശയ്ക്ക് സ്റ്റേറ്റുകൾക്ക് റിസർവ് ബാങ്ക് ലോൺ കൊടുക്കുന്ന സ്കീം നിലനിൽക്കുന്ന സമയത്താണ് നമ്മൾ അന്താരാഷ്ട്ര മാർക്കറ്റിൽനിന്നും കടമെടുത്തത്. നമുക്ക് ലോൺ കിട്ടുന്നത് കിഫ്ബിയുടെ ഇന്റർനാഷണൽ റേറ്റിംഗിന്റെ അടിസ്ഥാനത്തിലല്ല. സ്റ്റേറ്റിന്റെ സോവറിൻ ഗ്യാരന്റി കൊടുത്താൽ ലോകത്തെവിടെനിന്നും പണം ലഭിക്കും. അദാനിവന്നാലും ബിൽ ഗേറ്റ്സ് വന്നാലും അംബാനിവന്നാലും ഏതൊരു

ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനും ഏറ്റവും വലിയ അട്രാക്ഷൻ എന്ന് പറയുന്നത് സ്റ്റേറ്റിന്റെ സോവറിൻ ഗ്യാരന്റിയാണ്. സ്റ്റേറ്റിന്റെ സോവറിൻ ഗ്യാരന്റിവച്ച് ഇത്രയും വലിയ പലിശയ്ക്ക് പണം എടുത്തതിനെയാണ് എതിർത്തത്. 9.72 ശതമാനം പലിശയ്ക്ക് പണം എടുത്തശേഷം ആറ് ശതമാനത്തിനും ഏഴ് ശതമാനത്തിനും ഇവിടത്തെ ന്യൂ ജനറേഷൻ ബാങ്കിൽ കൊണ്ടുപോയി ഡെപ്പോസിറ്റ് ചെയ്യുകയായിരുന്നു. എന്നിട്ട് ഇപ്പോൾ തിരിച്ചടയ്ക്കാനും തുടങ്ങി. എപ്പോഴും ഒരു കോസ്റ്റ് അനാലിസിസ് ഉണ്ടല്ലോ; ലോൺ എടുക്കുന്നതും എന്തിനുവേണ്ടി ചെലവാക്കുന്നുവെന്നുമുള്ള ഫിനാൻഷ്യൽ ഫിസ്കൽ അനാലിസിസുണ്ട്. ആ അനാലിസിസ് വച്ച് നോക്കു, സംസ്ഥാനത്തിന്റെ എക്സ്ചെക്കറിന്മേൽ കൂടുതൽ ഭാരം കയറ്റിവയ്ക്കുന്ന ഒരു തീരുമാനമാണ്. അതിനെയാണ് ഞങ്ങൾ എതിർത്തത് എന്ന് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇവിടെ ഇന്റർനാഷണൽ റേറ്റല്ല, ആ സമയത്തുണ്ടായിരുന്ന റേറ്റനുസരിച്ച് കോമ്പറ്റിറ്റീവായാണ് പണം കടമെടുത്തത്. ഇൻഡ്യയിലെ ധനകാര്യ സ്ഥാപനങ്ങൾ ചോദിക്കുന്നതിനെക്കാളും കുറഞ്ഞ റേറ്റിൽ തന്നെയാണ് പണം ലഭിച്ചത്.

ഈ അടുത്തകാലത്തായി ആന്ധ്രാ ഗവൺമെന്റ് ഇതുപോലൊരു സ്കീമിൽ പണം കടമെടുത്തിരിക്കുന്നത് 9.26 ശതമാനമല്ല, 10.25 ശതമാനത്തിലധികമാണ്. ഇങ്ങനെയുള്ള കണക്കുകൾ വച്ചുതന്നെയാണ് ഞാൻ പറയുന്നത്. എന്നാൽ അതിനുശേഷം എന്തുകൊണ്ടാണ് ഇന്റർനാഷണൽ റേറ്റിംഗ് എന്ന് ഞാൻ പറഞ്ഞത്. ലോകത്തിൽ തന്നെ അംഗീകൃതമായ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് പോലുള്ള ഒരു ധനകാര്യസ്ഥാപനം റേറ്റ് ചെയ്താൽ മാത്രമെ നമ്മുടെ ബോണ്ട് എടുക്കുകയുള്ളൂ. കടം അന്ന് ബോണ്ടിലാണെടുത്തത്. ഇൻഡ്യയിൽ പ്രസ്തുത ബോണ്ടിനെ റേറ്റ് ചെയ്തപ്പോൾ കിട്ടുന്നതിനേക്കാളും കുറഞ്ഞ പലിശയ്ക്ക് തന്നെ അവിടെനിന്ന് ലഭിച്ചു. ഒരു ഇന്റർനാഷണൽ ഏജൻസിയിൽ നിന്ന് ലഭിച്ചതുകൊണ്ട് നമുക്കൊരു ക്രെഡിറ്റ് വർദ്ധനവുണ്ടെന്നും സ്റ്റെബിലിറ്റിയുണ്ടെന്നും തോന്നുന്നതരത്തിലേയ്ക്ക് ധാരണവന്നതുകൊണ്ട് ഇതിന് ഗുണം ഉണ്ടായിട്ടുണ്ട്. അങ്ങയുടെ പാർട്ടിയുടെയും മുന്നണിയുടെയും ശ്രമഫലമായി കുറച്ച് ഡീസ്റ്റെബിലൈസ് ചെയ്യാനുള്ള ശ്രമം ഉണ്ടാവുകയും വലിയ വിവാദമുണ്ടാകുകയും ചെയ്തു. ആ സമയത്ത് പല ഏജൻസികളും വന്നു, ഹൈക്കോടതി മുമ്പാകെ കേസ് വന്നു. ഇങ്ങനെയുള്ള കുറച്ച്

ബുദ്ധിമുട്ടുകൾ ഉണ്ടായെങ്കിലും ഇപ്പോൾ അതേ ബാങ്കും മറ്റ് ഏജൻസികളും ഇതിന്റെ സ്ഥിതി കണ്ട് കൂടുതൽ സഹായിക്കുന്നുണ്ട്. ഇതിലെ കിഫ്ബിയുടെ മോഡലിനെപ്പറ്റി ഞാൻ ആവർത്തിച്ച് പറയുന്നില്ല. ഒരു വീട് വയ്ക്കുന്നതിന് സർക്കാർ ഉദ്യോഗസ്ഥൻ ലോൺ എടുക്കുന്നതുപോലെ കിഫ്ബിയെ കണ്ടാൽമതി. 30 ലക്ഷം രൂപയുടെ ഒരു വീട് വയ്ക്കണം. അത് 30 വർഷം കഴിഞ്ഞ് ചെയ്യാൻ പോകുന്നതിനെക്കാളും നല്ലത് ഇപ്പോൾ ആ പണം ഉപയോഗിച്ച് വീട് പണിയുന്നതാണ്. കുറച്ച് പണം നമ്മുടെ കയ്യിലുണ്ട്; ബാക്കി തുക സി.സി. അല്ലെങ്കിൽ ഹൗസിംഗ് ലോൺ അടയ്ക്കുന്നതുപോലെ അടയ്ക്കുന്നു. പക്ഷേ അതിന്റെ മാനേജ്മെന്റ് കൃത്യമായിരിക്കണം. ഇതിന്റെ ബാലൻസ് തെറ്റിക്കഴിഞ്ഞാൽ എവിടെയെങ്കിലും പാളിച്ചയുണ്ടാകും. ആ ഒരു മോഡൽ അനുസരിച്ചാണ് ചെയ്യുന്നത്. ആ മോഡൽ അനുസരിച്ച് ഇപ്പോഴുള്ള സ്ഥിതിയിൽ 63,000 കോടിരൂപ എടുത്തിട്ടുണ്ട്. 50,000 കോടി രൂപയാണ് ഒറിജിനൽ പ്രൊപ്പോസൽ, അത് അടച്ച് തീർക്കാൻ പറ്റും. നിങ്ങൾ ഇതിൽനിന്ന് എടുക്കരുതെന്ന തരത്തിൽ ഞാൻ പറയുന്നില്ല. ഈ ഫണ്ട് എല്ലാപേരുക്കും അർഹതപ്പെട്ടതാണ്. കേരളത്തിനകത്ത് വളരെ വ്യക്തമായ മാറ്റങ്ങളുണ്ടാക്കാൻ കിഫ്ബിക്ക് കഴിഞ്ഞിട്ടുണ്ട്. ഇൻവെസ്റ്റ്മെന്റ് മാത്രം

നോക്കുമ്പോൾ നല്ല വ്യത്യാസം വന്നിട്ടുണ്ട്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 78,697 കോടി രൂപ കടമുണ്ടായിരുന്ന സമയത്ത് 29,457 കോടിരൂപയായിരുന്നു ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ്. അത് കടത്തിന്റെ 37 ശതമാനമാണ്. എൽ.ഡി.എഫ്. വന്നപ്പോൾ 1,31,093 കോടി രൂപയുടെ കടമാണ് വർദ്ധിച്ചത്. കേരളത്തിൽ കഴിഞ്ഞ 5 വർഷംകൊണ്ട് കിഫ്ബി ഉൾപ്പെടെ 63,938 കോടി രൂപയുടെ ആസ്തി ഉണ്ടാക്കിയിട്ടുണ്ട്. ഈ കടത്തിന്റെ 49 ശതമാനമാണിത്. കടം വാങ്ങിയ പണം ഇവിടെ ഇൻവെസ്റ്റ് ചെയ്തിട്ടുണ്ട്. ഓരോ സ്ഥലത്തും പറഞ്ഞ നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങളും എല്ലാ മണ്ഡലങ്ങളിലേയും സ്കൂളുകളും കോളേജുകളും റോഡുകളും പുതിയ സൗകര്യങ്ങളും ആശുപത്രികളും ഒക്കെ വന്നിട്ടുണ്ടെന്നുള്ളത് സത്യമാണല്ലോ? അത് കൂടുതൽ മെച്ചപ്പെട്ട തരത്തിൽ എന്തെങ്കിലും മോശപ്പെട്ട പ്രവണതകൾ വരാതെ, അഴിമതിയില്ലാതെ കൃത്യമായ മാനദണ്ഡങ്ങൾ അനുസരിച്ച് മുമ്പോട്ടുകൊണ്ടുപോകുക എന്നുള്ളതാണ് ഏറ്റവും പ്രധാനം. അതിന് പ്രതിപക്ഷം ചൂണ്ടിക്കാണിക്കുന്ന ഏതുവിമർശനവും ഭരണപക്ഷത്തുനിന്നുള്ളവർ ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങളുമെല്ലാം പരിശോധിച്ച് കൃത്യമായി കൊണ്ടുപോകാനാണ്

ഉദ്ദേശിക്കുന്നത്; അതിന് ഞങ്ങൾ ഉണ്ടാകും. കിഫ്ബി എന്ന മോഡൽ മോശമല്ലാത്തതുകൊണ്ടാണല്ലോ, കിഫ്ബിക്ക് എതിരെ ചന്ദ്രഹാസമിളക്കിവന്ന കേന്ദ്ര ഗവൺമെന്റ് തന്നെ ഇന്ത്യയുടെ ഡെവലപ്മെന്റിനെന്നു പറഞ്ഞുകൊണ്ട് നാഷണൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ടിന് 111 ലക്ഷം കോടി രൂപ അനൗൺസ് ചെയ്തിരിക്കുന്നത്. ഇപ്പോൾ ആന്ധ്രയിലും ഇതുപോലെ ഇൻഫ്രാസ്ട്രക്ച്ചറിന്റെ മോഡൽ വന്നിട്ടുണ്ട്. ഇത് നന്നായി കൊണ്ടുപോകുക എന്നുള്ളതാണ് പ്രധാനം; അത് നമുക്ക് കൊണ്ടുപോകാനും കഴിയും. കോവിഡുമായി ബന്ധപ്പെട്ടും മറ്റ് കടങ്ങളെ സംബന്ധിച്ചും കുറെയേറെ ചർച്ചകൾ വന്നു. രാഷ്ട്രീയമായി പറഞ്ഞകാര്യങ്ങളാണ്; അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഇപ്പോഴും കോവിഡ് സംബന്ധിച്ച് ചെയ്യുന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ നിയമസഭയ്ക്കകത്ത് പറയുന്നുണ്ടെങ്കിലും പുറത്തിറങ്ങുമ്പോൾ...

"ഭാരതമെന്ന പേർ കേട്ടാൽ അഭിമാനപൂരിതമാകണം അന്തഃരംഗം

കേരളമെന്നു കേട്ടാലോ തിളയ്ക്കണം ചോര നമുക്കു ഞരമ്പുകളിൽ"

എന്നു പറയുന്നതുപോലെ, ഇവിടെനിന്ന് പുറത്തിറങ്ങിയാൽ ഞങ്ങൾ

അന്തസ്സോടുകൂടി ചെയ്യും എന്നുപറയുന്നവരായിക്കും. അതിന് ഒരു സംശയവുമില്ല. കേരളത്തിലെ ഒരു ചെറുപ്പക്കാരനെ ഹോക്കിയുടെ ഗോൾ പോസ്റ്റിൽ നിന്ന് ഗോൾ ഡിഫന്റ് ചെയ്യാൻ കഴിഞ്ഞുവെന്ന് പറയുന്നതുപോലെ കേരളം കോവിഡിനെ നേരിടാൻ ഏറ്റവും തന്റേടത്തോടുകൂടി പ്രവർത്തിച്ചുവെന്ന് നിങ്ങളും പറയുമെന്നറിയാം. രാഷ്ട്രീയമായി ഇവിടെ പറഞ്ഞോളൂ, അതിന് കുഴപ്പമില്ല. കേരളത്തിന് ഒരു മോഡൽ ഉണ്ട്. ആ മോഡൽ പബ്ലിക് ഫൈനാൻസിന്റെ പല പരീക്ഷണങ്ങളും നടത്തേണ്ട പുതിയ ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ബഡ്ജറ്റിനെ സംബന്ധിച്ച് ഇക്കണോമിക്സ് അദ്ധ്യാപകരൊക്കെ സംസാരിച്ചു. ഇത് വളരെ നിർണ്ണായകമായ സമയമാണ്. കേരളത്തിന്റെയും ഇന്ത്യയുടെയും ആരോഗ്യത്തിന് വലിയ പ്രശ്നമുണ്ട്. ആ പ്രശ്നം നേരിടാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. നമ്മൾ ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾ മുന്നോട്ട് പോകുന്നില്ല. കേന്ദ്ര ഗവൺമെന്റിന് വാക്സിൻ വേണ്ടത്ര ഉപയോഗിക്കാൻ കഴിയുന്നില്ല. പല സ്റ്റേറ്റിലേയ്ക്കും കൊണ്ടുപോകുന്നില്ല. സീറോ വേസ്റ്റേജ് ഉള്ള സംസ്ഥാനമെന്ന നിലയിൽ വാക്സിൻ കൊമേഴ്സ്യൽ റേറ്റിലല്ലാതെ ലഭിക്കുമെങ്കിൽ കുറച്ചുകൂടി ഫാസ്റ്റായി കാര്യങ്ങളെ നേരിടാം.

അങ്ങനെ ചെയ്യുന്ന ഒരു സ്റ്റേറ്റിൽ ആളുകളുടെ കയ്യിലേയ്ക്ക് പണം എത്തിക്കുന്ന കാര്യം യു.ഡി.എഫ്. എം.എൽ.എ.-മാർ ആവർത്തിച്ച് പറയുന്നു. ടാക്സിന്റെ കാര്യത്തിൽ യാതൊരു സംശയവും വേണ്ട, നമുക്ക് വരുമാനക്കുറവുണ്ട്. എന്നാൽ ലേറ്റസ്റ്റ് ട്രെന്റ് അനുസരിച്ച് പതുക്കെ റിക്കവറിയുടെ സ്വഭാവം കാണിക്കുന്നുണ്ട്. 2019-20-ലെ അവസാനത്തെ ക്വാർട്ടറിൽ ജി.എസ്.ടി.-യുടെ ടോട്ടൽ കളക്ഷൻ 4908 ആയിരുന്നത് 2020-21-ലെ ആദ്യത്തെ ക്വാർട്ടറിൽ 2142 ആയി കുറഞ്ഞു. 2020-21-ലെ മൂന്നാമത്തെയും നാലാമത്തെയും ക്വാർട്ടറുകളിൽ കുറച്ചുകൂടി ഇംപ്രൂവ് ചെയ്തുവരുന്നുണ്ട്. അതിന്റെ കണക്ക് 5300 ആയി വരുന്നുണ്ട്. ഇനിയും കോവിഡിന്റെ അപകടകരമായ അവസ്ഥ വന്നില്ലെങ്കിൽ പടിച്ചുനിന്ന് പോകാൻ കഴിയും. കഴിഞ്ഞ അഞ്ച് എട്ട് വർഷമായി stagnation മാത്രമല്ല, കഴിഞ്ഞ രണ്ട് വർഷമായി താഴോട്ടാണ്. 56,000 കോടി രൂപ ഉണ്ടായിരുന്ന സ്ഥാനത്ത് 47,000 കോടി രൂപ എന്ന സ്ഥിതിയിലേയ്ക്ക് വരികയാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് സംസാരിച്ചപ്പോൾ പറഞ്ഞത് രാജ്യങ്ങളുടെ ഗവൺമെന്റുകൾ അവരുടെ സാമ്പത്തികഭാരം താങ്ങാൻ പറ്റാതെ, കടമെടുക്കുന്നതിന്റ് ലിമിറ്റ് കഴിഞ്ഞ് കൊഴിഞ്ഞുവീണ ഗ്രീസിലേയും ഐസ്‌ലാന്റിലേയും..... ആ

ഭരണകൂടങ്ങൾ പോയി. യൂറോപ്യൻ യൂണിയൻ വന്നതിനുശേഷം ആ സംവിധാനം തന്നെ പോയി. അവിടത്തെ തൊഴിലാളികളെയും സർക്കാർ ജീവനക്കാരെയും എല്ലാം പിരിച്ചുവിടേണ്ടിവന്നു. അവരുടെ എല്ലാത്തരം വരുമാനങ്ങളും ഇല്ലാതായി. അത്തരത്തിലുള്ള സാമ്പത്തിക സ്ഥിതിയിലേയ്ക്ക് ലോകത്തെ എത്തിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇതിനെയൊക്കെ നേരിട്ടുകൊണ്ട് പരമാവധി കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുകയാണ്. ഇവിടെ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുക എന്നുള്ളതാണ് വിഷയം. സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്ന ബില്ലിനെ എതിർത്ത് വോട്ട് ചെയ്യേണ്ട കാര്യംപോലുമില്ല. ഇത് സബ്ജക്ട് കമ്മിറ്റി മുമ്പാകെ ചർച്ച ചെയ്തശേഷം ഇത് വീണ്ടും അടുത്തയാഴ്ച ചർച്ച ചെയ്ത് അംഗീകരിക്കണം. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാനുള്ള പ്രമേയം എല്ലാവരുംകൂടി അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>2021-ലെ കേരള ധനകാര്യ ബിൽ</u>

<u>മി. സ്പീക്കർ</u>: ശ്രീമതി ദെലീമ, അങ്ങയുടെ 2(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീമതി ദെലീമ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീമതി ദെലീമ അവതരിപ്പിച്ച 2(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ, അങ്ങയുടെ 3(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 3(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുമായി സംയുക്തമായി പരിഗണിക്കുന്നതിലേയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന് അയയ്ക്കണമെന്ന പ്രമേയത്ത

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

മി. സ്പീക്കർ: ശ്രീ. ജി. എസ്. ജയലാൽ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജി. എസ്. ജയലാൽ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-മായി സംയുക്തമായി പരിഗണിക്കുന്നതിലേയ്ക്കായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന് അയയ്ക്കണമെന്ന പ്രമേയത്ത

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ...... ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ആഗസ്റ്റ് മാസം 06-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.22-ന് പിരിഞ്ഞു.)

*********